2010
മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഔദ്യോഗിക മുഖപത്രം

# മലങ്കരസഭ

ഡിസംബർ
M A L A N K A R A S A B H A
Rs. 15



ക്രിസ്തുമസ് ആശംസകൾ










**ഭോപ്പാൽ ദുരന്ത സ്മരണ (ഡിസം. 3)**
**വിരൽ ചൂണ്ടുന്നത്**
**എൻഡോസൾഫാനിലേക്ക്**

## നിലയ്ക്കുന്നില്ല

# ഇരകൾ




പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ
ബാവായുടെ 47 –ാം ഓർമ്മപെരുന്നാൾ
കുറിച്ചി വലിയ പള്ളിയിൽ
പള്ളിമേട
മ്യൂസിയം
2011 ജനുവരി 1, 2 തീയതികളിൽ
പ. പൗലോസ് ദ്വിതീയൻ കാതോലിക്കാ
ബാവായുടെ മുഖ്യ കാർമികത്വത്തിൽ

ലക്കം 12,
പുസ്തകം 67
ഡിസംബർ 2010



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഔദ്യോഗിക മുഖപത്രം

# മലങ്കരസഭ

ദേവലോകം, കോട്ടയം -38. ഫോൺ: 0481 - 2573234
Fax : +91 481 2573234

CONTENTS

## അകത്താളുകൾ

ദുരന്തങ്ങൾ
8 ഭോപ്പാൽ– കാസർകോട്....
*-ഷീജാ തങ്കച്ചൻ*

നമ്മിലൊരാൾ
24 ശ്രീ. ഉമ്മൻ ചാണ്ടി

പ്രസംഗം
11 അങ്ങയുടെ വയലിൽ...
*ഫാ. ഡോ. കെ. എം. ജോർജ്*

6 എഡിറ്റോറിയൽ
ഇനിയും പഠിക്കേണ്ട പാഠങ്ങൾ
*- ഡോ. സഖറിയ മാർ അപ്രേം*

5 മഹാപുരോഹിത സന്ദേശം

16 Weeping woman
സ്ത്രീയേ നീ കരയുന്നതെന്നത്
രോഹിണി വർഗസ്, തിരുവല്ല

19 One True God
ആരാധനയുടെ ആഴങ്ങൾ
- അഡ്വ. റോബിൻ ഏബ്രഹാം

36 വനിതാ സഭ
ആ ധനുമാസ രാവ്
- പ്രൊഫ. മേരി കുര്യൻ

29 Guest
തീർത്ഥാടനത്തിന്റെ ദൈവശാസ്ത്രം
- ജോസഫ് ബർന്നബാസ് എപ്പിസ്ക്കോപ്പാ

44 Against Alcohol
'മൃത്യു പാനം'
ഫാ. സാമുവേൽ ജോൺ തേവത്തുമണ്ണിൽ

10 യുവജന പംക്തി
- ഫാ. വിൽസൺ മാത്യു

*സ്ഥിരം പംക്തികൾ*
ധ്യാനപംക്തി, ബൈബിൾ പദപ്രശ്നം, ബുദ്ധിമാൻ,
സമ്യഗ് ദർശനം, വാർത്തകൾ, സൺഡേസ്ക്കൂൾ വാർത്തകൾ



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഔദ്യോഗിക മുഖപത്രം

# മലങ്കരസഭ

EDITORIAL BOARD

*പ്രസിഡന്റ്*
**സഖറിയ മാർ അന്തോനിയോസ്**
Phone: 0474 - 2743535

*ചീഫ് എഡിറ്റർ*
**ഡോ. സഖറിയ മാർ അപ്രേം**
Phone: 0481- 2578500, 2578499

*മാനേജിംഗ് എഡിറ്റർ*
**ഫാ.റ്റി.എ. ഇടയാടി**
Mob:- 9447300908

*സബ് എഡിറ്റർ*
**ഫാ. തോമസ് പി. മുകളിൽ**
Mob:- 9447421948

*ഓഫീസ് മാനേജർ*
**ഫാ. അലക്സി മാത്യൂസ്**
Mob:- 9946668911

*അംഗങ്ങൾ*
**ഫാ. ഡോ. റ്റി.ജെ. ജോഷ്വ**
**ഫാ. ഡോ. ജേക്കബ് കുര്യൻ**
**ഫാ. കെ. റ്റി. ഫിലിപ്പ്, എറണാകുളം**
**ഡോ. ജോർജ്ജ് ജോസഫ്**
(അസ്സോസിയേഷൻ സെക്രട്ടറി)
**അഡ്വ. പി.സി. മാത്യു പുലിക്കോട്ടിൽ**
**പ്രൊഫ. മേരി കുര്യൻ**
**പ്രൊഫ. മേരി മാത്യു**

*Cover Design & Layout:-*
Jinto Kurichy at
**M.S. Graphics, Devalokam.**

**വരിസംഖ്യ**

| | |
|---|---|
| **ഇന്ത്യയിൽ** | |
| ഒറ്റപ്രതി | : 15 രൂപ |
| ഒരുവർഷം | : 125 രൂപ |
| 4 വർഷം | : 500 രൂപ |
| 12 വർഷം (ആയുഷ്ക്കാലം) | : 1250 രൂപ |
| **വിദേശത്തേക്ക്** | |
| ഒരു വർഷം | : 1500 രൂപ |

## ലളിതം മധുരം

**സഖറിയാ മാർ അന്തോനിയോസ്**
(പ്രസിഡന്റ്, മലങ്കരസഭ)



# പരിചരണം

**അ**ക്ബർ ചക്രവർത്തിയും ബീർബലും നായാട്ടിനിടെ വനത്തിൽ വിശ്രമിക്കുന്നു.

ഗർഭിണിയായ ഒരു സ്ത്രീ പരിഭ്രാന്തയായി നടന്നു വരുന്നു. അവിടെ നില്ക്കുന്നവരെ കണ്ടില്ലെന്നു തോന്നുന്നു. അവൾ ഒരു കുറ്റിക്കാട്ടിലേക്കു കയറി... ഒരല്പ സമയം കഴിഞ്ഞപ്പോൾ ഒരു പിള്ളക്കരച്ചിൽ കേട്ടു.... ളേള... ളേള... ളേള.....

ഒരു പിഞ്ചു കുഞ്ഞുമായി അവളിറങ്ങി വന്ന വഴിയേ മുൻപോട്ടു പോയി....

അക്ബറിന് അത്യാശ്ചര്യം... മടങ്ങി കൊട്ടാരത്തിലെത്തി ഒരുഗ്രൻ കല്പന, ഇനി മുതൽ അന്തപുരത്തിലാർക്കും പ്രസവരക്ഷ വേണ്ട... എല്ലാം സ്വാഭാവികമായി നടക്കട്ടെ....

അന്തപ്പുര വാസികൾ പരിഭ്രമിച്ചു. മഹാറാണി ബീർബലിന്റെ, സഹായം തേടി.... ബീർബൽ പതിയെ തലകുലുക്കി.

ബീർബൽ പൂന്തോട്ടക്കാരനെ വിളിച്ചുവരുത്തി... ഇനി മേൽ നീ ചെടി നനയ്ക്കേണ്ട...

പ്രഭോ അത് അയാൾ തലചൊറിഞ്ഞു...

ഇതെന്റെ കല്പനയാണ്... ബീർബൽ പറഞ്ഞു നിർത്തി.

മൂന്നു നാലു ദിവസം വെള്ളം നനയ്ക്കാതിരുന്നപ്പോൾ ചെടികൾ വാടിത്തുടങ്ങി, പൂക്കൾ തലകുനിച്ചു... മനോഹര ഉദ്യാനം നിറം കെട്ടു.

നടക്കാനിറങ്ങിയ മഹാരാജാവ് ഈ കാഴ്ചകണ്ട് കോപിഷ്ടനായി.

ആരവിടെ....

ആദ്യം തോട്ടക്കാരനും... അയാളുടെ വിശദീകരണത്തിനു പിറകെ  ബീർബലും എത്തി....

എന്താണു ബീർബൽ... രാജാവ് ഉത്ക്കണ്ഠാകുലനായി...

രാജാവേ കാടും വനത്തിനുള്ളിൽ ഗർഭിണിയായ സ്ത്രീ പ്രസവിക്കുമ്പോൾ അവിടെ മറ്റു ചില കാഴ്ചകൾ കൂടി ഉണ്ടായിരുന്നു. വൻ മരങ്ങൾ കുറ്റിക്കാടുകൾ... അതൊന്നും പരിചരണമില്ലാതെ വളർന്ന ജൈവ വൈവിധ്യമാണ്...

കൊട്ടാരത്തിലെ അന്തരീക്ഷം അങ്ങനെയല്ല... പരിചരണം അനിവാര്യമായ സസ്യങ്ങളാണ്. പ്രകൃതിയിൽ ചിലതിന് കൂടുതൽ ശ്രദ്ധയും, മറ്റു ചിലതിന് അല്പ ശ്രദ്ധയും സ്വഭാവികമാണ്...

ചക്രവർത്തി ആലോചനയുടെ ആഴങ്ങളിലേക്ക് വീണു...

മണ്ണറിഞ്ഞ് വിത്തിടണം എന്ന ചൊല്ല് മറക്കേണ്ടാ, ഓരോന്നിനും അതിന്റേതായ സാഹചര്യങ്ങളാണുള്ളത്. ചക്രവർത്തിയുടെ കല്പനപോലും ഉചിതമാകണമെന്നു സാരം. ■

# മഹാപുരോഹിത സന്ദേശം



വാത്സല്യ മക്കളെ,

21-ാം നൂറ്റാണ്ടിലെ ആദ്യ ദശകത്തിന്റെ അവസാന പാദത്തിൽ കാലചക്രം എത്തിനിൽക്കുന്നു. നമ്മുടെ ജീവിത വഴികളിൽ ഇതുവരെയും അനസ്യൂതമായി നാം അനുഭവിച്ചറിഞ്ഞ ദൈവിക കൃപകളെ നന്ദിയോടെ സ്മരിച്ചു കൊണ്ട് വിശുദ്ധിയോടുകൂടി ദൈവ സന്നിധിയിൽ നമ്മെത്തന്നെ സമർപ്പിക്കുവാൻ നമുക്ക് കഴിയണം. വ്യക്തികളായും സമൂഹമായും സഭയായും നമ്മെ ഗ്രസിച്ചിരിക്കുന്ന അന്ധകാരത്തിന്റെ അനുഭവങ്ങളെ ക്രിസ്തുവുമായുള്ള ബന്ധത്തിൽ പ്രകാശത്തിന്റെയും നന്മയുടെയും അനുഭവങ്ങളായി രൂപാന്തരപ്പെടുത്തുവാൻ നമുക്ക് സാധിക്കുമ്പോൾ മാത്രമേ ദൈവരാജ്യ നിർമ്മിതിയിൽ ഫലപ്രദമായി പങ്കുചേരുവാൻ നമുക്ക് കഴിയുകയുള്ളൂ. നമ്മുടെ സാമൂഹികവും മതപരവുമായ മേഖലകൾ ഇന്ന് വളരെയേറെ മലീമസമായിക്കാണപ്പെടുന്നതിന് പ്രധാനമായും നാല് കാരണങ്ങൾ നാം കാണുന്നു. **1. അധികാരമോഹം 2. അച്ചടക്കരാഹിത്യം 3. അഭിപ്രായഭിന്നത 4. ആത്മീയ ജീർണ്ണത.**

അർഹതയില്ലാത്തവർ അധികാരസ്ഥാനങ്ങളിലേക്ക് എത്തുവാൻ വേണ്ടി സ്വീകരിക്കുന്ന അധാർമ്മിക മാർഗ്ഗങ്ങളും അധികാരത്തിലിരിക്കുന്നവർ അവരുടെ അധികാരം അനീതിയായി ഉപയോഗിക്കുന്ന സമകാലിക യാഥാർത്ഥ്യങ്ങളും കാണുമ്പോഴാണ് നമ്മുടെ സമൂഹത്തിന്റെ ധാർമ്മിക അധഃപതനത്തിന്റെ ആഴം നമുക്ക് മനസ്സിലാകുന്നത്. ജീവിതത്തിന്റെ സമസ്ത തലങ്ങളിലും ദൃശ്യമാകുന്ന അച്ചടക്ക രാഹിത്യം നമ്മുടെ നവ സമൂഹനിർമ്മാണ പ്രക്രിയയിൽ വലിയ വിള്ളലുകളാണ് സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്. ഏകാഭിപ്രായത്തോടും ഏക മനസ്സോടുംകൂടെ പ. സഭയുടെയും സമൂഹത്തിന്റെയും പുരോഗതിയെക്കുറിച്ച് ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യേണ്ട വ്യക്തികളുടെ ഇടയിൽ അഭിപ്രായഭിന്നത രൂക്ഷമാകുന്നത് ഒട്ടും ശുഭകരമല്ലാത്ത ഒരു വസ്തുതയായി നമുക്ക് ബോധ്യമാകേണ്ടതുണ്ട്. സമസ്ത മേഖലകളിലുമുള്ള ഈ ധാർമ്മിക മൂല്യശോഷണത്തിന്റെ പ്രധാന കാരണം നമ്മുടെ ജീവിതങ്ങളിൽ സംഭവിച്ച ആത്മീയ ജീർണ്ണതയാണെന്ന തിരിച്ചറിവാണ് നമുക്ക് ഇന്ന് അവശ്യം വേണ്ടിയിരിക്കുന്നത്.

ശരീരത്തിനും ആത്മാവിനും പാപത്തിന്റെ ജീർണ്ണത ബാധിച്ച മാനവരാശിയെ സ്വന്തം രക്തം നൽകി വീണ്ടെടുക്കാൻ വന്നുപിറന്ന മശിഹാ തമ്പുരാന്റെ രക്ഷാകരമായ മനുഷ്യാവതാരത്തെ വരവേൽക്കുവാൻ നാം പ്രാർത്ഥനാപൂർവ്വം ഒരുങ്ങുന്ന ഈ വേളയിൽ ''ദൈവമേ ഞങ്ങളുടെ ജീർണ്ണത ബാധിച്ച ശരീരാത്മ മനസ്സുകൾക്ക് നിന്നിലുള്ള സമൃദ്ധമായ ജീവന്റെ പുതുമ നൽകി പരിശുദ്ധാത്മാവിൽ ഞങ്ങളെ ബലപ്പെടുത്തുകയും ദൈവ പ്രസാദമുള്ള മനുഷ്യർക്ക് അവിടുന്ന് വാഗ്ദാനം ചെയ്ത സമാധാനത്താൽ ഞങ്ങളുടെ ഹൃദയങ്ങളെ നിറയ്ക്കുകയും ചെയ്യണമെ'' എന്ന് നമുക്ക് പ്രാർത്ഥിക്കാം.



**ബസ്സേലിയോസ് മാർത്തോമാ പൗലോസ് ദ്വിതീയൻ**



from the DESK

എഡിറ്റോറിയൽ

Editorial

# ഇനിയും പഠിക്കേണ്ട പാഠങ്ങൾ

പഠിക്കേണ്ട പാഠങ്ങൾ പഠിച്ചിട്ടില്ലാത്ത പണ്ഡിതർ ഏറെയാണ് സമൂഹത്തിൽ! വ്യക്തിത്വവികാസവും സംസ്കരണവുമാണ് വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യമെന്ന്, ആദ്യാക്ഷരം കുറിച്ച ദിനം മുതൽ കേട്ടു മടുത്തതുകൊണ്ടാവാം ഉയർന്ന അക്കാദമിക് ബിരുദങ്ങൾ സമ്പാദിച്ചവരും മത-സംസ്കാരിക-സാമൂഹിക തലങ്ങളിൽ ശ്രദ്ധിക്കപ്പെട്ടവരുമായ വ്യക്തികൾക്കുപോലും ഈ ലക്ഷ്യം കൈവരിക്കുവാൻ സാധിക്കാതെ വരുന്നത്. വിജ്ഞാനം വിടർന്ന കണ്ണുകൾ പോലെയാകണം; തടസ്സങ്ങൾ കൂടാതെ പരിസരങ്ങളെ നോക്കിക്കാണുവാൻ ഇടയാകണം; സങ്കുചിതത്വത്തിന്റെ നിഴലുകൾ നീങ്ങുമ്പോഴാണ് അന്തരംഗം നിർമ്മലമാകുന്നതും ബോധം സ്വതന്ത്രമാകുന്നതും. ഇത് കേവലം അറിവുനേടലല്ല, അന്തരാത്മാവിന്റെ പ്രകാശനമാണ്. അന്തരംഗത്തിൽ ഈ പ്രകാശനം സാധ്യമല്ലാതെ വരുമ്പോൾ ബോധം ഇരുട്ടിന്റെ പിടിയിലാകുകയും കണ്ണുകളുടെ തെളിച്ചം മങ്ങുകയും ചെയ്യും. അത്യന്തികഫലമോ ചുറ്റുപാടുകളിലെങ്ങും സത്യമോ സൗന്ദര്യമോ കാണുവാനും അനുഭവിച്ചറിയുവാനും കഴിയാതെ മനസ്സ് വികൃതമായി തീരുകയും ചെയ്യുന്നു. ഈ വൈകൃതം, ബോധപൂർവ്വമല്ലാതെ തന്നെ, സമകാലീന സംഭവങ്ങളെ വിലയിരുത്തുന്നതിലും, പുനർവായനയ്ക്ക് വിധേയമാക്കുന്നതിലും ദു:സ്വാധീനങ്ങൾ ചെലുത്തും. പ്രത്യേകിച്ച് സമകാലീന സംഭവങ്ങളെ മുൻകാല ചരിത്രസംഭവങ്ങളുമായി കോർത്തിണക്കി വിലയിരുത്തുമ്പോൾ! നമ്മിൽ പലർക്കും സംഭവിച്ചിരിക്കുന്ന അപചയം ആത്മാവിന്റെ പ്രകാശനം കൂടാതെ നമ്മുടെ കാലഘട്ടങ്ങളെയും, സംഭവങ്ങളെയും നോക്കിക്കാണുന്നു എന്നതാണ്. ബുദ്ധിജീവികൾ എന്നവകാശപ്പെടുന്ന പലരും ചരിത്രപരമായ പല സത്യങ്ങളും വ്യാഖ്യാനിക്കുന്നതു കാണുകയും കേൾക്കുകയും ചെയ്യുമ്പോൾ പ്രകാശമില്ലാത്ത ആത്മാവിന്റെ കാഴ്ചപ്പാടുകളാണല്ലോ ഇത് എന്ന് തോന്നാറുണ്ട്. പ. കാതോലിക്കാ ബവായുടെ സ്ഥാനാരോഹണം സംബന്ധിച്ച ചില പ്രതികരണങ്ങൾ വായിച്ചപ്പോഴും ഇതേ ചിന്തയാണ് മനസ്സിലുയർന്നത്.

ആദ്ധ്യാത്മികത ഒരുതരം സൗഗന്ധികമാണ്; ചുറ്റുപാടുകൾക്ക് നറുമണം പകരുന്ന സൗഗന്ധികം. മൃദുവായ ഒരു തലോടൽപോലെ ഹൃദ്യവും സുഖകരവുമായ ഒരു അനുഭൂതിയാണത്; ആദ്ധ്യാത്മികതയ്ക്ക് ഉറവയുടെ ഭാവമാണ്; ശാന്തമായി തീരങ്ങളെ തലോടി ഊഷരഭൂമിയെ ഉർവ്വരമാക്കി തീർക്കുന്നതാണത്. കൊടുങ്കാറ്റിലും അഗ്നിയിലും പ്രത്യക്ഷമാകാതെ ശാന്തമായ മധുരസ്വരത്തിൽ വെളിവാകുന്ന സ്വസ്ഥതയാണത്. ആദ്ധ്യാത്മികതയെ അതികഠിനമായ വ്രതാനുഷ്ഠാനങ്ങൾ മാത്രമായി ചുരുക്കുന്ന പരീശബോധവും, കേവലം വൈകാരികവും, ഉന്മാദകരവുമായ അനുഭവമായി ചിത്രീകരിക്കുന്ന കരിസ്മാറ്റിക് ബോധവും ഒരുപോലെ അപകടകരമാണ്. നൈർമ്മല്യമാണ് ആദ്ധ്യാത്മികതയുടെ ഭാവം. ചിട്ടവട്ടങ്ങളിലും, സംസർഗ്ഗങ്ങളിലും, പെരുമാറ്റങ്ങളിലും നിർമ്മലത തുളുമ്പുന്ന ലാളിത്യമാണ് ആദ്ധ്യാത്മികതയുടെ സൗരഭ്യവും സൗന്ദര്യവും. ഈ ലാളിത്യവും നൈർമ്മല്യവും തുളുമ്പുന്നതായിരുന്നു യേശുവിന്റെ ഉപമകളിലൂന്നിയ സംഭാഷണ ശൈലി. ആദ്ധ്യാത്മികതയുടെ ഈ സുഗന്ധഭാവം ഇനിയും നാം പഠിക്കേണ്ടിയിരിക്കുന്നു.


പൊതു നന്മ (Common Wealth or Common Good) ഇന്ന് പരക്കെ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു; സ്വാർത്ഥമോഹങ്ങൾക്കുവേണ്ടി പൊതു നന്മയ്ക്ക് തുരങ്കം വയ്ക്കുന്നതു മുതൽ കോടികളുടെ സമ്പാദനത്തിനായി രാജ്യനന്മയെ തകർത്തുകളയുന്ന രാഷ്ട്രീയഭരണാധികളുടെ അഴിമതിക്കഥകൾ വരെ ഇന്ന് പലർക്കും 'സ്വഭാവിക' ശൈലികൾ പോലെ തഴക്കമുള്ളതായി തീർന്നിരിക്കുന്നു. രാജ്യനന്മയെന്നോ, പൊതുനന്മയെന്നോ ഉള്ള സംജ്ഞകൾ നമുക്ക് കൈമോശം വന്നിരിക്കുന്നു. സ്വാർത്ഥതയിലൂന്നിയ ആദ്ധ്യാത്മികതയും, ഭൗതികതയും ഇന്ന് അതിശക്തമായിരിക്കുന്നു. സഭയുടെ പൊതുനന്മയേക്കാൾ സ്വാർത്ഥമോഹങ്ങളുടെ സംരക്ഷണമാണ് പൗരോഹിത്യ ശ്രേണിയിലും അൽമായ സമൂഹത്തിലുമൊക്കെ ഒളിഞ്ഞും തെളിഞ്ഞും പ്രകടമാകുന്നത്. ഒരുപാട് പഠിച്ചിട്ടും പഠിക്കാത്ത പാഠങ്ങളായി ഇതിന്നുമവശേഷിക്കുന്നു.

ഈ പാഠങ്ങൾ പഠിക്കാനിനിയും മറ്റൊരു നക്ഷത്രം ആവശ്യമാണോ? ബേതലഹേമിൽ, പുൽമെത്തയിൽ, മാതാപിതാക്കളോടും, ആടുമാടുകളോടും, മാലാഖമാരോടും, ആട്ടിടയന്മാരോടുമൊപ്പം കണ്ട ആ ദിവ്യനക്ഷത്രം ഇനിയും പഠിക്കാത്ത പാഠങ്ങൾ ഗ്രഹിക്കുവാൻ വെളിച്ചം പകരട്ടെ! പ്രിയ വായനക്കാർക്ക് പ്രകാശപൂർണ്ണമായ ക്രിസ്തുമസ് ആശംസകൾ.

**ഡോ. സഖറിയാസ് അപ്രേം മെത്രാപ്പോലീത്താ**

EDITORIAL

ഗുരുമൊഴി



**പൊള്ളയായ കാര്യങ്ങൾ സംസാരിക്കുന്നതിനേക്കാൾ മേന്മ വെറുതെയിരിക്കുന്ന ഒരു കല്ല് എടുത്തുമാറ്റുന്നതാണ്. നമ്മിലെ തിൻമ വികാരങ്ങളെ അധീനപ്പെടുത്തുന്നതിനേക്കാൾ എളുപ്പം, കിരാതന്മാരെ മര്യാദ പഠിക്കുകയാണ്.**
**എന്താണോ സത്യമായിട്ടുള്ളത് അതു മാത്രം സംസാരിക്കുക എവിടെയാണോ നീതിയായിട്ടുള്ളത് അത് എടുത്ത് പറയണം ഏതൊന്നിന്റെ യഥാർത്ഥ സ്ഥിതി മറച്ചു വയ്ക്കരുത്. ഇങ്ങനെയുള്ള കാര്യങ്ങൾ നമ്മൾ അശ്രദ്ധയോടെ കേൾക്കുകയുമരുത്.**

*– അബ്ബാ മക്കാറിയോസ്.*

ഷീജാ തങ്കച്ചൻ

# ഭോപ്പാൽ – കാസർകോട് ചുരുങ്ങുന്ന ദൈവരാജ്യം

**എൻഡോസൾഫാനിലൂടെ മറ്റൊരു ഭോപ്പാലാകുമോ കേരളത്തിലെ കാസർകോട് എന്ന സ്വർഗ ഗ്രാമം**

മഴയുടെ സീൽക്കാരങ്ങളും, സ്പർശങ്ങളും, മേളങ്ങളും പോയകാലത്തിന്റെ നിലവറയിൽ ഇപ്പോഴും ബാക്കികിടപ്പുണ്ട്. പെയ്തകന്നുപോയ കാലവർഷങ്ങളുടെ ശബ്ദങ്ങൾക്കിടയിൽ പ്രിയപ്പെട്ടവരുടെ പതറിയ വാക്കുകളും അവർ വേറിട്ടു കേൾക്കുന്നു. ചെവിയടയ്ക്കുകയും തുറക്കുകയും ചെയ്ത് മഴയുടെ ഘോഷം കേട്ട കാലം എത്ര അകലെയാണ് ഭോപ്പാൽ ദുരന്ത ബാധിതർക്ക്. ഇന്ത്യൻ ജുഡീഷ്യൽ സംവിധാനത്തിന്റെ മുമ്പിൽ ജീവിക്കുന്ന രക്തസാക്ഷികളായി ഇവർ നിലകൊള്ളുന്നു. സുഖലോകത്തിന്റെ ഓർമ്മകളിൽ ഇവർ തങ്ങിനിന്നേക്കില്ല, അവർ ചരിത്രത്തിന്റെ പുറമ്പോക്കുകളിൽ പോലും ഇടം കിട്ടാതെ പോകുന്നു. ലോകത്തെ രൂപപ്പെടുത്തുകയും ജ്വലിപ്പിച്ചു നിർത്തുകയും ചെയ്യേണ്ട ഇവർ ഇങ്ങനെയാകുമ്പോൾ എങ്ങനെ യാണ് ഇന്ത്യ തിളങ്ങുന്നത്.



മധ്യപ്രദേശിലെ ഭോപ്പാൽ നഗരത്തിൽ 1984 ഡിസം 2 രാത്രി പത്തര കഴിഞ്ഞ്. മണ്ണിലും, വിണ്ണിലും വിഷം കലർത്തി യൂനിയൻ കാർബൈഡ് ഒരു പ്രേതത്തെപ്പോലെ ഏവരെയും സമീപിച്ചു. ഒരു പ്രേതഭവനം പോലെ ഇപ്പോഴും നിലകൊള്ളുന്നു അമേരിക്കൻ ബഹുരാഷ്ട്ര കമ്പനിയുടേതായിരുന്ന അപകടം വിതച്ച ഫാക്ടറി. 1969 ലാണ് ഭോപ്പാലിൽ പ്രവർത്തനം തുടങ്ങിയത്. അപകട സാധ്യത സംബന്ധിച്ച് വിദഗ്ധർ പലകുറി മുന്നറിയിപ്പു നൽകിയിരുന്നു. ഒന്നും കമ്പനി ചുമതലക്കാർ ശ്രദ്ധിച്ചില്ല. ഫലമോ ഏറ്റവും വലിയ വ്യവസായിക ദുരന്തത്തിന് ചരിത്രം സാക്ഷിയായി. ഡിസം. 3–ന് സൂര്യൻ പോലും എത്തിനോക്കാൻ വൈകിയ ചുടലപ്പറമ്പായ ഭോപ്പാലിൽ ഡിസംബർ നാലിന് വൈകുന്നേരമാണ് വാളണ്ടിയർ ഡോക്ടർമാർ ആ പ്രദേശത്തെ വീടുകളിൽ വന്നത്. അപ്പോഴാണ് അവർക്കൊക്കെ ആദ്യമായി ചികിൽസ ലഭിച്ചത്.

(ഭോപ്പാൽ ദുരന്തത്തിൽ നിന്നും രക്ഷപെട്ട് ആരോഗ്യ പ്രവർത്തകയായി മാറിയ അസീസിയ സുൽത്താനയുടെ ലേഖന



**ഇരുപത്തയ്യായിരത്തിൽ പരം മനുഷ്യജീവന്റെ വില, ഒരു ലക്ഷം പേരുടെ നിത്യ ദുരിതത്തിന്റെ വേദന, തലമുറകളിലൂടെ ഒഴുകുന്ന വൈകല്യത്തിന്റെ അണുക്കൾ, ഇതിനെല്ലാം ആര് ഉത്തരം കൊടുക്കും.**

ത്തിൽ നിന്നും...)

25,000ൽ പരം പരലോകം പൂകി, 1,80,000 പേർ ചികിത്സയ്ക്ക് എത്തിയവർ. 80,00,000 ത്തിൽ പരം നഗര ജനസംഖ്യ. യൂനിയൻ കാർബൈഡ് എന്ന കീടനാശിനി നിർമ്മാണ ഫാക്ടറിയുടെ മുന്നിലുള്ളതോ ജനങ്ങൾ തിങ്ങിപാർക്കുന്ന ജെ. പി. കോളനി.

### നിയമം ആർക്ക് വേണ്ടി

25 വർഷങ്ങൾക്ക് ശേഷം വന്ന വിധി ഒന്ന് മനസിലാക്കി തരുന്നു. രാജ്യത്തെ സാധാരണക്കാർക്ക് ഇതൊരു മുന്നറിയിപ്പുകൂടിയാണ്. അവർക്കെന്തെങ്കിലും അപകടം സംഭവിക്കുമ്പോൾ ജുഡീഷ്യറി പോലും സഹായിക്കാനുണ്ടാകില്ല. ഇതിൽ കുറ്റക്കാരായി വിധിച്ചത് കമ്പനിയുടെ ഇന്ത്യയിലെ മേധാവിയെയും, ഉദ്യോഗസ്ഥരെയും, ഉടമകളെയും മാത്രം, കമ്പനിയെയോ, ചെയർമാൻ വാറൻ ആൻഡേഴ്സിനെയും ഇനിയും കോടതിയിൽ എത്തിക്കാൻ കഴിഞ്ഞിട്ടില്ല. അമേരിക്കയിലുള്ള കാർബൈഡ് ഫാക്ടറിയിലെ സുരക്ഷാ സംവിധാനത്തെക്കാൾ വളരെ താഴ്ന്ന നിലവാരമുള്ളതാണ് ഭോപ്പാലിലേതെന്ന് സ്ഥാപിക്കാൻ വേണ്ട തെളിവിനായ് പോയവർക്ക് പക്ഷെ കമ്പനി സന്ദർശിക്കുന്നതിന് അനുമതി നിഷേധിക്കപ്പെട്ടു. എന്നാൽ ഈ വിലക്ക് മറികടക്കാനുള്ള ഒരു ശ്രമവും ഇന്ത്യയുടെ ഭാഗത്തു നിന്ന് ഉണ്ടായിട്ടില്ല. അന്യ രാജ്യങ്ങളിലെ നിയമതടസ്സങ്ങളെ എങ്ങനെ മറികടക്കാം എന്ന ചിന്ത പോലും നമുക്കുണ്ടായില്ല. വാറൻ ആൻഡേഴ്സൻ ഇനി ഇന്ത്യയിലേക്ക് മടങ്ങി വരില്ല. വിചാരണ നേരിട്ടവർക്ക് ഇതിലും കടുത്ത ശിക്ഷ ലഭിക്കാനും സാധ്യതയില്ല.

### കാസർകോട്ടെ സ്വർഗ ഗ്രാമം

ലോകം മുഴുവൻ എൻഡോസൾഫാൻ മാരകവിഷമാണെന്ന് വിധിച്ചിട്ടും ആ കീടനാശിനിയുടെ ഏറ്റവും പ്രത്യക്ഷമായ ഇരകൾ കേരളത്തിലെ കാസർകോട് 11 പഞ്ചായത്തുകളിൽ സഹായത്തനായി കാത്തിരിക്കുന്നു. എൻഡോസൾഫാൻ നിരോധനത്തിനെതിരായി വാദിച്ച ഇന്ത്യ കണ്ടെത്തുന്ന കാരണം ഒന്നു മാത്രം ഇന്ത്യ അത് പൊതുമേഖലയിൽ ഉത്പാദിപ്പിക്കുന്നു. അങ്ങനെ ഹിന്ദുസ്ഥാൻ ഇൻസെക്റ്റിസൈഡ് ലിമിറ്റഡ് എന്ന പൊതുമേഖലാ സ്ഥാപാനം ഇന്ത്യയുടെ മാരണം ഉയർത്തിപ്പിടിക്കുന്ന അഭിമാന സ്തംഭമായിരിക്കുന്നു.

മൂന്നു വർഷത്തിൽ കൂടുതൽ ഒരു കീടനാശിനി ഒരു സ്ഥലത്ത് അടിക്കരത് എന് നിയമം തന്നെ പറയുന്നു. കൃഷി വകുപ്പിന് ആധുനിക ശാസ്ത്രം അറിയുന്ന ശാസ്ത്രജ്ഞരുണ്ടായിട്ടും അവരിത് 22 വർഷം ദുരുപയോഗം ചെയ്തു. ഇപ്പോൾ നിരോധിക്കപ്പെട്ട എൻഡോസൾഫാൻ ഏത് സമയവും രംഗപ്രവേശനം ചെയ്യാം.

### സഭയുടെ നിലപാട്

ഭോപ്പാലിലെ യൂനിയൻ കാർബൈഡ് ഫാക്ടറിയിലെ വിഷവാതക ചോർച്ചയിലൂടെ വളരെയേറെ നിഷ്കളങ്കരുടെ ജീവിതം ഹോമിച്ചു. യൂനിയൻ കാർബൈഡ് ഫാക്ടറിയുടെ ഉടമസ്ഥൻ വിദേശത്താണ് താമസിക്കുന്നതെങ്കിലും അവരുടെ അയൽക്കാരാണ് നാശം അനുഭവിച്ച നിഷ്കളങ്കരായ ഭോപ്പാൽ നിവാസികൾ, ക്രിസ്ത്യൻ മൂല്യങ്ങൾ അയൽ വാസികളിലേക്ക് പകരേണ്ട ഒരു സമ്പന്ന രാജ്യമാണ് അമേരിക്ക. അതിനാൽത്തന്നെ അവർക്ക് നഷ്ടം നികത്തേണ്ടതാണ്. ചുരുക്കത്തിൽ അയൽക്കാരനെ സ്നേഹിക്കുക എന്ന നിയമത്തിന് അതിവിശാലമായ അർത്ഥതലങ്ങളുണ്ട്. ലോകരാജ്യങ്ങളിലേയും, നമ്മുടെ രാജ്യത്തിന്റെ തന്നെയും നിയമത്തിന്റെ വേരുകൾ യേശു തന്ന ആദ്ധ്യാത്മികത്വത്തിലുണ്ട്. ഈ വിശാലമായ കാഴ്ചപ്പാട് പുരോഗമന മനോഭാവമുള്ള നേതാവെന്ന നിലയിൽ നയം തിരുത്താൻ ബഹു. ബറാക്ക് ഒബാമ തയാറാവുന്നു എങ്കിൽ വിശാല കാഴ്ചപ്പാട് ക്രിസ്തുവിന്റെ മനുഷ്യവർഗ്ഗത്തോടുള്ള നീതീകരണത്തിന് സമാനമായി കാണാം.

ഒരു നല്ല ക്രിസ്ത്യാനി ഒരു നല്ല പൗരനായിരിക്കണം. ദൈവത്തെക്കുറിച്ചുള്ള ധാരണക്കനുസൃതമായി എവിടെ നീതി നിഷേധിക്കപ്പെടുന്നുവോ, എവിടെ അവകാശങ്ങൾ അടിച്ചമർത്തപ്പെടുന്നുവോ അവിടെ ഇടപെടാനും നീതി സ്ഥാപിക്കാനുമുള്ള പാതയാണ് ക്രൈസ്തവന്റേത്. ഭരണാധികാരികളുടെ താത്പ

*ശേഷം 41–ാം പേജിൽ*



# എന്റെ ഉണ്ണിയേശുവിന്

## Mystic Thought

**ഫാ. വിൽസൺ മാത്യു**
(ബേസിൽ ദയറ)

"എന്റെ ഉണ്ണിയേശു, നിന്റെ ജനനപ്പെരുന്നാൾ എന്റെ മനസ്സിലൊരു നക്ഷത്രസ്മരണയും, ഒരു പിഞ്ചുകുഞ്ഞിന്റ അകളങ്ക പുഞ്ചിരിയുടെയും അനുസ്മരണമാണ്.

വഴികാട്ടിയുടെ ഭാഗമഭിനയിച്ചു നക്ഷത്രം പിന്തിരിയുമ്പോഴും ഒളിമങ്ങാത്ത ദിവ്യനക്ഷത്രമായ നീ എന്റെ മനസ്സിലൊരു കുളിർമഴ പെയ്യിക്കുന്നു. വിദ്വാന്മാർക്ക് വഴികാട്ടിയായി ഒരു നക്ഷത്രമുണ്ടായിരുന്നത് ഭാഗ്യമായി ഞാൻ കാണുന്നു. എന്നാലിന്ന്, ഞാനുൾപ്പെടെയുള്ളവർ 'വലിയ നക്ഷത്രങ്ങളായി' ചമഞ്ഞ് നിന്നെ കാണുവാനെത്തുന്ന സന്ദർശകർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു എന്ന് ക്രിസ്മസ് ദിനങ്ങളിൽ ഞാൻ സമ്മതിയ്ക്കുന്നു. പ്രകാശമില്ലാത്ത എന്റെ ജീവിതാനുഭവം, യഥാർത്ഥ പ്രകാശത്തിന് തടസ്സമാകാതെ വർത്തിയ്ക്കുവാൻ ഉണ്ണിയുടെ പ്രഭാവത്തോട് ഞാനപേക്ഷിയ്ക്കുന്നു.

ഉണ്ണിയേശു, നീ ജനിച്ചപ്പോൾ നിനക്ക് വിലയേറിയ വസ്ത്രം തരുവാൻ ആരുമില്ലായിരുന്നു. മറ്റുള്ളവരുടെ സ്വത്വം നഷ്ടപ്പെടുത്തി, അവരെ അവഹേളിയ്ക്കുന്ന തരത്തിലേക്ക് എത്തപ്പെട്ട എനിക്ക്, നഗ്നരാക്കപ്പെട്ടവരെ ഉടുപ്പിയ്ക്കുവാനുള്ള മനഃശക്തി നേടുവാനതിയായ ആഗ്രഹമുണ്ട്. കാലിത്തൊഴുത്തിലും, ജീർണ്ണ വസ്ത്രത്തിലും നിന്നെ കാണുവാൻ വർണ്ണനാതീതമായ ഭംഗിയുണ്ട്. ഉണ്ണിയേശുവിനെ സമീപിക്കുവാൻ, അവന്റെ വിശുദ്ധമായ നിദ്രയ്ക്ക് ഭംഗം വരാതിരിക്കുവാൻ എന്റെ 'മുതിർന്നാനുഭവം' വെടിഞ്ഞ്, ഒരു നിർമ്മലശിശു മനസ്സുണ്ടാകുവാൻ മനസ്സുവെമ്പുന്നു. 'തഴമ്പേറിയ' എന്റെ കൈകൾ കൊണ്ട് മൃദുലമായ ഉണ്ണിയുടെ ശരീരത്തിൽ തൊടുവാൻ എനിയ്ക്കു ഭയമാണ്. 'കരുവാളിച്ച്', 'ദർഭമുനപോലെ കടുപ്പമേറിയ' ഈ മുഖം കൊണ്ട് എങ്ങനെ എന്റെ ഉണ്ണിയ്ക്ക് ഒരു ചുംബനം നല്കും? ഒന്നുതൊടുവാൻ, ഒന്നു ചുംബിയ്ക്കുവാൻ മനസ്സുവെമ്പുമ്പോഴും, നിശബ്ദനായി നിന്ന്, ശബ്ദരഹിതമായ പാദചലനങ്ങളോടെ നിന്റെ ഉറക്കം കണ്ട് ഞാൻ തൃപ്തനായിക്കൊള്ളാം, അതിനുള്ള യോഗ്യതപോലും ഇല്ലെന്നറിഞ്ഞുകൊണ്ടുതന്നെ....

മാതാപിതാക്കളുടെ നടുവിൽ, മാലാഖമാരുടെ നടുവിൽ സൗമ്യസാന്നിദ്ധ്യമായി എന്റെ ഉണ്ണി വിശ്രമിക്കുന്നു. മാതാവിന്റെ മാറിൽ, മുലപ്പാൽ നുണഞ്ഞ്, അല്ലലില്ലാതവൻ ഉറങ്ങുന്നു. ഉറക്കമില്ലാത്ത, സർവ്വസൃഷ്ടിയുടെയും പാലകനായവൻ നിഷ്ക്കളങ്കനായുറങ്ങുന്നത് വേദശാസ്ത്രചിന്തകൾക്കതീതമാണ്. ഉണ്ണിയെ മാറോടടുക്കിപ്പിടിയ്ക്കുന്നതും, ഉറങ്ങുവാൻ അവസരം നല്കുന്നതും എത്ര ശ്രേഷ്ഠമാണ്? അല്പവിശ്രമത്തിനായി എന്നെ സമീപിച്ചിട്ടുള്ള എന്റെ ഉണ്ണിയ്ക്ക് സ്വസ്ഥമായി ഉറങ്ങുവാൻ ഞാൻ അവസരം നല്കിയിട്ടുണ്ടോ? എന്റെ പ്രാർത്ഥനയുടെയും, ധ്യാനത്തിന്റെയും നേരങ്ങളിൽ, അല്പസമയം സ്വസ്ഥമായിരിക്കുവാൻ, വിശ്രമിക്കുവാൻ എന്നെ സമീപിയ്ക്കുന്ന ദൈവസാമീപ്യം തിരിച്ചറിയാതെ പോയതിൽ ഞാൻ ഖേദിയ്ക്കുന്നു. പരാതികളും പരിഭവങ്ങളുമുയർത്തി, വെല്ലുവിളികളുമായി എന്റെ നാഥനെ ഓടിച്ചുവിട്ട എന്റെ മനസ്സാക്ഷി എത്രകഠിനമേറിയതാണ്. "കണ്ടാലും ഞാൻ വാതില്ക്കൽ നിന്നു മുട്ടുന്നു, ആരെങ്കിലും എന്റെ ശബ്ദം കേട്ടു വാതിൽ തുറന്നാൽ ഞാൻ അവനോടും, അവനെന്നോടും കൂടെ അത്താഴം കഴിയ്ക്കും" (വെളി. 3:20)

കാലിത്തൊഴുത്തിലാണ് നീ ജനിച്ചതെങ്കിലും, കാലിത്തൊഴുത്തിലെ ദുർഗന്ധത്തെ സുഗന്ധമാക്കുവാൻ നിനക്ക് സാധിച്ചതിൽ ഞാൻ അത്ഭുതപ്പെടുന്നു. അവിടേക്ക് മാലാഖമാരും, വിശിഷ്ടാതിഥികളും കടന്നുവന്നു. നിന്റെ സാന്നിദ്ധ്യത്തിൽ, മാലിന്യമോ, ദുർഗന്ധമോ ആരും അനുഭവിച്ചില്ല. നിന്റെ സൗരഭ്യത്തിന് എല്ലാ ദുർഗന്ധത്തെയും ഇല്ലാതാക്കുവാൻ സാധിച്ചു. ഇടയന്മാരില്ലാത്ത, വിദ്വാന്മാരില്ലാത്ത, മാലാഖമാരില്ലാത്ത, എന്റെ പൊന്നുണ്ണിയില്ലാത്ത 'കൊട്ടാരങ്ങളുടെ ഭയാനകത' എന്റെ അകതാരിനെ നൊമ്പരപ്പെടുത്തുന്നു. പുഴുക്കളും, ഈച്ചകളും, ദുർഗന്ധവും നിറഞ്ഞ 'കൊട്ടാരബഹുലത', എനിക്ക് ഭയമാണ്. ആരാലും ശ്രദ്ധിയ്ക്കപ്പെടാതെ, നിന്റെ പുൽത്തൊഴുത്തിന്റെ ഏതെങ്കിലുമൊരു കോണിൽ നിന്ന് ഒരു ചെറിയ സമ്മാനം പശ്ചാത്താപ പൂരിതമായ രണ്ടു തുള്ളി കണ്ണീർ, അർപ്പിക്കുവാൻ എന്റെ ഹൃദയം വെമ്പുന്നു..... തുടിക്കുന്നു.....

Speech

ഫാ. ഡോ. കെ. എം. ജോർജ്

# 'അങ്ങയുടെ വയലിൽ' മഴത്തുള്ളികൾ മൃദുവായി വീഴട്ടെ

(പരി. മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാബാവായുടെ സ്ഥാനാരോഹണ മദ്ധ്യേ ചെയ്ത പ്രസംഗം)

ഇപ്പോൾ പരുമലയുടെ വിശുദ്ധ ഭൂമിയിൽ അർപ്പിക്കപ്പെടുന്ന ഈ വിശുദ്ധ കുർബ്ബാനയിൽ മലങ്കരസഭ മുഴുവൻ ദൃശ്യമായും അദൃശ്യമായും പങ്കെടുത്ത് സന്തോഷിക്കയും ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്യുന്നു. പൈതൃകമായ സ്നേഹത്തോടും കരുതലോടും കൂടി നമ്മെ വഴിനടത്തിയ മഹാചാര്യനായ ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ തിരുമേനി തന്റെ നവതിയുടെ നിറവിൽ കർത്താവ് തന്നെ ഏല്പിച്ച മലങ്കരസഭയുടെ കടിഞ്ഞാൺ സർവ്വഥാ യോഗ്യനായ തന്റെ പിൻഗാമിയെ ഏൽപ്പിക്കയാണ്. സഭയുടെ പുരാതനമായ കാനോനുകൾക്കും രാജ്യത്തിന്റെ ജനായത്ത നിയമവ്യവസ്ഥക്കും അനുസൃതമായി, മലങ്കര മെത്രാപ്പോലീത്തായും കാതോലിക്കായും ആയി മലങ്കരസഭ തിരഞ്ഞെടുത്ത ശ്രേഷ്ഠ പിതാവാണ് പൗലോസ് മാർ മിലിത്തിയോസ് തിരുമേനി. അദ്ദേഹം ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ എന്ന അഭിധാനത്തിൽ ഇപ്പോൾ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമായി ഉയർത്തപ്പെടുകയാണ്. അദ്ദേഹം യോഗ്യൻ, യോഗ്യൻ, യോഗ്യൻ എന്ന അർത്ഥത്തിൽ മൂന്നു പ്രാവശ്യം ഓക്സിയോസ് വിളികളാൽ ഈ പരുമല പുണ്യഭൂമി ഉടൻ മുഖരിതമാവും.

1912ൽ മലങ്കര ഓർത്തഡോക്സ് സഭ അതിന്റെ അപ്പോസ്തോലികമായ തനിമയുടെയും തദ്ദേശീയതയുടെയും പ്രതീകമായി ഇൻഡ്യയിൽ കാതോലിക്കേറ്റ് സ്ഥാപിച്ചപ്പോൾ ആദ്യത്തെ സ്ഥാനിയായി സഭ തെരഞ്ഞെടുത്ത മുറിമറ്റത്തിൽ മാർ ഈവാനിയോസ്, പൗലോസ് പ്രഥമൻ എന്നറിയപ്പെട്ടു. ഇപ്പോൾ കാതോലിക്കേറ്റിന്റെ 100 വർഷങ്ങൾ 2012ൽ ആഘോഷിക്കാൻ സഭ തയ്യാറെടുക്കുമ്പോൾ സഭയുടെ പ്രധാന സാരഥ്യം വഹിക്കുവാൻ തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന പരി. പിതാവ്, പൗലോസ് ദ്വിതീയൻ എന്നറിയപ്പെടുന്നത് വെറുമൊരു യാദൃശ്ചികതയല്ല. മഹത്തായ ഒരു നിയോഗത്തിന്റെ സാക്ഷാത്ക്കാരവും പിൻതുടർച്ചയുമാണത്. ഇൻഡ്യയിലെ കാതോലിക്കേറ്റിന്റെ പ്രസക്തിയെക്കുറിച്ച് ചിലകാര്യങ്ങൾ ഇവിടെ സൂചിപ്പിക്കുന്നത് അസംഗതമാവില്ലെന്ന് കരുതുന്നു.

പുരാതന റോമാസാമ്രാജ്യം നാലാം നൂറ്റാണ്ടിൽ ഔദ്യോഗികമായി ക്രിസ്തുമതം സ്വീകരിച്ചപ്പോൾ, സാമ്രാജ്യത്തിന്റെ അതിരുകൾക്കുള്ളിലുണ്ടായിരുന്ന പ്രധാന പട്ടണങ്ങളായ റോം, അലക്സാന്ത്രിയ, അന്ത്യോഖ്യ, കോൺസ്റ്റന്റിനോപ്പിൾ എന്നീ നാലു പ്രമുഖ നഗരങ്ങളുടെ രാഷ്ട്രീയ–സാംസ്കാരിക പ്രാധാന്യം കണക്കിലെടുത്ത് ആ നഗരങ്ങളിലെ മെത്രാന്മാരെ പാപ്പാ, പാത്രിയർക്കീസ് എന്നപേരുകളിൽ പിൽക്കാലത്ത് വിളിച്ചുതുടങ്ങി.

പാപ്പാ എന്നാൽ പിതാവെന്നും, പാത്രിയർക്കീസ് എന്നാൽ പ്രധാന പിതാവ് എന്നും അർത്ഥമുള്ള ഈ സ്ഥാനപ്പേരുകൾ പരസ്പരം വച്ചുമാറാവുന്നവയായിരുന്നു. റോമിലെ പാപ്പായെ പാത്രിയർക്കീസ് എന്നും അലക്സാന്ത്രിയയിലെ പാത്രിയർക്കീസിനെ പാപ്പായെന്നും വിളിക്കുന്ന പതിവുണ്ടായി. റോമാസാമ്രാജ്യത്തിനുള്ളിലെ ഈ നാലു സ്ഥാനങ്ങൾക്കപ്പുറത്ത്, സാമ്രാജ്യത്തിന് പുറത്ത് സ്വതന്ത്രമായി പേർഷ്യയിൽ ആരംഭിച്ച കാതോലിക്കാസ്ഥാനം (കാതോലിക്ക എന്നാൽ പൊതു പിതാവ്, സാർവ്വത്രിക പിതാവ്) പിൽക്കാലത്ത് പേർഷ്യയുടെയും ഇൻഡ്യയുടെയും ഏഷ്യ മുഴുവന്റെയും ക്രിസ്തീയ ദർശനത്തിന്റെ പ്രതീകമായി മാറി. ഒരളവിൽ ആ ദർശനത്തിന്റെ പിന്തുടർച്ചയും മറ്റൊരുവിധത്തിൽ ഭാരതത്തിലെയും, ഏഷ്യയിലെയും, അപ്പോസ്തോലിക ക്രിസ്തീയ സഭയുടെ സ്വാതന്ത്ര്യത്തിന്റെയും ദൗത്യത്തിന്റെയും കൊടിയടയാളവുമാണ് ഇൻഡ്യയിൽ സ്ഥാപിക്കപ്പെട്ട കാതോലിക്കേറ്റ്.

ഒരു വശത്ത് നമ്മുടെ പൊതുധാരണയനുസരിച്ച്, സഭാചരിത്രപരവും കാനോനികവുമായി പേർഷ്യൻ / പൗരസ്ത്യ കാതോലിക്കേറ്റിന്റെ ഒരു തുടർച്ചയുണ്ട് അതിന്. മറുവശത്ത്, ഭാരതത്തിൽ മാർത്തോമ്മാശ്ലീഹായുടെ പുരാതനസഭയുടെ സ്വകീയവും സ്വതന്ത്രവുമായ തനിമയുടെ മൗലികമായ ആവിഷ്ക്കാരമായിരുന്നു അത്. ഈ രണ്ടാമത്തെ അർത്ഥത്തിൽ ഇൻഡ്യൻ കാതോലിക്കേറ്റിന്റെ മൗലികത നിർണ്ണായകമാണ്. പേർഷ്യൻ കാതോലിക്കേറ്റിന്റെ തുടർച്ച എന്ന ആശയത്തിനെതിരെ വിമർശനങ്ങളോ ചോദ്യങ്ങളോ ഉണ്ടായാൽത്തന്നെയും, അപ്പോസ്തോലികവും പൗരസ്ത്യവുമായ ഭാരതീയ സഭയുടെ സ്വാതന്ത്ര്യത്തിന്റെ അതുല്യമായ പ്രതീകം എന്ന മൗലികമായ അർത്ഥം അതിന് അവിതർക്കിതമായി ഉണ്ട്. അതുകൊണ്ട് തെറ്റായ ചരിത്രവ്യാഖ്യാനങ്ങളിലൂടെ അതിന്റെ സ്ഥാനവും സന്ദേശവും നിസ്സാരമാക്കിക്കളയാതിരിക്കാൻ നാം ജാഗ്രത പുലർത്തിയേ മതിയാവൂ. പോർച്ചുഗീസുകാരായ റോമൻ കത്തോലിക്കരുടെ അധിനിവേശം, മാർത്തോമ്മാശ്ലീഹായുടെ ഭാരതസഭയുടെ ഐക്യത്തെയും തനിമയെയും തകർത്തു. പൗരസ്ത്യ പാരമ്പര്യം വിട്ട് പാശ്ചാത്യ റോമൻ സഭയോട് ചേർന്ന നമ്മുടെ സ്വന്തം സഹോദരങ്ങൾ, പിന്നീട് അതിനെക്കുറിച്ച് വീണ്ടുവിചാരം നടത്തി. ആ കൂട്ടത്തിൽ നിന്ന്, ഒരു നാട്ടുമെത്രാനെ വാഴിച്ചു കിട്ടണമെന്ന ആഗ്രഹവുമായി 18–ാം നൂറ്റാണ്ടിൽ റോമിലേക്കുപോയ പാറേമാക്കൽ തോമാകത്തനാരുടെ വർത്തമാനപുസ്തകത്തിൽ അദ്ദേഹമെഴുതി: *ജാതിക്കു തലവൻ ജാതിയിൽ തന്നെ ഉണ്ടായാൽ ആ ജാതിക്കു കരുത്തും ബലവും ഏറും എന്ന പട്ടാങ്ങ എല്ലാവർക്കും പ്രസിദ്ധമാണല്ലോ.* മലങ്കരസഭയിൽ മലങ്കരയുടെ മക്കളായ അർക്കദിയാക്കോൻമാരുടെയും മാർത്തോമ്മൻ മെത്രാപ്പോലീത്താമാരുടെയും നേതൃത്വപരമ്പര നില

നിന്നിരുന്ന കാലത്താണ് തോമാക്കത്തനാർ, ഭാരതസഭയിൽ കത്തോലിക്കാ സഭാംഗങ്ങളുടെ പാശ്ചാത്യ വിധേയത്വത്തെക്കുറിച്ച് സൂചിപ്പിച്ചത്. പിന്നീട് ഏതാണ്ട് ഒരു നൂറ്റാണ്ടുകൂടി കാത്തിരിക്കേണ്ടിവന്നു ആ സമൂഹത്തിന് *ശരിയായ അർത്ഥത്തിൽ* ഒരു നാട്ടു മെത്രാനെ ലഭിക്കാൻ (പറമ്പിൽ ചാണ്ടിക്കത്തനാരെയും കരിയാറ്റിൽ യൗസേഫ് കത്തനാരെയും മറക്കുന്നില്ല) അപ്പോഴേക്കും അതായത്, 19–ാം നൂറ്റാണ്ടിന്റെ അവസാനപാദമാകുമ്പോഴേക്കും മലങ്കരസഭയിൽ, ഭാരതീയനായ ഒരു പരിശുദ്ധൻ, പരുമല കൊച്ചുതിരുമേനി എല്ലാവർക്കും സമാദരണീയനായി പ്രകാശം പരത്തിത്തുടങ്ങിയിരുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യത്തെ വ്യാഴവട്ടത്തിൽ അപൂർവ്വമായ ദർശനത്തോടെ കാതോലിക്കേറ്റ് സ്ഥാപിച്ച നമ്മുടെ പിതാക്കന്മാർ ഇവിടത്തെ മുഴുവൻ നസ്രാണി സമൂഹത്തിന്റെയും നൂറ്റാണ്ടുകളായുള്ള അഭിലാഷവും അഭിനിവേശവുമാണ് പ്രതിഫലിപ്പിച്ചത്. പൗരസ്ത്യവും അപ്പോസ്തോലികവുമായ ഭാരതീയ ക്രിസ്തീയ സഭ എന്നതായിരുന്നു ആ അഭിലാഷത്തിന്റെ അന്തസ്സത്ത

തുടക്കത്തിൽ അതിന് ചരിത്രപരമായ പരിമിതികൾ പലതുണ്ടായിരുന്നു. എന്നാൽ ഇന്ന് അതിന്റെ അർത്ഥവ്യാപ്തി അതിന്റെ എല്ലാ അളവിലും മാനങ്ങളിലും നിറവേറ്റാനുള്ള ചുമതലയാണ് നമ്മുടെ കാതോലിക്കേറ്റിൽ നിക്ഷിപ്തമായിരിക്കുന്നത്. സ്ഥാപിച്ച് നൂറുവർഷങ്ങൾ അടുത്തപ്പോൾ, ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ, ആ കാതോലിക്കേറ്റിന് രണ്ട് അനുകരണങ്ങൾ ഉണ്ടായി എന്നത് അതിന്റെ ഒറിജിനാലിറ്റിയും അർത്ഥപൂർണ്ണതയും വെളിപ്പെടുത്തുന്നു. അനുകരണീയം ആയതിനെ ആണല്ലോ മനുഷ്യർ അനുകരിക്കുന്നത്.

കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയി ഇപ്പോൾ വാഴിക്കപ്പെടുന്ന പിതാവിലേക്ക് സഭയുടെ മുഴുവൻ നയനങ്ങളും പ്രതീക്ഷയോടെ ഉറ്റുനോക്കുന്നു. എന്നാൽ അദ്ദേഹം വിനയാന്വിതനായി നിലകൊള്ളുന്നത് അത്യുന്നതനായവന്റെ നിഴലിലാണ്. നമ്മുടെ വലിയ ഇടയനും രക്ഷകനുമായ കർത്താവായ യേശുക്രിസ്തുവിന്റ കാല്പാടുകളെയാണ് അദ്ദേഹം പിന്തുടരുന്നത്. നമ്മുടെ ജനത്തിന് ഇടയനും കാവൽക്കാരനുമായി അദ്ദേഹത്തെ നിയമിച്ചിരിക്കുന്നത് നമ്മുടെ കർത്താവാണ്. ദുഷ്ക്കരമായ ഒരു ചുമതലയാണ് അദ്ദേഹം ഏൽക്കുന്നത്. യെശയ്യാ പ്രവചനത്തിൽ ഏദോമിലെ കാവൽക്കാരനെപ്പോലെ, അദ്ദേഹത്തോടു ജനങ്ങൾ ചോദിച്ചുകൊണ്ടിരിക്കും. ''കാവൽക്കാരാ രാത്രി എന്തായി? കാവൽക്കാരാ രാത്രി എന്തായി?'' കൂരിരിട്ടിൽ മുങ്ങിയ രാത്രിയുടെ യാമങ്ങൾ എപ്പോൾ അവസാനിക്കും, പുലരി എപ്പോൾ പൊട്ടിവിടരും, എപ്പോഴാണ് ഉദയസൂര്യന്റെ സ്വർണ്ണക്കതിരുകൾ പ്രഭ ചിതറുന്നത് എന്നറിയാനാണ് ജനങ്ങൾ അവരുടെ ഇടയനോട് ചോദിക്കുന്നത്: "പ്രഭാതവും രാത്രിയും വന്നിരിക്കുന്നു. നിങ്ങൾക്കു ചോദിക്കാമെങ്കിൽ ചോദിച്ചുകൊൾക. നിങ്ങൾ പോയിവരുക" എന്ന് അവ്യക്തമായി മറുപടി പറയാൻ നമ്മുടെ ഇടയന് ആവില്ല. ജനങ്ങൾ വ്യക്തമായ ഉത്തരം പ്രതീക്ഷിക്കുന്നു. നമ്മുടെ പുതിയ ബാവാതിരുമേനിയെയും കാതോലിക്കേറ്റിനെയും നമ്മെ എല്ലാവരെയും നേരിടുന്ന വെല്ലുവിളികൾ അനവധിയാണ്. ഏതാനും ചിലത് സൂചിപ്പിക്കട്ടെ.

ഒന്നാമതായി, യേശുക്രിസ്തുവിന്റെ ശരീരമായ സഭയുടെ ഐക്യമാണ്. ഭിന്നതകൾ മൂലം പൊറുതിമുട്ടുന്ന സാധാരണ ജനങ്ങൾ അവരുടെ ഇടയന്മാരെ നോക്കുന്നു. നമ്മുടെ രക്തരൂക്ഷിതമായ മുറിവുകളെ സുഖപ്പെടുത്തുന്നതിന് ഗിലയാദിൽ തൈലമില്ലേ എന്നുചോദിക്കുന്നു. ക്രിസ്തുവാകുന്ന തലയ്ക്ക് ഏകശരീരമേയുള്ളൂ. ക്രിസ്തുവാകുന്ന മണവാളന് ഏക മണവാട്ടിയേ ഉള്ളൂ എന്ന് വി. വേദപുസ്തകം പഠിപ്പിക്കുന്നു. കർത്താവിനെ ക്രൂശിച്ച പടയാളികൾ ചീട്ടിട്ടെടുത്ത തന്റെ കുപ്പായം അടിമുതൽ മുകൾ വരെ തുന്നലില്ലാത്ത ഒറ്റത്തുണിയായിരുന്നു. ഭിന്നതയില്ലാതെ ഏകമായ സഭയുടെ പ്രതീകമായി സഭാപിതാക്കന്മാർ അതിനെ വ്യവഹരിക്കുന്നു. സഭയുടെ ചരിത്രം നോക്കിയാൽ ഒരുകാര്യം വ്യക്തമാകും. സഭയിൽ കാര്യമായ ഭിന്നതകൾ ഉണ്ടാക്കിയത് ഒരിക്കലും സാധാരണ ജനങ്ങളല്ല. ഉന്നത വൈദികശ്രേണിയിൽപ്പെട്ടവരായിരുന്നു. അവരും അവരുടെ അജണ്ടാകളും അധികാര സങ്കൽപ്പങ്ങളും ജനത്തെ ഭിന്നതയുടെ ധ്രുവങ്ങളിലേക്ക് നയിക്കുന്നു. ഇന്നും അതിന് വലിയ മാറ്റമില്ല. മലങ്കര സഭയുടെ ഐക്യം ഒരു സ്വപ്നമായിരിക്കാം. മാർത്തോമ്മാ പാരമ്പര്യത്തിൽപ്പെട്ട ക്രിസ്ത്യാനികളുടെ ഐക്യം ഒരു വിഭ്രമ കൽപ്പനയായിരിക്കാം. എങ്കിലും ആശയ്ക്കെതിരെ ആശിച്ചുകൊണ്ട് അത്രയും വലിയ സ്വപ്നങ്ങളെ ആത്മാവിന്റെ ചക്രവാളങ്ങളിൽ ദർശിക്കുന്ന ഇടയന്മാരെ ജനങ്ങൾ തേടുന്നു. എക്യുമെനിക്കൽ പ്രസ്ഥാനത്തിന്റെ തുടക്കത്തിൽ തന്നെ മലങ്കരസഭ അതിന്റെ നേതൃസ്ഥാനത്തുണ്ട്. വിശാലമായ അടിസ്ഥാനത്തിൽ എല്ലാ സഭകളുമായി സഹകരിച്ച് ഭാരതീയ ക്രിസ്തീയസഭയ്ക്ക് സ്വത്വബോധം നൽകാനുള്ള ചുമതല കാതോലിക്കേറ്റിൽ നിക്ഷിപ്തമാണ്.

രണ്ടാമതായി, സഭയുടെ മൂലധനമെന്നത് സാധാരണ ജനങ്ങളുടെ നിഷ്ക്കളങ്കമായ വിശ്വാസമാണ്. സഭയുടെ എല്ലാ പ്രതിസന്ധികളിലും അതിനെ പിടിച്ചുനിർത്തുന്നത് ജനങ്ങളുടെ ഈ ലളിതമായ വിശ്വാസമാണ്. പക്ഷേ നല്ല ഇടയന്മാരില്ലെങ്കിൽ, കർത്താവ് പറഞ്ഞതുപോലെ അവർ ചിതറിപ്പോകും. ഇടയനില്ലാത്ത ആടുകളെപ്പോലെ അവരെക്കണ്ട യേശുതമ്പുരാൻ അവരോട് മനസ്സലിഞ്ഞതായി സുവിശേഷം രേഖപ്പെടുത്തുന്നു. സഭയുടെ വൈദികവൽക്കരണം ഇടയശുശ്രൂഷയെ തടസ്സപ്പെടുത്താം. കേരളത്തിലെ ക്രൈസ്തവരുടെ പ്രശ്നം ഇടയന്മാരുടെ എണ്ണക്കുറവല്ല, അവരുടെ ആധിക്യമാണ് എന്ന് ചിന്തിക്കുന്നവർ കുറവല്ല.

ജനങ്ങളുടെ വിശ്വാസത്തെയും ക്രിസ്തീയ ജീവിതത്തെയും സ്വരൂപിക്കുന്നതും പ്രകാശിപ്പിക്കുന്നതും നമ്മുടെ ഇടവകകളാണ്. ഇടവകയുടെ ആരോഗ്യമാണ് സഭയുടെ ആരോഗ്യം. എപ്പിസ്ക്കോപ്പസിയുടെ കാര്യമായ മേൽനോട്ടമില്ലെങ്കിലും, എപ്പിസ്ക്കോപ്പാ ആറുമാസമോ ഒരുവർഷമോ സ്ഥലത്തില്ലാതിരുന്നാലും ഓരോ ഇടവകയും അതിന്റെ വൈദികനും ചേർന്ന് കാര്യങ്ങൾ വലിയ കുഴപ്പമില്ലാതെ നടത്തുന്നു. എങ്കിലും ഇടവകയുടെ മുൻഗണനാക്രമമെന്താണ്? ഒരു വൈദികന് വലിയ ഭാരം കൂടാതെ തന്റെ അജപാലന ശുശ്രൂഷ എങ്ങിനെ നന്നായി നിർവ്വഹിക്കാം, എന്നീ ചോദ്യങ്ങൾ പ്രധാനമാണ്. ഇക്കാര്യങ്ങളിലെല്ലാം സഭയ്ക്ക് പൊതുവായ ധാരണകളും നയങ്ങളും ഉണ്ടായിരിക്കയും അതാതു സമയത്ത് എപ്പിസ്ക്കോപ്പായുടെ മാർഗ്ഗനിർദ്ദേശങ്ങൾ ലഭിക്കയും ചെയ്താൽ വലിയ മാറ്റങ്ങൾ ഉണ്ടാകും. ജനങ്ങളുടെ ആത്മീകാവശ്യങ്ങൾ തിരിച്ചറിഞ്ഞ് അവയോട് ക്രിയാത്മകമായി പ്രതികരിച്ച് ജനങ്ങൾക്ക് ആശ്വാസവും പ്രത്യാശയും നൽകുന്ന ഒരു അജപാലന ശൈലി രൂപപ്പെടുത്തുക എന്നത് സഭയുടെ അടിയന്തിര പരിഗണന അർഹിക്കുന്നു. ചുരുക്കത്തിൽ, ജന

ങ്ങൾക്കുവേണ്ടിയുള്ള സഭയാണ് ജനങ്ങൾ തേടുന്നത്.

മൂന്നാമതായി, നമ്മുടെ പരമ്പരാഗത സംസ്കാരത്തിന്റെ ചട്ടക്കൂടുകൾ ഓരോന്നായി പൊളിഞ്ഞു വീണുകൊണ്ടിരിക്കയാണ്. ഒരു വിഭാഗം ജനങ്ങളുടെ വേഷവും ഭാഷയും ഭക്ഷണക്രമവും മാറുന്നത് നോക്കിനില്ക്കെ തിരിച്ചറിയാം. കുടുംബഭദ്രതയെക്കുറിച്ചും, മനുഷ്യബന്ധങ്ങളെക്കുറിച്ചുമുള്ള നമ്മുടെ പതിവ് ധാരണകളെ ഇത് ഇളക്കി മറിക്കുന്നു. നാമറിയാതെ തന്നെ പുതിയൊരു സംസ്കാരവും അതിന്റെ ശൈലികളും നമ്മുടെ തറവാടുകളുടെ അകത്തളങ്ങളിൽ ആധിപത്യം ചെലുത്തിത്തുടങ്ങി. മാദ്ധ്യമങ്ങളും ഇലക്ട്രോണിക് ആശയവിനിമയ സാദ്ധ്യതകളും തുറന്നുതരുന്ന ലോകം അപാരസാദ്ധ്യതകളും അതുപോലെ അപകടങ്ങളും നിറഞ്ഞതാണ്. പള്ളിയിൽ വരുകയോ വരാതിരിക്കയോ ചെയ്യുന്ന നമ്മുടെ യുവജനങ്ങളിൽ ഒരു നല്ലപങ്കും virtual reality എന്നുപറയുന്ന ഈ പുതിയ സൈബർ ലോകങ്ങളിലാണ് അവരുടെ ശ്രദ്ധയും സമയവും കൂടുതലും ചിലവഴിക്കുന്നത്.

കാന്റർബറി ആർച്ച് ബിഷപ്പ് റോവൻ വില്യംസ് കഴിഞ്ഞദിവസം കേരളത്തിൽ വന്നപ്പോൾ ചോദിച്ചതുപോലെ, ലോകത്തിന്റെ രീതിയും ശൈലിയും മാത്രമാണ് സഭ പ്രതിഫലിപ്പിക്കുന്നത് എങ്കിൽ സഭയുടെ പ്രത്യേകത എന്താണ്? നമ്മുടെ നാഥനായ കർത്താവ് നൂറ്റാണ്ടുകൾക്കു മുൻപേ ചോദിച്ചതാണല്ലോ അത്. 'നിങ്ങളെ അഭിവാദനം ചെയ്യുന്നവരെ മാത്രം അഭിവാദനം ചെയ്താൽ നിങ്ങൾക്ക് എന്തു വിശേഷതയുള്ളൂ? നിങ്ങളെ സ്നേഹിക്കുന്നവരെ മാത്രം സ്നേഹിച്ചാൽ നിങ്ങൾക്ക് എന്തു പ്രത്യേകത? ജാതികളും ചുങ്കക്കാരും പാപികളും അങ്ങനെതന്നെ ചെയ്യുന്നുവല്ലോ!' ഇപ്പോഴത്തെ ഉപഭോഗസംസ്ക്കാരത്തിന്, ബദൽ സംസ്ക്കാര മാതൃകകൾ സൃഷ്ടിക്കാനാണ് സഭയുടെ ഇന്നത്തെ വിളി.. വിദ്യാഭ്യാസരംഗത്തായാലും ആതുരസേവനരംഗത്തായാലും എങ്ങനെയാണ് യേശുക്രിസ്തുവിന്റെ സുവിശേഷത്തിന്റെ സവിശേഷതയും ഗുണമേന്മയും നമ്മുടെ പ്രവർത്തനത്തിലൂടെ വെളിപ്പെടുത്താൻ കഴിയുക എന്നതാണ് മുഖ്യവിഷയം. എങ്ങനെ കൂടുതൽ ലാഭമുണ്ടാക്കാം എന്നതല്ല. *നീതിവസിക്കുന്ന പുതിയ ആകാശവും പുതിയ ഭൂമിയും* സൃഷ്ടിക്കാൻ, സമത്വവും സമാധാനവുമുള്ള ഒരു ക്രിസ്തീയ സംസ്കാരം സൃഷ്ടിക്കുവാൻ നമുക്കാവുമോ എന്നീ ചോദ്യങ്ങളൊക്കെ ഗൗരവമായി ചിന്തിക്കാൻ നമ്മുടെ ജനങ്ങളെ ഒരുക്കുക എന്നത് മുൻഗണനയാവണം.

നാലാമതായി, സഭയെന്ന നിലയിൽ നമ്മുടെ ചിന്തകളും തീരുമാനങ്ങളും ആത്യന്തികമായി ഈ ലോകത്തെ എങ്ങിനെ ബാധിക്കുന്നു എന്നതാണ് നമ്മുടെ ധാർമ്മികതയുടെ അളവുകോൽ. സാമ്പത്തിക ശാസ്ത്രത്തിൽ നൊബേൽ സമ്മാന ജേതാവായ അമർത്യാസെൻ തന്റെ പ്രസിദ്ധമായ Idea of Justice എന്ന പുതിയ പുസ്തകത്തിൽ ഭഗവദ്ഗീതയിൽ ഭഗവാൻ കൃഷ്ണനും വില്ലാളിവീരനായ അർജ്ജുനനും തമ്മിലുള്ള സംഭവത്തെ സവിസ്തരം ചർച്ചചെയ്യുന്നുണ്ട്. അർജ്ജുനന് യുദ്ധം ചെയ്യാൻ ഒട്ടുമേ ഇഷ്ടമില്ല. തന്റെ ബന്ധുജനങ്ങളെയും ഗുരുക്കന്മാരെയും കൊല്ലേണ്ടി വരുമല്ലോ എന്നോർത്ത്, അർജ്ജുനൻ വിഷാദിക്കയും മനസ്സു മടുത്ത് നിൽക്കുകയും ചെയ്യുന്നു. പാർത്ഥസാരഥിയായ കൃഷ്ണൻ ഉപദേശിക്കുന്നത്, യുദ്ധം ചെയ്യാനാണ്, ധർമ്മം നിറവേറ്റാനാണ്, ഇത് ധർമ്മയുദ്ധമാണ്. മഹാത്മാഗാന്ധി ഉൾപ്പെടെ പൗരസ്ത്യരും പാശ്ചാത്യരുമായ മഹാരഥന്മാരെ പ്രചോദിപ്പിച്ചിട്ടുള്ള ഈ മഹത് ഗ്രന്ഥം മഹാഭാരതത്തിലെ ഒരദ്ധ്യായം മാത്രമാണ് എന്ന് അമർത്യാസെൻ ഓർമ്മിപ്പിക്കുന്നു. മഹാഭാരത യുദ്ധത്തിന്റെ അവസാനമെന്താണ്?. കുരുക്ഷേത്രമെന്ന പടക്കളം മുഴുവനും രക്തത്തിൽ കുളിച്ച ശവശരീരങ്ങൾ, പ്രിയപ്പെട്ടവരുടെ വേർപാടിൽ നെഞ്ചത്തലച്ചു കരയുന്ന സ്ത്രീകൾ, കത്തിപ്പടരുന്ന അഗ്നി, സർവ്വവും ചാമ്പലായ സമ്പൂർണ്ണ വിനാശത്തിന്റെ ദുരന്തഭൂമി. ഈ ആത്യന്തികാനുഭവം വച്ചു അളക്കുമ്പോൾ, അർജ്ജുനന്റെ നിലപാടല്ലേ ശരി എന്നു അമർത്യാസെൻ ചോദിക്കുന്നു? യുദ്ധം എത്രമാത്രം ന്യായീകരിക്കാവുന്നതാണെങ്കിലും ധർമ്മസംസ്ഥാപനത്തിനു അവശ്യം ആവശ്യമെന്ന് ബോദ്ധ്യമുണ്ടെങ്കിലും, എന്താണ് അതിന്റെ അന്തിമഫലം? ഇതിൽ നിന്നാണ് സെൻ തന്റെ Consequential ethics, അതായത് ആത്യന്തികമായ അനന്തരഫലത്തെ കണക്കിലെടുക്കുന്ന നൈതികതയാണ് സാമ്പത്തിക ശാസ്ത്രത്തിലും രാഷ്ട്രമീമാംസയിലും ശാസ്ത്രീയ ഗവേഷണത്തിലും എല്ലാ മനുഷ്യവ്യാപാരങ്ങളിലും നിയാമകം ആകേണ്ടത് എന്നുപറയുന്നു.

ക്രിസ്തീയ പാരമ്പര്യത്തിൽ ഈ ധാർമ്മികതയുടെ ആധാരം യുഗാന്ത്യദർശനമാണ് (Eschatology). വലിയ വിദ്യാഭ്യാസമോ ഉയർന്ന സാമൂഹിക ബന്ധങ്ങളോ ഇല്ലാതിരുന്ന പരി. പാമ്പാടി തിരുമേനി എപ്പോഴും പ്രസംഗ വിഷയമായെടുത്തിരുന്നതു ഒറ്റ സംഗതിയാണ്. "മക്കളെ, നാലുകാര്യങ്ങൾ എപ്പോഴും ഓർക്കണം: മരണം, ന്യായവിധി, മോക്ഷം, നരകം". സഭയുടെ എല്ലാ പദ്ധതികളും എല്ലാ ആലോചനകളും ഈ യുഗാന്ത്യദർശനത്തിൽ ഊന്നിയാൽ, അവയുടെ ഗുണമേന്മയ്ക്ക് മൗലികമായി വ്യത്യാസം വരും. കാതോലിക്കേറ്റിന്റെ നയരൂപീകരണത്തിൽ ഇതും പ്രധാന വിഷയം തന്നെ.

ഇന്ന് നമ്മുടെ പരി. പൗലോസ് ദ്വിതീയൻ പിതാവ് മലങ്കരയുടെ പ്രധാന ഇടയനായി ചുമതലയേൽക്കുമ്പോൾ, നമുക്ക് ദൈവത്തെ മഹത്വപ്പെടുത്താം, കീർത്തനങ്ങളോടെ ദൈവത്തിന്റെ പ്രാകാരങ്ങളിലേക്ക് നമുക്ക് പ്രവേശിക്കാം. നമ്മുടെ സഹോദരീ സഭകളായ റഷ്യൻ ഓർത്തഡോക്സ് സഭയിലും റുമേനിയൻ, അർമ്മീനിയൻ സഭകളിലും ഈ പിതാവിന്റെ സമപ്രായക്കാരാണ് പാത്രിയർക്കീസന്മാരായും കാതോലിക്കാമാരായും സ്ഥാനമേറ്റിരിക്കുന്നത്. അവരോടും മറ്റെല്ലാ സഭാതലവന്മാരോടും ചേർന്ന് മലങ്കരസഭയ്ക്കും, യേശുക്രിസ്തുവിന്റെ സാർവ്വത്രിക സഭയ്ക്കും നേതൃത്വം കൊടുക്കുവാൻ പരി. പൗലോസ് ദ്വിതീയൻ പിതാവിന് അവസരമുണ്ടാകട്ടെ എന്നു നമുക്കു പ്രാർത്ഥിക്കാം. അദ്ദേഹത്തിന്റെ സ്വഭാവത്തിന്റെ സുതാര്യതയും ജീവിതത്തിന്റെ ലാളിത്യവും വളച്ചുകെട്ടില്ലാത്ത വിനയവും മലങ്കരസഭ തിരിച്ചറിഞ്ഞുകഴിഞ്ഞു. നമുക്കൊരുമിച്ച് നിന്ന്, അദ്ദേഹത്തിന്റെ കരങ്ങളെ ശക്തിപ്പെടുത്താം. പുരാതന ഐറീഷ് ജനതയുടെ പ്രസിദ്ധമായ ഒരു ശുഭയാത്രാ വചനത്തെ അനുകരിച്ചു കൊണ്ട് ആശംസിക്കട്ടെ: *പരിശുദ്ധ പിതാവേ, അങ്ങ് പോകേണ്ടതായ വഴി, അങ്ങേയ്ക്കു മുമ്പിൽ ഉയർന്നുവന്ന് അങ്ങയെ സ്വീകരിക്കട്ടെ. പരിശുദ്ധാത്മാവിന്റെ ഇളംകാറ്റ് അങ്ങേയ്ക്ക് അനുകൂലമായി വന്ന് അങ്ങയെ ആർദ്രമായി തലോടി മുൻപോട്ടു ചലിപ്പിക്കട്ടെ. ഉദയസൂര്യൻ അങ്ങയുടെ മുഖത്ത്, സൗമ്യമായ പ്രകാശം പരത്തട്ടെ. അങ്ങയുടെ വയലിൽ മഴത്തുള്ളികൾ മൃദുവായി വീഴട്ടെ. നാമിനിയും കാണുന്നതുവരെ ദൈവം അങ്ങയെ തന്റെ ഉള്ളംകൈയിൽ കാത്തുകൊള്ളട്ടെ....*

■

പ്രവാചകന്റെ വഴികൾ



3

“പത്താം ക്ലാസ്സിൽ പഠിക്കുമ്പോൾ തന്നെ വേദപുസ്തകത്തിന്റെ മുഴുവൻ അദ്ധ്യായങ്ങളും ചുരുക്കം എഴുതിപ്പഠിച്ചിരുന്നു...




വിദ്യാഭ്യാസ കാലത്ത് പല പല കാരണങ്ങളാൽ രണ്ടു മൂന്നു ക്ലാസ്സുകൾ തോറ്റാണ് ഞാൻ പഠിച്ചത്.”

# വേദപുസ്തകവും സ്കൂൾ പുസ്തകവും

വേദപുസ്തകം വായിക്കുന്നതും പഠിക്കുന്നതും എനിക്ക് എന്നും ഒരുദാഹരണമായിരുന്നു. വേദപുസ്തകം പഠിക്കുവാൻ എന്നെ പ്രേരിപ്പിച്ചത് എന്റെ അമ്മയായിരുന്നു. വേദപുസ്തകം വായിച്ചെങ്കിലേ അത്താഴം വിളമ്പുകയുള്ളായിരുന്നു. തോമസ് ഉപദേശിയും എന്റെ വേദ പഠനത്തിൽ എന്നെ പ്രേരിപ്പിച്ച വ്യക്തിയാണ്. അദ്ദേഹം മിക്കവാറും എന്റെ വീട്ടിൽ വന്നു താമസിച്ച് പ്രാർത്ഥനായോഗം നടത്തുകയും ചെയ്യുമായിരുന്നു. ഒരിക്കൽ ഒരു പെന്തക്കോസ്ത് ഉപദേശി അവിടെ വന്നപ്പോൾ ശിശുസ്നാനം ശരിയാണെന്ന് ഉപദേശിയെ പഠിപ്പക്കുവാൻ തോമസ് ഉപദേശിക്ക് കഴിഞ്ഞു. രണ്ടാം ക്ലാസ് വിദ്യാഭ്യാസം മാത്രമുണ്ടായിരുന്ന ഉപദേശി ഉപയോഗിച്ചിരുന്ന ബൈബിൾ മുഴുവനും അടിവരയിട്ടിരുന്നതാണ്. പലപ്രാവശ്യം വേദപുസ്തകം വായിച്ചിരുന്ന വ്യക്തിയായിരുന്നതിനാൽ, എവിടെ നിന്ന് വായിച്ച് കേൾപ്പിച്ചാലും റഫറൻസ് കൃത്യമായി പറയുമായിരുന്നു. ഞാൻ B.H. ഹൈസ്ക്കൂളിൽ 10–ാം ക്ലാസിൽ പഠിക്കുമ്പോൾ തന്നെ ബൈബിളിന്റെ മുഴുവൻ അദ്ധ്യായങ്ങളും ചുരുക്കമെഴുതി പഠിച്ചിരുന്നു. സിനിമയിലും മറ്റ് വിനോദങ്ങളിലും ഏർപ്പെടുവാൻ സമയം കളഞ്ഞിരുന്നില്ല.

B.H. ഹൈസ്ക്കൂളിൽ പഠിക്കുമ്പോൾ ചില ദിവസം രാവിലെ ഭക്ഷണം ഇല്ലാതിരുന്നതിനാൽ ചെറുകോൽ ഒരു വീട്ടിൽപ്പോയി ട്യൂഷൻ പഠിപ്പിച്ച് അവിടെ നിന്ന് ഭക്ഷണം കഴിച്ചാണ് സ്ക്കൂളിൽ

പോയിരുന്നത്. എന്റെ സ്ക്കൂൾ വിദ്യാഭ്യാസകാലത്ത് പല കാരണങ്ങളാൽ രണ്ടു മൂന്ന് ക്ലാസുകൾ തോറ്റാണ് ഞാൻ പഠിച്ചത്. മലയാളം ഏഴാം ക്ലാസിൽ എന്റെ സഹപാഠിയായിരുന്ന എം. സി. ഉണ്ണൂണ്ണി ജയിച്ചപ്പോൾ ഞാൻ തോറ്റുപോയി, അതിന് കാരണം മഞ്ഞപ്പിത്തം ബാധിച്ചതായിരുന്നു. അതിന് ശേഷം ഇംഗ്ലീഷ് പഠിക്കുവാൻ സാമ്പത്തികം ഇല്ലാത്തതിനാൽ ഏലിയാമ്മ ഉപദേശിയോടൊപ്പം കൺവൻഷന് പോകുമായിരുന്നു. അന്ന് തിരുവല്ല കാവുംഭാഗത്ത് വച്ച് നടന്ന കൺവൻഷൻ സമയത്താണ് കോവൂരെ കൊച്ചച്ചൻ അഞ്ചു രൂപാ തന്ന് എന്നെ വീണ്ടും സ്ക്കൂളിലേക്ക് അയച്ചത്.

ചുരുക്കത്തിൽ, എന്റെ ബാല്യകാലം പട്ടിണിയുടെയും പ്രയാസത്തിന്റെയും തോൽവിയുടെയും പരീക്ഷയിലുള്ള പരാജയങ്ങളുടെയും കാലമായിരുന്നു.

കോളേജിൽ പോകുവാൻ എനിക്ക് സാമ്പത്തികം ഇല്ലായിരുന്നു. അതിന് പകരമാണ് റ്റി.റ്റി.സി. ക്ക് പോയത്. റ്റി. റ്റി.സി.ക്ക് pscychology യിൽ ഞാൻ ഒന്നാമനായിരുന്നു. എന്നാൽ തിരുവനന്തപുരത്ത് പോയി പബ്ലിക്ക് പരീക്ഷ എഴുതിയപ്പോൾ ഞാൻ സൈക്കോളജിക്ക് തോറ്റുപോയി, എനിക്ക് ജോലി നഷ്ടമായി. ജയിച്ചയാൾക്ക് അധ്യാപകനായി ജോലി ലഭിക്കുകയും ചെയ്തു.

ഇംഗ്ലീഷിൽ അല്പം പ്രാവീണ്യം ഉണ്ടായിരുന്നതിനാൽ ബി.എ. ഇല്ലാതിരുന്ന എനിക്ക്, ബി.എ. ക്കാരോടൊപ്പം ബി.ഡി.യ്ക്ക് പഠിക്കുവാൻ സാധിച്ചു.

**ദൈവശാസ്ത്ര പഠനം**

ക്രിസ്തീയ ദൈവശാസ്ത്രത്തിന്റെ Primary Source, Bible ആകയാൽ എന്റെ ദൈവശാസ്ത്രപഠനം ബാല്യത്തിലേ ആരംഭിച്ചു. മൂന്ന് സെമിനാരികളിലായി 7 വർഷം മാത്രമേ വേദപുസ്തകം പഠിച്ചു എങ്കിലും എനിക്ക് വേദപുസ്തകം ഇന്നും ഒരുഹാരമാണ്. 1947-ൽ സെറാമ്പൂരിൽ നിന്ന് തിയോളജിയിൽ ഒന്നാം സ്ഥാനം നേടുവാൻ കാരണമായത്, എന്റെ ചെറുപ്പത്തിലെ ആരംഭിച്ച ബൈബിൾ പഠനമാണ്.

1943-47 വരെ ജബൽപ്പൂർ ലിയനോർഡ് തിയോളജിക്കൽ സെമിനാരിയിൽ പഠിച്ചപ്പോൾ DR. R.D. ഇമ്മാനുവേലായിരുന്നു എന്നെ ഗീത പഠിപ്പിച്ചത്. അദ്ദേഹത്തോടുള്ള സ്നേഹം പിതാവിനോടുള്ള സ്നേഹമായിരുന്നു.


ചെറുപ്പത്തിൽ എന്നെ സ്വാധീനിച്ച Sola scriptura വേദപുസ്തകം മാത്രം എന്ന അമൗലികവാദം മാറുവാൻ സഹായമായത് ഞാൻ ദയറായ്ക്ക് പഠിച്ചതിനാലാണ്. എന്റെ 30-ാം വയസിലാണ് അമേരിക്കയിൽ പോയി പഠിക്കുന്നത്. Drew University യിൽ എന്നെ പഠിപ്പിച്ച Dr. Edwin Lewis ന്റെ The creator and the adversory എന്ന പുസ്തകത്തിൽ നിന്ന് ദൈവസൃഷ്ടിയല്ല പിശാച് കാരണം ആദിയിൽ ഇരുളുണ്ടായിരുന്നു എന്നത് പിശാചിനെക്കുറിച്ച് പറഞ്ഞിരിക്കുന്നു. ഒടുവിൽ രണ്ടാം മരണം പിശാചിന് ഉണ്ടാകും എന്ന് ഞാൻ പഠിച്ചു. അഗസ്റ്റിന്റെ തത്വശാസ്ത്രം ശരിയല്ലായെന്നും ദൈവം സ്നേഹമാണ് എന്നതിന്റെയർത്ഥം, പിതാവിനെയും പുത്രനെയും ബന്ധിപ്പിക്കുന്ന സ്നേഹം പരിശുദ്ധാത്മാവാണ് എന്ന ചിന്ത എന്നിൽ നിന്ന് നീങ്ങി. പാശ്ചാത്യ ദൈവശാസ്ത്രജ്ഞന്മാരിൽ ആരും തന്നെ, സ്നേഹം ദൈവത്തിന്റെ ഉണ്മയാണെന്ന് പഠിപ്പിക്കുന്നില്ല, എന്നാൽ പിതാവും പുത്രനും പരിശുദ്ധാത്മാവും പൂർണ്ണ സ്നേഹമാണെന്നും, ആ പൂർണ്ണത പങ്കിടീലാണെന്നും എന്റെ എല്ലാ ഗ്രന്ഥങ്ങളിലും തെളിയിക്കുവാൻ ശ്രമിച്ചിട്ടുണ്ട്.

യൂണിയൻ സെമിനാരിയിൽ എന്നെ പഠിപ്പിച്ച പ്രധാന അധ്യാപകരായിരുന്നു, Paul Tillich റെയിനോൾഡ് നീബർ എന്നീ ദൈവശാസ്ത്രജ്ഞന്മാർ. ഇവർ യഥാർത്ഥ ഗുരുക്കന്മാരും, പണ്ഡിതരും, ലോക പ്രശസ്തരുമായിരുന്നു. നീബറുടെ വീട്ടിൽ പലപ്പോഴും ഞാൻ പോയിട്ടുണ്ട്.

*തുടരും....*



രോഹിണി വർഗീസ്, തിരുവല്ല



# സ്ത്രീയേ നീ കരയുന്നതെന്ത്

*"യത്രനാരസ്തു പൂജ്യന്തേ*
*രമന്തേ–തത്ര ദേവതാ:*
*യത്രൈ സാസ്തുന പൂജ്യന്തേ*
*സർവ്വതസ്തദ് ഫലക്രിയാ"*
*– മനുസ്മൃതി*

*എവിടെയൊക്കെ സ്ത്രീകൾ മാനിക്കപ്പെടുന്നുവോ, അവിടെ ദേവതകൾ സന്തോഷത്തോടെ വസിക്കുന്നു. സ്ത്രീ എവിടെ അപമാനിക്കപ്പെടുന്നോ അവിടെ നടത്തപ്പെടന്ന സകല ക്രിയകളും നിഷ്ഫലമാകുന്നു).*

വികസനത്തിന്റെയും ആഗോളവൽക്കരണത്തിന്റെയും ഈ കാലത്ത് സ്ത്രീ പുരുഷ സമത്വം എല്ലായിടത്തും പ്രസംഗിക്കപ്പെടുമ്പോഴും വിവേചനവും പീഡനവും ഇപ്പോഴും ഒരു യാഥാർത്ഥ്യം തന്നെ.

## "നീ കരയുന്നതെന്ത്?"

സ്ത്രീയായും മൃഗമായും തന്നെ സൃഷ്ടിക്കാത്തതിൽ ദൈവത്തിനു സ്തോത്രം പറഞ്ഞുകൊണ്ട് തന്റെ പ്രഭാതം ആരംഭിക്കുന്ന യഹൂദ പുരുഷന്മാരുടെ ഇടയിൽ നിന്നുകൊണ്ട് ഒരു മുപ്പത്തിമൂന്നുകാരൻ പുരുഷൻ ഉറക്കെ ചോദിക്കുന്നു. പൊതുസ്ഥലത്തുവച്ച് സ്ത്രീകളുമായി മിണ്ടിക്കൂടെന്ന് ഗുരുക്കന്മാരെ നിയമം വിലക്കിയിട്ടുള്ള കാലം. ഒരു സ്ത്രീ എങ്ങാനും എതിരേ നടന്നുവന്നാൽ അബദ്ധത്തിൽ പോലും അവളെ കാണാതിരിക്കുവാൻ കണ്ണുകൾ മുറുക്കെ പൂട്ടി നടന്ന് മരങ്ങളിലും മതിലുകളിലും ഇടിച്ച് ചോര വാർക്കുന്ന (The Bleeding Pharisees) 'വെള്ളതേച്ച ശവക്കല്ലറകളുടെ' നാട്ടിൽ നിന്നു തന്നെയാണ് അവന്റെ ചോദ്യം, "സ്ത്രീയേ, നീ കരയുന്നതെന്ത്?"

ക്രിസ്തുവിനെപ്പോലെ സ്ത്രീകളെ ഇത്രയും ഗൗരവത്തിലെടുത്ത ഒരു ഗുരു ഉണ്ടാവുകയില്ല. അവൻ നമ്മോടു പറഞ്ഞ കഥകളിലൊക്കെ സ്ത്രീ സാന്നിദ്ധ്യമുണ്ടായിരുന്നു–നാണയം നഷ്ടമായ സ്ത്രീ, മാവിൽ പുളിപ്പു കലർത്തിയ സ്ത്രീ, ന്യായാധിപനെ ശല്യം കെട്ടിയ സ്ത്രീ... അതുവരെ പൊതു സ്ഥലങ്ങളിൽ തലകാട്ടാത്ത സ്ത്രീകൾ ഹാംലിനിലെ കുഴലൂത്തുകാരന്റെ പിറകെ പോയ കുട്ടികളെപ്പോലെ, യേശു എന്നെ ചെറുപ്പക്കാരന്റെ പിന്നാലെ സഞ്ചരിച്ചു. അവന്റെ ജിപ്സി കൂടാരത്തിൽ കുരുടനും കുഷ്ഠരോഗിയും വേശ്യയും മാന്യസ്ത്രീകളും കുട്ടികളും, ചുങ്കക്കാരും ശമര്യാക്കാരും പള്ളി പ്രമാണിയുമെല്ലാം ഇടം കണ്ടെത്തി. കൂനിയായ സ്ത്രീയെ അവൻ 'അബ്രഹാമിന്റെ പുത്രി' എന്നു വിളിച്ചു. വിവാഹമോചന നിയമങ്ങൾ സ്ത്രീക്കും പുരുഷനും ഒരുപോലെ ബാധകമെന്നു പറഞ്ഞു. തൊട്ടുകൂടാത്തവളെയും സൗഖ്യമാക്കി. സ്ത്രീകളെ വചനം പഠിപ്പിച്ചു. ആത്മീയ സത്യങ്ങൾ വെളിപ്പെടുത്തിക്കൊടുത്തു. അന്ത്യത്തോളം അവർ അവനെ അനുഗമിച്ച് യാഥാർത്ഥ ശിഷ്യരെന്നു തെളിയിച്ചു. ഉടുത്തിരുന്ന അങ്കിപോലും ഉപേക്ഷിച്ച് ഓടി രക്ഷപ്പെട്ട പുരുഷ കേസരികൾക്കിടയിൽ സ്നേഹം ധീരകളാക്കി മാറ്റിയ കുറെ സ്ത്രീകൾ... അവരിലൊരു ശിഷ്യ അവന്റെ ഉത്ഥാനത്തിന് ആദ്യ സാക്ഷിയായിത്തീർന്നു, പത്രോസിനും യോഹന്നാനും മുമ്പേ...

എന്നും അവൻ സ്ത്രീകളുടെ ക്ഷേമം അന്വേഷിച്ചിരുന്നു. "മാർത്തേ, നീ ഒത്തിരി കാര്യങ്ങളെക്കുറിച്ച് വ്യാകുലയാകുന്നു" ഒരു നിമിഷം ശാന്തമായിരിക്കുവാൻ പഠിക്കുക. ഇന്നും സ്ത്രീക്ക് ശാന്തയായിരിക്കുവാൻ സാധിക്കുന്നുണ്ടോ? രാവിലെ ബെഡ്റൂമിൽ നിന്ന് അടുക്കളയിലേക്ക്, മക്കളുടെ സ്ക്കൂളിലേക്ക്, ജോലി സ്ഥലത്തേക്ക്, കടയിലേക്ക്, ഒത്തെങ്കിൽ ഞായറാഴ്ച ഒന്നു പള്ളി വരെ, രാത്രി വീണ്ടും കിടപ്പറയിലേക്ക്... കൂടെ പഠിക്കുന്ന പെൺകുട്ടികളുടെ വ്യക്തിത്വം തന്റേതുപോലെ പ്രാധാന്യം ഉള്ളതാണെന്ന് അംഗീകരിച്ചു കൊടുക്കാൻ മടിക്കുന്ന ആധുനിക യുവാക്കൾ! തന്നോടൊപ്പം ആറക്കശമ്പളം വാങ്ങുന്നവളെങ്കിലും സ്വന്തഭാര്യയെ സമസൃഷ്ടിയായി കണക്കാക്കാത്തവർ. പൊതുനിരത്തിലും പണിസ്ഥലങ്ങളിലും പബ്ലിക് ട്രാൻസ്പോർട്ടിലും അവൾ അപമാനിക്കപ്പെടുന്നതു നോക്കി കൈയും കെട്ടി നിൽക്കുന്നവൻ! ഇന്നും അവൻ വിലക്കപ്പെട്ട പഴവും കഴിച്ച്, ദൈവത്തെ കബളിപ്പിച്ച് മരത്തിനു പിന്നിലൊളിക്കുന്നു. "ഞാനോ സ്ത്രീയുടെ കാവൽക്കാ

## പിതാക്കന്മാരുടെ ഓർമ്മപ്പെരുന്നാൾ



പ. ബസേലിയോസ് ഗീവർഗീസ് പ്രഥമൻ കാതോലിക്കാ ബാവാ (82–ാം ഓർമ്മ, ഡിസം. 17, വള്ളിക്കാട്ട് ദയറായിൽ)



പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ (47–ാം ഓർമ്മ, ജനു.–3 ദേവലോകം അരമനയിൽ)



കടവിൽ പൗലൂസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്ത (103 - ാം ഓർമ്മ, നവം. - 2) ആലുവ തൃക്കുന്നത്തു സെമിനാരി)



ദാനിയേൽ മാർ പീലക്സീനോസ് മെത്രാപ്പോലീത്ത (17 - ാം ഓർമ്മ, ഡിസം. - 13) ബേസിൽ ദയറാ, പത്തനംതിട്ട)



യാക്കോബ് മാർ പോളിക്കർപ്പോസ് മെത്രാപ്പോലീത്ത (24 - ാം ഓർമ്മ, ഡിസം. - 6) കൊരട്ടി സെമിനാരി)

രൻ?" എന്ന ചോദ്യവുമായി.

സ്ത്രീയുടെ സങ്കടങ്ങൾ കേൾക്കാനാർക്കു സമയം? പത്രം പോലും വായിക്കാൻ സമയമില്ലാത്ത നമ്മുടെ എത്രയോ സ്ത്രീകൾ! ഒരു കുഞ്ഞുമകൻ വലിയമ്മയോടു ചോദിക്കുന്നു, "അമ്മച്ചി എന്തിനാ പത്രം വായിക്കുന്നത്? അപ്പച്ചന്മാരല്ലേ പത്രം വായിക്കേണ്ടത്?" അഞ്ചു വയസ്സു കാരനു പോലും അറിയാം പത്രം അപ്പച്ചനും അടുക്കള അമ്മച്ചിക്കും ആയിരിക്കണം എന്നത്. ധനികനായ ഒരു കച്ചവടക്കാരന്റെ കഥയുണ്ട്–വീട്ടിൽ വളരെക്കുറച്ചു സമയം ചിലവഴിക്കുന്നവൻ. ഒരിക്കൽ തന്റെ ഭാര്യ കരയുന്നതു കണ്ടപ്പോൾ ഒരു പട്ടുസാരി വാങ്ങി വന്നു. അവളുടെ കണ്ണീ രടങ്ങി. പിന്നെ എപ്പോൾ അവളുടെ മിഴി നനഞ്ഞു കണ്ടാലും അയാൾ ഓരോ സാരി വാങ്ങിവരും. ഇരുട്ടു കൊണ്ട് ഓട്ട അടയ്ക്കുന്നവർ എന്നാലും നീ എന്തിനാണു കരയുന്നത് എന്നയാൾ തിരക്കാൻ മെനക്കെടുന്നില്ല. സത്യ ത്തിൽ അങ്ങിനെ ഒരു കരുതൽ മാത്രമേ സ്ത്രീക്കു വേണ്ടൂ. വല്ലപ്പോഴും അവളുടെ പ്രശ്നങ്ങൾ ഒന്നു ശ്രദ്ധി ക്കാൻ പുരുഷൻ സമയം കണ്ടെത്തിയെങ്കിൽ!

വീണ്ടും കേൾക്കാം ക്രിസ്തുവിന് ഒരായിരം വർഷ ങ്ങൾക്കു മുമ്പ് എഫ്രയീം മലനാട്ടിലെ റാമയിൽ ഒരു വീട്ടിൽ നിന്ന്. മുളചീന്തുന്നപോലെ ഒരു സ്ത്രീയുടെ തേങ്ങലും, പുറകെ ഒരു പുരുഷശബ്ദവും, "ഹന്നേ, നീ എന്തിനു കരയുന്നു? എന്തിനു പട്ടിണി കിടക്കുന്നു? നീ വ്യസനിക്കുന്നതെന്ത്? ഞാൻ നിനക്കു പത്തു പുത്രന്മാ രേക്കാൾ നന്നല്ലയോ?" (1 ശമു. 1:8) വായിക്കുമ്പോൾ കുളിരു കോരുന്ന ഒരു സാന്ത്വനം. മക്കളെ പ്രസവി യ്ക്കുന്ന ഒരു സാമൂഹ്യ വ്യവസ്ഥിതിയിലായിരുന്നിട്ടും മച്ചിയായ ഹന്നയോട് എൽക്കാനാ എന്ന ഭർത്താവു പറ യുന്ന ആശ്വാസ വാക്കുകൾ. "ഭർത്താക്കന്മാരെ, ക്രിസ്തുവും സഭയെ സ്നേഹിച്ചതുപോലെ നിങ്ങളുടെ ഭാര്യമാരെ സ്നേഹിപ്പീൻ" (എഫെ. 5:26) എന്ന് വി. പൗലോസിന്റെ ആഹ്വാനം. എൽക്കാനാ സ്നേഹമുള്ള ഭർത്താവായിരുന്നു. ദൈവത്തെ ആരാധിക്കുന്നവൻ, ഭാര്യയെ ദുഃഖത്തിൽ ആശ്വസിപ്പിക്കുന്നവൻ, ഭാര്യയുടെ നല്ല ആലോചനകളെ മാനിക്കുന്നവൻ, കുടുംബജീ വിതത്തിൽ പ്രതിസന്ധി സൃഷ്ടിക്കുവാൻ ശ്രമിക്കാത്ത വൻ. മാതൃകാ ഭർത്താവ്.

ഇതൊക്കെ പഴങ്കഥകൾ. 21–ാം നൂറ്റാണ്ടിൽ ജീവി ക്കുന്ന നമുക്കെന്ത്, അല്ലേ? പക്ഷെ കാര്യങ്ങൾ ഇവിടം കൊണ്ടവസാനിക്കുന്നില്ലല്ലോ.

"മലയാളി പുരുഷന്മാരേ നിങ്ങളെവിടെ? നങ്ങളുടെ സ്ത്രീകൾ എവിടെ?" വെള്ള സിംഹാസനത്തിൽ (വെ ളി. 20:11,12) ന്യായവിധിയ്ക്കായി ജീവന്റെ പുസ്തകവു മായി ഇരുന്നവൻ വിളിച്ചു ചോദിക്കുമ്പോൾ ഉടലെടു ക്കുവാൻ അത്തിയിലോ ഒളിയ്ക്കാനൊരു വൃക്ഷത്തിന്റെ മറവോ കണ്ടെന്നു വരില്ല... ■


# ST. MARY'S EMBROIDERY

**Palace Road, Changanacherry-686101, Kerala**

Prop: SAJU CHACKO

☏ 0481-2425444,
Res. 2724224, 2727788
(Mob.) 9447136388




**കാപ്പ, വിരിക്കൂട്ട്, ചിത്തോല, തിരശീല, മുതലായവ ഓർഡർ അനുസരിച്ചും റെഡി മെയ്ഡും ലഭ്യമാണ്.**

വിദേശ തുണിയിൽ തയ്ച്ച കാപ്പ എല്ലാ കളറിലും റെഡിമെയ്ഡ് ലഭ്യമാണ്.

ഇന്ത്യയിൽ ഏതുഭാഗത്തും ഓർഡർ അനുസ രിച്ച് ഞങ്ങൾ സാധനങ്ങൾ എത്തിച്ചു തരുന്നു


*For Favours Received*







Mariamma, Pathanapuram




**B R I D E  W A N T E D**

Orthodox parents settled in Chennai invite proposals for their daughter B.E, 23yrs., 5'4" height, slim, software engineer in a reputed MNC, from parents of God fearing, professionally qualified employed boys below 27yrs.

**Contact No.: 04422420889**
**Mobile : 09884140583**
**email.id: : babychen1988@gmail.com**

**B R I D E G R O O M  W A N T E D**

Parents From ancient orthodox family invite proposal, for their daughter B.Tech, Senior Software Engg. 25/163 working with MNC Trivandrum, from similar back ground.

*Contact No.*

**9400503922**

**B R I D E G R O O M  W A N T E D**

**Re-Marriage**

Proposal invited for Orthodox girl, divorce from court & Church (with 5 year old child) 31/152 c.m., MA, B.Ed. working in Mangalore.

*Contact No.*

**08251-264569, 09611637304**

**B R I D E G R O O M  W A N T E D**

EX NRI Orthodox parents invites proposals for thier daughter BSc., BDS (27, 161 c.m) from parents of employed professional boys, BDS, MDS, B-Tech, M.Tech, MCA, CA, MBA (Preferably from employed boys in USA, Canada, Australia, U.K., Gulf countries. Contact No.
Mob. 9947127086

*For Favours Received*





C. I. Philip & Family, Peringara

**B R I D E G R O O M  W A N T E D**

Malankara Orthodox Parents settled in NewYork invites proposals for their daughter 27 yrs. 5'6" fair M.D. She is doing 3rd year residency in a reputed hospital in NEWYORK. Seeking alliance from parents of boy's who have setttled in US and have the M.D./Dentist, qualifications. Please respond with photographs to

**tranquil186@yahoo.com**

**B R I D E  W A N T E D**

Syrian Orthodox parents seek alliance from parents of well educated and qualified girls for thier Son, 29/ 5'6", medium complexion, software engineer in Mysore infosys.
contact:

**08251-264569, 09611637304**

**2ND DEATH ANNIVERSARY**
**02-12-2010**



Y. SKARIAH

**SHIBU BHAVAN, NELLIMOOD,**
**KULATHUPUZHA**

*Inserted by:*

**Santhamma Skariah,**
**Fr. Gheevarghese Y.S.,**
**Alexander Y.S., Anju Geevarghese,**
**Sisi Alexander, Aksa Geevarghese,**
**Saira Alex, Abel Geevarghese**

## One True God

അഡ്വ. റോബിൻ എബ്രഹാം



# ആരാധനയുടെ ആഴങ്ങൾ

## അനന്യമായ ആരാധനയുടെ അനുഭവ തലങ്ങളിലൂടെ...

അങ്ങ് ദൂരെ ആകാശവിതാനത്തിനും അപ്പുറമെങ്ങോ ഉണ്ടെന്ന് പറഞ്ഞ് കേട്ടതും വായിച്ചറിഞ്ഞതുമായ ദൈവത്തെ ഇങ്ങ് താഴത്തിരുന്ന് ഭയത്തോടും വിറയലോടും കൂടി സ്തുതിയ്ക്കുവാനും അവനോട് ചേർന്ന് നടക്കുവാൻ ഓരോ മനുഷ്യനും ആഗ്രഹിക്കുന്നെങ്കിലും, സുഖകരമായ എതിർദിശയിൽ നടക്കുവാനാണ് ഏറെ പ്രിയം. ദൈവം ഭയപ്പെടേണ്ട ആളത്തമല്ല, മറിച്ച് ഏറ്റവും നല്ല സ്നേഹിതനും, ഗുരുവും ആണെന്ന തിരിച്ചറിവാണ് ഒരാളെ അവനോ ടടുപ്പിക്കുന്നത്.

"എന്റെ ആത്മാവ്" എന്ന് പലരും പറയാറുണ്ട്. എന്നാൽ "എന്റെ ശരീരം" എന്ന് പറയുന്നതാണ് ശരി. 'ഞാൻ ആത്മാവാകുന്നു; എനിക്കൊരു ശരീരമുണ്ട്. 'ആത്മാവ് ആകുന്ന ഞാൻ ധരിച്ചിരിക്കുന്ന വസ്ത്രം മാത്രമാണ് ശരീരം. ശരീരം, മനസ്സ്, ആത്മാവ്, പ്രാണൻ, വൈകാരിക–മണ്ഡലം, ദൈവിക–മണ്ഡലം, ദൈവിക–സംരക്ഷണ–ആവരണം തുടങ്ങിയവ ചേരുന്നതാണ് ഒരോ വ്യക്തിയും. ഇതിൽ ആത്മാവ് ആണ് ആളത്തം. ആത്മാവ് നിസംഗ സാക്ഷിയാണ്. കർമ്മങ്ങളുടെ ഫലം അനുഭവിക്കുന്നത് ആത്മാവാണ്. എന്നാൽ ആത്മാവിനുവേണ്ടി ഈശ്വരനോട് പ്രാർത്ഥിക്കേണ്ടത് മനസ്സാണ്. ആ പ്രാർത്ഥനയുടെ പാരമ്യത്തിൽ ആത്മാവ് ഈശ്വരന്റെ സാമീപ്യം അനുഭവിക്കുന്നു. ആ സുഖകരമായ അനുഭവമാണ് ആരാധന. ക്രിസ്തു മലമുകളിൽ കയറിപോയിരുന്നത് ഇത്തരമൊരു ആരാധനയ്ക്കാണല്ലോ.

### ആലയത്തിന്റെ പവിത്രത

ഈശ്വരാരാധനയ്ക്ക് ഒരു പ്രത്യേക സ്ഥലം വേർതിരിക്കുന്ന രീതി അതിപ്രാചീനമാകുന്നു. ദേശാടകരായിരുന്ന എബ്രായർ ജീവിതയാത്രയിൽ പലയിടത്തും ദൈവസാന്നിധ്യം അറിഞ്ഞതിനാൽ അവിടൊക്കെ ആരാധനകഴിച്ച് പോന്നു. ക്രിസ്തു സന്ദർശിച്ച ദേവാലയം ഹെരോദ് രാജാവ് പണികഴിപ്പിച്ചതായും അതിന്റെ

**മനുഷ്യൻ പ്രാകൃതനായിരുന്ന കാലത്ത് ആർപ്പോടെ ആരാധിച്ചിരുന്നെങ്കിൽ, പിന്നീട് ക്രിസ്തു പഠിപ്പിച്ചത് തന്റെ അറയിൽ (ഹൃദയത്തിന്റെ അഥവാ മനസ്സിന്റെ അറ) കയറി വാതിൽ അടച്ച് രഹസ്യത്തിലുള്ള പിതാവിനെ ആരാധിക്കുവാനാണ്.**

അതിവിശുദ്ധസ്ഥലത്തിന്റെ (മദ്ബഹ) നിർമ്മിതിക്കായി 1000 പുരോഹിതന്മാരെ ആശാരിപ്പണി പഠിപ്പിച്ച് നിയോഗിച്ചതായും യഹൂദപുരാണങ്ങളിൽ പറയുന്നു. ദേവാലയത്തിന് ചുറ്റും 24 സ്ഥലത്ത് കാവൽ ഏർപ്പെടുത്തിയിരുന്നതിൽ 3 പ്രധാന ഇടങ്ങളിൽ പുരോഹിതരായിരുന്നത്രെ കാവൽക്കാർ. തിരഞ്ഞെ ടുക്കപ്പെട്ട പുരോഹിതന് മാത്രമേ അതിവിശുദ്ധ സ്ഥലത്ത് പ്രവേശനം അനുവദിച്ചിരുന്നുള്ളൂ എന്നും (ലൂക്കോ:1) കാണുന്നു. അതിൽനിന്നും ദേവാലയ ത്തിന് നൽകിയിരുന്ന പ്രധാന്യം എത്രയെന്നറിയാം.

## വ്യതിരിക്തത

ഒന്നാമത് ആരാധകൻ. അതായത് ആരാധകനായ ആത്മാവ്. രണ്ടാമത്, ആരാധനാപാത്രമായ ദൈവാത്മാവ്. ഇവർ തമ്മിലുള്ള സംസർഗ്ഗം – അതാണ് 'ആരാധന'. ഇത് ശാന്തമായ അന്തരീക്ഷത്തിൽ മാത്രം സാധ്യമായ പ്രക്രിയയാണ്. ഘോഷാരവങ്ങളും വാദ്യമേളങ്ങളും ഒന്നും ഇതിനാവശ്യമില്ല എന്ന് തന്നെയല്ല, അവയൊക്കെ തടസ്സം സൃഷ്ടിയ്ക്കുന്നവയാണ് താനും. ക്രിസ്തുവോ ശിഷ്യൻമാരോ പ്രവാചകൻമാരോ ദേവാലയങ്ങളിൽ അലറിവിളിച്ച് പ്രാർത്ഥിച്ചതായി കാണുന്നില്ല. മനുഷ്യൻ പ്രാകൃതനായിരുന്ന കാലത്ത് ആർപ്പോടെ ആരാധിച്ചിരുന്നെങ്കിൽ, പിന്നീട് ക്രിസ്തു പഠിപ്പിച്ചത് തന്റെ അറയിൽ (ഹൃദയത്തിന്റെ അഥവാ മനസ്സിന്റെ അറ) കയറി വാതിൽ അടച്ച് രഹസ്യത്തിലുള്ള പിതാവിനെ ആരാധിക്കുവാനാണ്. അതായത് ആത്മാവിൽ ആരാധിക്കുവാൻ. അങ്ങനെ ദൈവസന്നിധിയിൽ കഴിയുന്ന അനുഭവം മറ്റേത് സന്തോഷത്തേക്കാളും ആസ്വാദ്യവും ശ്രേഷ്ഠവും ആനന്ദകരവും തന്നെ. ഭാരതത്തിലെ ഋഷിവര്യന്മാർ എക്കാലവും അനുഭവവേദ്യമാക്കിയ പരമാന്ദ സുഖം ഇത് തന്നെ. അത് സ്വായത്തമാക്കാനോ പകർന്ന് കൊടുക്കാനോ കഴിയാതെപോയവർ താളമേളങ്ങളോടെയുള്ള ജല്പനങ്ങളിലേക്കും അട്ടഹാസത്തിലേക്കും വഴികാട്ടി. പോരാത്തതിന് ചിലർ ആരാധിക്കുവാൻ മാധ്യമങ്ങളും വിഗ്രഹങ്ങളും ഉണ്ടാക്കി തന്നു. എന്നാൽ 'വിഗ്രഹങ്ങളോട് അകന്ന് സൂക്ഷിച്ച്കൊൾവിൻ' എന്ന് ഉപദേശിച്ച് യോഹന്നാൻ ശ്ലീഹ തന്റെ ഒന്നാം ലേഖനം അവസാനിപ്പിക്കുമ്പോൾ, അത് മോശെക്കു ലഭിച്ച കല്പനയെ ഓർമ്മിപ്പിക്കുന്നു.

## വിഗ്രഹം എന്നാൽ

പ്രപഞ്ചത്തിലുള്ള സർവ്വവും "കൈവേല" ആകുന്നു – ദൈവത്തിന്റെ കൈവേലയും മനുഷ്യന്റെ കൈവേലയും. സർവ്വവും ഉൾപ്പെടുത്തിയാണ് "കൈവേല ആയ യാതൊന്നിനെയും ആരാധിയ്ക്കരുത്" എന്ന് മോശെയോട് പറഞ്ഞത്. അങ്ങിനെ, കൈവേല ആയതൊക്കെയും വിഗ്രഹം തന്നെ. വിഗ്രഹമില്ലാതെ ആരാധിക്കുവാൻ അറിയാത്തവന് ഈശ്വരനെ ആരാധിക്കുവാനൊരു മാധ്യമമായി മാത്രമേ ഹിന്ദുത്വത്തിൽ പോലും വിഗ്രഹത്തെ അനുവദിക്കു ന്നുള്ളൂ. വിഗ്രഹമില്ലാതെ ആരാധിക്കു വാൻ പ്രാപ്തനായ ഹിന്ദുവിന് വിഗ്രഹാരാധന നിഷിദ്ധം. മാധ്യമങ്ങൾ കൂടാതെ ആരാധിക്കുവാൻ കഴിയണമെങ്കിൽ മാധ്യമത്തെ ഒഴിവാക്കുക തന്നെ വേണം. അതിന് മനസ്സിനെ ഏകാഗ്രമാക്കണം. അപ്പോൾ ആത്മാവ് ഒരുക്കമുള്ളതാകും. അങ്ങനെ മനസ്സൊരുക്കമുള്ള ആത്മാവ് ആണ് ആരാധനയ്ക്ക് എത്തേണ്ടത്.

## ആരാധനയും ബലിയും

"ആരാധന" ബലി അർപ്പിയ്ക്കുവാനുള്ള സമയമാണ്. ഏറ്റവും വിലപ്പെട്ടത് തന്നെയാകണം ബലിവസ്തു – ഊനമില്ലാത്ത കോലാട്ടുകൊറ്റൻ. അബ്രഹാം തന്റെ ഏകജാതനെ ബലി കഴിയ്ക്കാൻ തയ്യാറായത് ദൈവ




**പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ, കിഴക്കിന്റെ കാതോലിക്കായ്ക്ക്**

പ്രവാസി ഓർത്തഡോക്സ് മക്കളുടെ, ന്യൂനപക്ഷ വിഭാഗം, ഭൂരിപക്ഷ വിഭാഗം, സർവമത വിശ്വാസികളുടെ അത്യാദരവോടെ

സ്വാഗതം




**ജോർജ് പി. വാഴശ്ശേരി** (ജനറൽ സെക്രട്ടറി)
മഹാരാഷ്ട്ര പ്രദേശ് കോൺഗ്രസ് കമ്മറ്റി
(ന്യൂനപക്ഷവിഭാഗം)
ഫോൺ: 09757109314 / 09819891155

ഹിതപ്രകാരമാണ്. ദൈവത്തിന് മനുഷ്യന്റെ ബലിവസ്തുകൊണ്ട് എന്ത് പ്രയോജനം? ഒരുവന്റെ ഊനമില്ലാത്തതിനെയും ഏറ്റവും പ്രിയപ്പെട്ടതിനെയും പോലും യഹോവയക്ക് അർപ്പിയ്ക്കുവാനും, അതിലൂടെ സർവ്വവും യഹോവയുടേത് എന്ന് അംഗീകരിക്കുവാനും മനസ്സാകുന്നുവോ എന്നാണ് ചോദ്യം. അബ്രഹാമിന് ലഭിച്ച ചോദ്യവും അതു തന്നെ. മല കയറുമ്പോൾ അബ്രഹാമിന്റെ ഹൃദയം ഭാരപ്പെട്ടിരിക്കാം. എങ്കിലും ആത്മാവും മനസ്സും ഒരുക്കമുള്ളതായിരുന്നു.

### ആരാധനയ്ക്കുള്ള സ്ഥലം

ആരാധന ഒരു പ്രത്യേക സ്ഥലത്ത് മാത്രം നടത്താനുള്ളതല്ല. കൂട്ടായ ആരാധനയ്ക്ക് ദേവാലയം ആവശ്യമെങ്കിലും വ്യക്തിഗതമായ ആരാധനയ്ക്ക് പ്രത്യേകസ്ഥലം വേണമെന്നില്ല. എങ്കിലും, ഒരു നിശ്ചിതസ്ഥലത്ത് നിശ്ചിത സമയത്ത് ദിവസവും ആരാധന ചെയ്യുന്നത് ആരാധനയുടെ ആഴം വർദ്ധിപ്പിയ്ക്കും. അവിടെ യഹോവ നമ്മെ കാത്തിരിയ്ക്കും കിഴക്കോട്ട് അഭിമുഖമായി ആരാധിക്കുന്നതിന് വ്യക്തമായ ശാസ്ത്രീയ ഉദ്ദേശ്യമുണ്ട്. ഭൂമിയുടെ കാന്തിക–ഉത്തര–ധ്രുവം (Magnetic north pole) അന്റാർട്ടിക്കയിലും, കാന്തിക – ദക്ഷിണ–ധ്രുവം (Magnetic south pole) ആർട്ടിക്കയിലും ആണല്ലോ. എന്നാൽ സ്വതന്ത്രമായ ഒരു കാന്തത്തിന്റെ ധ്രുവങ്ങൾ ഭൂമിയുടെ കാന്തിക–ധ്രുവങ്ങൾക്ക് എതിർ ദിശയിലായിരിക്കും. മനുഷ്യന്റെ തലച്ചോറിന്റെ കാന്തിക–ഉത്തര–ധ്രുവം നെറ്റിയുടെ മധ്യത്തിലും കാന്തിക–ദക്ഷിണ–ധ്രുവം തലയുടെ പിൻ ഭാഗത്തുമാണ്. കിഴക്കോട്ട് അഭിമുഖമായി നിൽക്കുന്ന ഒരാളുടെ തലച്ചോറിന്റെ കാന്തിക–അച്ചുതണ്ടും (Magnetic axis) ഭൂമിയുടെ കാന്തിക അച്ചുതണ്ടും ലംബമായി (Perpendicular) വരുകയും തദവസരത്തിൽ തലച്ചോറ് ഏറ്റവും ഉത്തേജിതമാകുകയും അത് ബുദ്ധി ശക്തിയെ വർദ്ധിപ്പിക്കുകയും ചെയ്യും. ആരാധന, പഠനം, വീടിന്റെ ദർശനം ഇവയൊക്കെ കിഴക്കിന് അഭിമുഖമായി വേണമെന്ന് പറയുന്നതിന്റെ ശാസ്ത്രീയ അടിസ്ഥാനം ഇതാണ്. മതവിശ്വാസവുമായോ ജ്യോതിഷവുമായോ ഇതിനെ ബന്ധിപ്പിച്ച്, അടിസ്ഥാനരഹിതമെന്ന് പറയേണ്ടതില്ല. അറിഞ്ഞ് കൂടാത്ത സത്യങ്ങളെ നിഷേധിയ്ക്കുവാനാണ് ഭാരതത്തിലെ ക്രിസ്ത്യാനി ശീലിച്ചിരിക്കുന്നത്, അഥവാ ശീലിപ്പിച്ചിരിക്കുന്നത്. അത് പ്രൊട്ടസ്റ്റന്റ് മിഷനറിമാരുടെ തന്ത്രമായിരുന്നു. അവർക്ക് ഗ്രഹിക്കുവാനാകാത്ത ആഴമേറിയ ഭാരത സംസ്കൃ തിയെ അവർ പാടേ നിഷേധിച്ചു. ഓരോ വ്യക്തിയുടെയും നൻമതിന്മക ളുടെ ഫലം തലമുറകൾ അനുഭവിക്കും എന്ന് നാം ബൈബിളിൽ നിന്ന് വിശ്വസിക്കുന്നു. എന്നാലതിനെ ത്തന്നെ ഹിന്ദു ''കർമ്മഫലം'' എന്നു പറയുമ്പോൾ നാം നിഷേധിക്കും.

**ഓരോ വ്യക്തിയും അവനവനെ തിരിച്ചറിയണം. ഞാൻ ആരാണെന്നറിയണം. അതിനുള്ള വഴി ധ്യാനമാണ് – തപസ്സ്.**




### തുറന്ന മനസ്സ്

നമ്മുടെ അറിവാണ് നമ്മുടെ കാഴ്ചപ്പാടുകളെയും വിശ്വാസങ്ങളെയും രൂപപ്പെടുത്തുന്നത്. അതിനാൽ അറിവില്ലാത്ത കാര്യങ്ങളെ നിഷേധിക്കാതെ, നിലവിലുള്ള അറിവിന്റെ പരിമിതിക്കുള്ളിൽ ഒതുങ്ങിക്കൂടാതെ, സകല അറിവിന്റെയും മുന്നിൽ മനസ്സിന്റെ വാതായനങ്ങളെ മലർക്കെ ത്തുറക്കുവാൻ നാം തയ്യാറാകണം. നാം കേൾക്കുന്നതും വായിക്കുന്നതും വിശ്വസിക്കുന്നതും എല്ലാം പൂർണ്ണമായി, ഒരുപക്ഷേ ഭാഗികമായിപ്പോലും ശരിയായിരിക്കണമെന്നില്ല. അങ്ങനെയെങ്കിൽ നാമറിയാത്ത ശരികളും സത്യങ്ങളും നമ്മുടെ ഉള്ളിലേക്ക് വരുവാൻ എന്തുകൊണ്ട് അനുവദിച്ചു കൂടാ. സർവ്വദാ മനസ്സിന്റെ വാതായനങ്ങൾ തുറന്നിടുവാനാണ് ഭാരത സംസ്കൃതി പഠിപ്പിക്കുന്നത്. തുറന്ന മനസ്സുമായി ആരാധിക്കുമ്പോൾ ആരാധന ഗ്രാഹ്യവും വിശാലവും ആകുന്നു. അതിന് ഓരോ വ്യക്തിയും അവനവനെ തിരിച്ചറിയണം. ഞാൻ ആരാണെന്നറിയണം. അതിനുള്ള വഴി ധ്യാനമാണ് – തപസ്സ്. അതിന്റെ ആദ്യപടിയായി മനസ്സിന്റെ വാതായനങ്ങളെ മലർക്കെ തുറന്നിടണം. സർവ്വജ്ഞാനവും കയറിവരട്ടെ. അപ്പനും അമ്മയും പുരോഹിതരും പറഞ്ഞതുകൊണ്ട് മാത്രം ദൈവത്തെയും ക്രിസ്തുവിനെയും വചനത്തേയും വിശ്വസിക്കുന്നവരാണ് നാം. എന്നാൽ ആ സത്യങ്ങളെ കണ്ടും തൊട്ടും അറിഞ്ഞ് വിശ്വസിക്കുവാൻ സാധിക്കുമെങ്കിൽ എന്തിനു നാം അതിനെ നിഷേധിക്കുന്നു. “കാണാതെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ” എങ്കിൽ “കണ്ട് വിശ്വസിക്കുന്നവർ എത്ര ഏറെ ഭാഗ്യവാൻമാർ” ആയി രിക്കും.

### വസ്ത്രധാരണം

വസ്ത്രത്തിന്റെ നിറത്തിനും, ചുറ്റുപാടിന്റെ നിറത്തിനും പ്രസക്തിയുണ്ട്. കടുത്ത നിറങ്ങൾ നമ്മുടെ മനസ്സിൽ പ്രതികൂല സ്വാധീനം ഉണ്ടാക്കും. ചുവന്ന വസ്ത്രം സ്ഥിരമായി ഉപയോഗിക്കുന്നവരിൽ തമോഗുണവും ശുഭ്രവസ്ത്രം ഉപയോഗിക്കുന്നവരിൽ രജോഗുണവും കാവിവസ്ത്രം ഉപയോഗിക്കുന്നവരിൽ സാത്വികഗുണവും വർദ്ധിക്കും. ചുവപ്പ് എരിവിനെ

അഥവാ തീഷ്ണതയെ വർദ്ധിപ്പിക്കുന്നതി നാലാവാം രാജാക്കൻമാരും കുബേരൻമാരും അത് ഉപയോഗിച്ചു പോന്നത്.

ക്രിസ്തുവിനെ പരിഹസിക്കുവാനായി ന്യായവിധി സമയം ചുവന്ന അങ്കി ധരിപ്പിച്ചതിന്റെ പ്രതീകമാ യാവാം മേൽപട്ടക്കാർ ഇന്നും ചുവന്ന അങ്കി ഉപയോഗിക്കുന്നത്. പുരോഹിത ഗണമായിരുന്ന ലേവ്യർ കാവി വസ്ത്രമായിരുന്നത്രെ ഏറെധരിച്ചിരുന്നത്. അതുപോലെ, പശ്ചാത്തലത്തിന്റെ നിറവും മനസ്സിനെ സ്വാധീനിയ്ക്കും. അതിനാലാണ് ദേവാലയങ്ങൾക്കുള്ളിൽ പ്രത്യേക നിറം ഉപയോഗിക്കുന്നത്.

### ആരെയാണ് ആരാധിയ്ക്കേണ്ടത്

"ദൈവം" എന്ന സംസ്കൃതപദത്തിന്റെ അർത്ഥം "ദേവനെ സംബന്ധിക്കുന്നത്" എന്നാണ്. 'God' എന്ന ആംഗലേയ – പദവും 'ദൈവം' 'എന്ന പദവുമായി അർത്ഥ വ്യത്യാസമുണ്ട്. ''God' എന്നാൽ "ഈശ്വരൻ" 'അഥവാ' "വിശ്വത്തെ ഭരിക്കുന്നവൻ" എന്നർത്ഥം. മലയാള – വേദ പുസ്തകത്തിൽ "ദൈവം" എന്നിടത്ത് "ഈശ്വരൻ" എന്ന് വായിക്കുമ്പോഴാണ് അർത്ഥം പൂർണ്ണമാകുന്നത്. 'ഈശ്വരൻ' എന്ന് പറയുമ്പോൾ അത് ഹിന്ദുക്കളുടെ ദൈവമാണെന്ന ധാരണയും മാറണം. ക്രിസ്ത്യാനി അല്ലാത്തവരെ 'ഹിന്ദു' എന്ന് വിളിച്ചത് ക്രിസ്ത്യാനി യാണ്. ഹിന്ദുസ്ഥാനിൽ ജനിച്ചവനെ ന്നാണ് 'ഹിന്ദു' എന്ന പദത്തിനർത്ഥം. സകലതും സൃഷ്ടിച്ച് ഭരിക്കുന്നവന് ഹിന്ദുവോ ക്രിസ്ത്യാനിയോ മുസ്ലീമോ ആകേണ്ടതില്ല. പക്ഷേ നമ്മൾ ദൈവത്തെ പിടിച്ച് ക്രിസ്ത്യാനി ആക്കാൻ നോക്കുന്നു. അനുബന്ധമായി, 'ദേഹിയെയും ദേഹത്തെയും നശിപ്പിപ്പാൻ കഴിയുന്നവനെത്തന്നെ ഭയപ്പെടുവിൻ' എന്ന് പറഞ്ഞിട്ടുണ്ടല്ലോ. ക്രിസ്തു പ്രാർത്ഥിച്ചിരുന്നത് സ്വർഗ്ഗസ്ഥനായ പിതാവിനോടാണ്. അവൻ നമ്മെ പഠിപ്പിച്ചതും അപ്രകാരം തന്നെ.

### ആരാധനയുടെ ഫലം

ആവശ്യങ്ങൾ സാധിച്ചെടുക്കാനുള്ള വഴിയല്ല ആരാധന. ആവശ്യങ്ങളെ തുച്ഛീകരിക്കുവാനും, ആവശ്യങ്ങളുടെയും മോഹങ്ങളുടെയും വലയിൽ നിന്ന് മോചനം നേടാനും നമ്മെ ഒരുക്കുന്ന മാർഗ്ഗമാണ് ആരാധന. സന്തോഷം, സമാധാനം, മനശ്ശക്തി, വിടുതൽ ഇവയാണ് ആരാധനയിലൂടെ നേടാനാകുക. ദൈവത്തിന്റെ മനംമാറ്റമല്ല, മറിച്ച് പ്രാർത്ഥിക്കുന്ന വ്യക്തിയുടെ മനംമാറ്റമാണ് ലക്ഷ്യം. ദൈവത്തെ അറിയുമ്പോഴാണ് അത് സാധ്യമാകുന്നത്. അതിലേക്ക് നയിക്കുന്നത് ജ്ഞാനമാണ്. അതിന്റെ തുടക്കം യഹോവഭക്തിയിലും. അങ്ങിനെ യഹോവഭക്തി ജ്ഞാനത്തിലേക്കും, ജ്ഞാനം വ്യക്തതയിലേക്കും, വ്യക്തത ദൈവഹിതപ്രകാരമുള്ള നിലപാടുകളിലേക്കും നമ്മെ നയിക്കും. അബ്രഹാമിനെയും മോശെയെയും പോലെ, ദാവീദിനെയും ഏലിയാവിനെയും പോലെ വേദപുസ്തകത്തിലും ചരിത്രത്താളുകളിലും പറയുന്ന മറ്റനേകരെയും പോലെ ദൈവത്തോട് ചേർന്ന് നടക്കുവാനുള്ള ഒരുക്കവും ശ്രമവും ആണ് വേണ്ടത്. 'നാളെയോ മറ്റൊരു നാളിലോ അല്ല, കർത്താവേ, ഇപ്പോൾ തന്നെ നിന്റെ പ്രിയരിലൊരാളായി എന്നെയും ചേർക്കണമേ' എന്ന് അപേക്ഷിയ്ക്കാം. സ്തുതി, സ്തോത്രം, പ്രാർത്ഥന, ഇവയിലൂടെ കടന്ന് ആരാധനയിലെത്തി യഹോവയുടെ സ്നേഹിതനായി നമുക്കും അവനോട് ചേർന്ന് നടക്കാം. ■


**പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ ബാവായുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചുകൊണ്ട്**



**Dr. George Thomas,**
**Dr. Grace George,**
**Dr. Gem George**
**& Greg**

**SOUTH AFRICA**

## SUNDAY SCHOOL NEWS



# ക്രിസ്തുമസും, പുതുവർഷവും

**ഫാ. ഡോ. ഒ. തോമസ്**
(ഡയറക്ടർ ജനറൽ)

ഒരു അദ്ധ്യയന വർഷം കൂടി അവസാനിക്കുകയാണ്. വാർഷിക പരീക്ഷകൾ നവം. 28, ഡിസം. 5 തീയതികളിലായി നടത്തപ്പെടുമല്ലോ. തുടർന്നുള്ള മത്സര പരീക്ഷകൾ ജനുവരി മാസം 1–ാം തീയതിയും നടക്കുന്നതാണ്. 10, 12 ക്ലാസുകളിലെ പരീക്ഷയും അന്നേ ദിവസം തന്നെയായിരിക്കും. സെക്കുലർ സ്ക്കൂളുകളിൽ പഠിക്കുന്ന കുട്ടികൾ പരീക്ഷ എഴുതാതിരിക്കുന്നത് മാതാപിതാക്കളുടെ അനാസ്ഥയും ആത്മീയ വിദ്യാഭ്യാസത്തിലുള്ള താല്പര്യക്കുറവുമാണ് പ്രതിഫലിപ്പിക്കുന്നത്. അങ്ങനെയുണ്ടാകാതിരിക്കാൻ ബന്ധപ്പെട്ട ഏവരും ശ്രദ്ധിക്കണം.

### പ്രതിഭ, പ്രവീൺ, വിജ്ഞാനി, ഗാനസുഗന്ധി

എന്നീ സ്ഥാനങ്ങളിലേയ്ക്കു തെരഞ്ഞെടുക്കപ്പെടുന്ന മത്സര പരീക്ഷ പതിവുപോലെ ജനുവരി 8–ാം തീയതി കേന്ദ്ര ഓഫീസിൽ വെച്ചു നടത്തപ്പെടുത്തുന്നതാണ്. സോണൽ മത്സരത്തിൽ വിജയികളായ എല്ലാവരും ഈ മത്സരത്തിൽ പങ്കെടുക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ചിലർ ചൂണ്ടിക്കാട്ടിയ ന്യൂനതകൾ പരിഹരിക്കുവാൻ എക്സിക്യൂട്ടീവ് കമ്മറ്റിയിൽ ആലോചിച്ച് ഉചിതമായ തീരുമാനങ്ങൾ ചെയ്യുന്നതാണ്. എക്സിക്യൂട്ടീവ് കമ്മറ്റി ഡിസം. 4–ന് കേന്ദ്ര ഓഫീസിൽ ചേരുന്നതാണ്.

### പരീക്ഷ കഴിഞ്ഞിട്ടുള്ള ഇടവേള

പുതിയ അദ്ധ്യയന വർഷം ആരംഭിക്കുന്നത് 2011 ജനുവരി മാസം 2–ാം തീയതി ഞായറാഴ്ചയാണല്ലോ. വാർഷിക പരീക്ഷ കഴിഞ്ഞിട്ട് 3 ഞായറാഴ്ചകൾ നമുക്ക് ലഭിക്കുന്നുണ്ട്. ആനുകാലികമായ വിഷയങ്ങളെക്കുറിച്ച് ചിന്തിക്കുവാനും, ചില ജനറൽ ക്ലാസ്സുകൾ എടുക്കാനും ഈ ദിവസങ്ങൾ പ്രയോജനപ്പെടുത്താവുന്നതാണ്. വ്യക്തിത്വ വികാസം, പരിസ്ഥിതി സംരക്ഷണം തുടങ്ങി പൊതുവായ ചില ക്ലാസ്സുകൾ എടുത്ത് ഈ ആഴ്ചകൾ നന്നായി പ്രയോജനപ്പെടുത്താവുന്നതാണ്.

### പി.എം.ജി. സെന്റർ

നവം. 5, 6 തീയതികളിലായി നടന്ന നേതൃത്വ പരിശീലന ക്ലാസിൽ കേരളത്തിലെ എല്ലാ ഭദ്രാസനങ്ങളിൽ നിന്നും പ്രതിനിധികൾ വന്നിരുന്നു. ഏകദേശം 80 പേർ പങ്കെടുത്ത ക്യാമ്പ് വളരെ പ്രയോജനമായിരുന്നു എന്ന് പങ്കെടുത്ത അനേകരും അറിയിച്ചിട്ടുണ്ട്. പങ്കെടുക്കാതെ പോയവരെ ഉദ്ദേശിച്ച് വീണ്ടും ഇതുപോലെയുള്ള ക്യാമ്പുകൾ സംഘടിപ്പിക്കുന്നതാണ്. പുതിയ കാര്യങ്ങൾ പഠിക്കുവാൻ സൺഡേസ്ക്കൂൾ അദ്ധ്യാപകരും, നേതൃനിരയിൽ പ്രവർത്തിക്കുന്നവരും സമയം കണ്ടെത്തണം. എങ്കിൽ മാത്രമേ വളരുന്ന തലമുറയ്ക്ക് താല്പര്യമുള്ള വിധത്തിൽ വിഷയങ്ങൾ അവതരിപ്പിക്കുവാനുള്ള അറിവു ലഭിക്കുകയുള്ളൂ.

### ക്രിസ്തുമസ്സും, പുതുവർഷവും

ക്രിസ്തുമസ്സിന്റെ ആഘോഷങ്ങൾ കുട്ടികൾക്ക് എപ്പോഴും താല്പര്യമുള്ളതാണ്. സൺഡേസ്ക്കൂളുകൾ കുട്ടികൾക്ക് താല്പര്യവുമായ വിധത്തിൽ ക്രിസ്തുമസ്സ് പരിപാടികൾ ക്രമീകരിക്കണം. അതേസമയം ഡിസം. 1 മുതലുള്ള നോമ്പും, കർത്താവിന്റെ ജനനത്തെ വിശുദ്ധിയോടും ഭക്തിയോടും സ്വീകരിക്കുന്നതിന്റെ ആവശ്യകതയും ഒക്കെ അവരെ ബോധ്യപ്പെടുത്തണം. യേശു തമ്പുരാന്റെ ജീവിതവുമായി ബന്ധമുള്ള വലിയ പെരുന്നാളുകൾ ഏറെക്കുറെ ശുഷ്ക്കമാവുകയാണ്. ജനനപ്പെരുന്നാൾ, ഉയിർപ്പുപെരുന്നാൾ, പെന്തിക്കോസ്തി പെരുന്നാൾ ഇടവകകളിൽ സംബന്ധിക്കാൻ താല്പര്യം കുറയുന്നു. ആഘോഷ പൂർണ്ണമായ മറ്റു പെരുന്നാളുകൾക്ക് ആൾക്കൂട്ടം വർദ്ധിക്കുന്നു. ഇത് ആത്മീയ വളർച്ചയുടെ അടയാളമല്ല. മോറാനായ പെരുനാളുകളിൽ ശുഷ്കാന്തിയോടെ സംബന്ധിപ്പിക്കാനുള്ള താല്പര്യം കുട്ടികളിൽ നാം വളർത്തിയെടുക്കണം. അപ്രകാരം നല്ല ആത്മീയ അനുഭവമുള്ള ഒരു ക്രിസ്തുമസ്സും പുതുവത്സരവും ഇപ്പോഴേ എല്ലാവർക്കും ആശംസിക്കുന്നു. ■



## നമ്മിലൊരാൾ From Our Church


## ശ്രീ. ഉമ്മൻ ചാണ്ടി

പുതുപ്പള്ളിക്കാരുടെ കുഞ്ഞൂഞ്ഞ് എന്ന ഉമ്മൻചാണ്ടി മലങ്കര സഭയുടെ അരുമസന്താനമാണ് എന്നുള്ളത് അഭിമാനകരമാണ്. നിയമസഭാ സമാജികനായി നാലു പതിറ്റാണ്ടുകൾ പിന്നിടുമ്പോഴും കേരള രാഷ്ട്രീയ രംഗത്ത് സജീവസാന്നിദ്ധ്യമായി ഉമ്മൻചാണ്ടി നിലകൊള്ളുന്നു.

1943 ഒക്ടോബർ 31–ന് കോട്ടയം ജില്ലയിൽ കുമരകത്തായിരുന്നു ഉമ്മൻചാണ്ടിയുടെ ജനനം. പിതാവ് പുതുപ്പള്ളി കരോട്ട് വള്ളക്കാലിൽ കെ.ഒ. ചാണ്ടിയും, മാതാവ് ബേബി ചാണ്ടിയുമായിരുന്നു. ഹൈസ്ക്കൂൾ വിദ്യാഭ്യാസം പുതുപ്പള്ളി സെന്റ് ജോർജ് ഹൈസ്ക്കൂളിൽ നിന്ന് പൂർത്തീകരിച്ച് കോട്ടയം സി.എം.എസ്. കോളേജ്, ചങ്ങനാശ്ശേരി എസ്.ബി. കോളേജ് എന്നിവിടങ്ങളിൽ പഠനം നടത്തി. ബി.എ. ബിരുദം സമ്പാദിച്ചു. എറണാകുളം ലോ കോളേജിൽ നിന്ന് എൽ.എൽ.ബി. പാസായി കോളേജ് ക്യാംപസുകൾ അദ്ദേഹത്തിന്റെ അറിവിനെ വർദ്ധിപ്പിച്ചതിനോടൊപ്പം ഉമ്മൻചാണ്ടി എന്ന ജനനേതാവിനെ രൂപപ്പെടുത്തുകയായിരുന്നു.

യൂത്ത് കോൺഗ്രസ് പ്രവർത്തകനായിട്ടായിരുന്നു മുഖ്യധാര രാഷ്ട്രീയത്തിലേക്കുള്ള പ്രവേശനം. 1961–ൽ അഖില കേരള ബാലജന സഖ്യത്തിന്റെ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. 1965–ൽ കെ.എസ്. യുവിന്റെ സംസ്ഥാന ജനറൽ സെക്രട്ടറിയായി. 1967–ൽ കെ.എസ്.യു. സംസ്ഥാന പ്രസിഡന്റായും, 1969–ൽ യൂത്ത് കോൺഗ്രസ് സംസ്ഥാന പ്രസിഡന്റായും ചുമതലകൾ വഹിച്ചു. 1970–ൽ പുതുപ്പള്ളി മണ്ഡലത്തിൽ നിന്നും എം.എൽ.എ. യായി തെരഞ്ഞെടുക്കപ്പെട്ടു. പിന്നീട് തുടർച്ചയായി ഒൻപത് തവണ അതേ മണ്ഡലത്തിൽ നിന്നും തെരഞ്ഞടുക്കപ്പെട്ടത് ഉമ്മൻചാണ്ടിക്ക് ജനഹൃദയങ്ങളിലുള്ള വാചാലമായ സാക്ഷ്യത്തിന്റെയും ജനസമ്മതിയുടെയും നിദർശനമാണ്.

1977 ഏപ്രിൽ 11 മുതൽ 1978 ഒക്ടോബർ 27 വരെ തൊഴിൽ വകുപ്പ് മന്ത്രിയായിരുന്നു. 1981–82 കാലയളവിൽ ആഭ്യന്തര വകുപ്പിന്റെ ചുക്കാൻ പിടിച്ചു. 1991 ആഗസ്റ്റ് മുതൽ 1994 ജൂൺ വരെ ധനകാര്യവകുപ്പ് മന്ത്രിയായിരുന്നു. 2004 ആഗസ്റ്റിൽ എ. കെ. ആന്റണി മുഖ്യമന്ത്രിസ്ഥാനം രാജിവച്ചതിനേതുടർന്ന് 2004 ആഗസ്റ്റ് 31–ന് മുഖ്യമന്ത്രിയായി സത്യ പ്രതിജ്ഞചെയ്ത് അധികാരമേറ്റു. കേരളത്തിന്റെ പുരോഗതിക്കായി ‘അതിവേഗം ബഹുദൂരം’ പദ്ധതികൾ നടപ്പിലാക്കി. 2006 മെയ് 25 മുതൽ പ്രതിപക്ഷനേതാവായി ചുമതല വഹിക്കുന്നു. യു.ഡി.എഫ് കൺവീനർ, എ.ഐ.സി.സി. അംഗം വിവിധ ട്രേഡ് യൂണിയനുകളുടെ നേതാവ് എന്നീ നിലകളിൽ കോൺഗ്രസ് പാർട്ടിയിലും മുന്നണി രാഷ്ട്രീയത്തിലും



തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്. ലളിതമായ ജീവിതശൈലിയും ജാതി–മത–രാഷ്ട്രീയ ഭേദം കൂടാതെയുള്ള പ്രവർത്തനശൈലിയും ഉമ്മൻചാണ്ടി എന്ന ജനനേതാവിന് ജനഹൃദയങ്ങളിൽ സ്ഥാനം നേടിക്കൊടുത്തു.

സഭാ ജീവിതത്തിലും മാതൃകയുള്ള നേതാവാണ്. പുതുപ്പള്ളി സെന്റ് ജോർജ് ഓർത്തഡോക്സ് വലിയപള്ളി ഇടവകാംഗമായ ഉമ്മൻ ചാണ്ടി. പ. ഗീവർഗീസ് സഹദായുടെയും, പ. പാമ്പാടി തിരുമേനിയുടെയും മദ്ധ്യസ്ഥതയിൽ കൂടുതലായി അഭയപ്പെടുന്ന ഇദ്ദേഹം തിരക്കേറിയ ജീവിതത്തിനിടയിലും എല്ലാ ഞായറാഴ്ചയും പുതുപ്പള്ളി പള്ളിയിൽ വി. കുർബ്ബാനയിൽ സംബന്ധിക്കണമെന്ന് നിർബന്ധമുള്ളയാളാണ്.

ആലപ്പുഴ കരുവാറ്റ പാട്ടാശ്ശേരിൽ കുടുംബാംഗമായ മറിയാമ്മയാണ് സഹധർമ്മിണി. മറിയ, അച്ചു ഉമ്മൻ, ചാണ്ടി ഉമ്മൻ എന്നിവർ മക്കളും, റിക്കി മാത്യു ലിജോ ഫിലിപ്പ് എന്നിവർ മരുമക്കളുമാണ്. അലക്സ് ചാണ്ടി, വത്സമ്മ ചാണ്ടി എന്നിവർ സഹോദരങ്ങളാണ്.

അറുപത്തിയേഴിന്റെ നിറവിലും, തന്റെ കർമ്മമണ്ഡലങ്ങളിൽ നിറയുന്ന വ്യക്തിത്വമായി, വിവിധ സമരമുഖങ്ങളിൽ ജനങ്ങളോടൊപ്പം നിൽക്കുന്ന ജനനേതാവായി. കേരള രാഷ്ട്രീയ പൊതുപ്രവർത്തനരംഗത്ത് നിറസാന്നിദ്ധ്യമായി ഉമ്മൻ ചാണ്ടി തന്റെ ജനസേവനം തുടർന്നുകൊണ്ടിരിക്കുന്നു...

– വിനു ശെമ്മാശൻ ■





കൈക്കുടന്ന

# തിരുജനനം

- ദൈവമക്കൾ എന്ന് വിളിക്കപ്പെടാനുള്ളത്രയും സ്നേഹം പിതാവ് നമ്മോട് കാട്ടിയിട്ടുണ്ട്. നിർഭാഗ്യവശാൽ, സ്നേഹനിരാസങ്ങളെ ആഘോഷമാക്കുന്ന ഒരു കാലത്ത് ജീവിക്കാനുള്ള ദുരന്തമാണ് നമുക്കുള്ളതെന്ന് തോന്നിപ്പോകുന്നു. തിരസ്ക്കാരങ്ങൾകൊണ്ട് മാത്രം ജീവിതത്തെ അടയാളപ്പെടുത്തേണ്ടി വരുന്നുണ്ട് നമുക്ക്! സ്നേഹം ജനിക്കുന്നത് നിശ്ചയമായും അപകടകരമായ ഒരു സാഹസികതയാണ് എല്ലാക്കാലത്തും! അല്ലേ!
- മോശ ജനിക്കുന്നിടത്ത് എത്ര അപകടകരമാണ് കാര്യങ്ങൾ. രക്ഷപ്പെടുത്താനുള്ള ഒരുവനെയും വളരാനനുവദിക്കാത്ത കാലം. കംസന്റെ കാലംപോലെ. എന്നാൽ ദൈവം ചിലരെ കരുതിയിട്ടുണ്ടാവും. സൂതികർമ്മിണികളെപ്പോലെ. തിരുവെഴുത്ത് അവരെ സാക്ഷിക്കുന്നത് നോക്കുക. "സൂതികർമ്മിണികളോ ദൈവത്തെ ഭയപ്പെട്ട്, മിസ്രയീം രാജാവ് തങ്ങളോട് കല്പിച്ചത് പോലെ ചെയ്യാതെ ആൺകുഞ്ഞുങ്ങളെ ജീവനോടെ രക്ഷിച്ചു." (പുറപ്പാട് 1:16). ദൈവഭയമുണ്ടാവുകയാണ് പ്രധാനം. ദൈവഭയമില്ലാത്തവരുടെ പെരുപ്പം കൊണ്ടാവും ദൈവമക്കൾ നമ്മുടെ ഇടയിൽ വളരാത്തത്. ഒരു വിമോചനം നമുക്ക് സാധ്യമാകാത്തതും!
- ആരുടെയും ജീവിത്തിൽ ഒരു പ്രതീക്ഷയും ജനിപ്പിക്കാത്തതരത്തിലൊക്കെ നമ്മുടെ ഇടപെടലുകൾ മാറുമ്പോൾ സങ്കടം തോന്നുന്നു. കണ്ടുമുട്ടുന്നവർക്കൊക്കെ യാതൊരു പ്രത്യാശയും സമ്മാനിക്കാതെ കടന്നുപോകുന്ന നമ്മുടെ ആയുസ്സിന്റെ നാളുകൾ കുറെ ഭയാനകമാണ്. നാം ചെല്ലുന്നത് അയൽക്കാരന് ഒരാശ്വാസമാകുന്നത് എന്നാണ്? നമ്മുടെ സ്വരം സഹപ്രവർത്തകന് സ്വാന്തനമാകുന്നതിന് ഇനിയെത്രനാൾ വേണം? ഭവനത്തിന് നമ്മൾ അനുഗ്രഹമാകാതെ പോകുന്നുണ്ടോ? കവിതയിൽ, മരം മനുഷ്യനോട് ചോദിച്ചത് പോലെ, "എത്രയോ നാളുകളായി നിങ്ങൾ എന്റെ കൊമ്പുകൾ മുറിച്ച് കുരിശുകൾ ഉണ്ടാക്കുന്നു: നിങ്ങളിൽ നിന്ന് ഇതുവരെ ഒരു ക്രിസ്തു ഉണ്ടാകാത്തതെന്തേ?"
- തിരുപ്പിറവിയുടെ അടയാളങ്ങൾ നമ്മുടെ ഇടയിൽത്തന്നെയാണ് ഉണ്ടാകേണ്ടത്. രക്ഷ ജനിക്കേണ്ടത് ഉള്ളിൽത്തന്നെയാണ്. പ്രതീക്ഷകളുണ്ടാവേണ്ടത് സാധാരണ ജീവിതത്തിൽത്തന്നെയാണ്. പശുവും തൊഴുത്തും പാറയും ശീലയും പായുമൊക്കെയുള്ള ഇടങ്ങളിലേയ്ക്കാണ് നാളെയെക്കുറിച്ച് ഒരു സുന്ദരസ്വപ്നം വന്നു പിറക്കേണ്ടത്; എക്കാലത്തും!
- ഉവ്വ്, സർവ്വജനത്തിനും ഉണ്ടാകുവാനുള്ള മഹാസന്തോഷത്തെക്കുറിച്ച് ഇടയന്മാർക്കും ദർശനമുണ്ടാകേണ്ടത് അനിവാര്യമാണ്. അല്ലാത്തപക്ഷം, സർവ്വജനത്തെയും ദുഃഖിപ്പിക്കുന്ന ഇടയന്മാരായി ചരിത്രം നമ്മെ വിധിക്കാൻ ഇടയുണ്ട്!
- തിരുവചനം:– "ദൈവത്തെ അന്വേഷിക്കുന്ന ബുദ്ധിമാനുണ്ടോ എന്ന് കാണ്മാൻ യഹോവ സ്വർഗ്ഗത്തിൽ നിന്ന് മനുഷ്യപുത്രന്മാരെ നോക്കുന്നു. എല്ലാവരും വഴിതെറ്റി ഒരുപോലെ കൊള്ളരുതാത്തവരായിത്തീർന്നു: നന്മ ചെയ്യുന്നവനില്ല; ഒരുത്തൻ പോലുമില്ല." (സങ്കീർത്തനം 14:2,3)

– സഖേർ ■

# മലങ്കരസഭ മാസിക

## സഭാ പഞ്ചാംഗം – 2011



പ. ബസ്സേലിയോസ് മാർത്തോമാ
ദിദിമൊസ് പ്രഥമൻ കാതോലിക്കബാവാ

### കോനൂൻഹ്രോയ്– ജനുവരി

1. *റിശ്ശാത്തോ (വർഷാരംഭം) നമ്മുടെ കർത്താവിന്റെ ചേലാകർമ്മ പെരുനാൾ, മാർ ബസേലിയോസ്, മാർ ഗ്രീഗോറിയോസ് പിതാക്കന്മാരുടെയും സകല വിശുദ്ധ മൽപ്പാന്മാരുടെയും ഓർമ്മ. (നിറം 1)
2. **ജനനപ്പെരുന്നാളിനു ശേഷം രണ്ടാം ഞായറാഴ്ച.** (നിറം 2)
3. മാർ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ 47–ാം ഓർമ്മ. (ദേവലോകം അരമന), കൂനൻ കുരിശു സത്യ സ്മരണാദിനം (മട്ടാഞ്ചേരി സെ. ജോർജ്)
6. ***ദനഹാ പെരുനാൾ** (കർത്താവിന്റെ മാമോദീസാ) (നിറം 2)
7. മാർ യോഹന്നാൻ മാംദാനായുടെ പുകഴ്ച.
8. മാർ സ്തേഫാനോസ് സഹദായുടെ ഓർമ്മ.
9. **ദനഹായ്ക്കു ശേഷം ഒന്നാം ഞായറാഴ്ച.** (നിറം 3)
15. X വിത്തുകൾക്കുവേണ്ടി വി. ദൈവമാതാവിന്റെ പെരുനാൾ.
16. **ദനഹായ്ക്കു ശേഷം രണ്ടാം ഞായറാഴ്ച.** (നിറം 4)
18. മാർ ശ്മൂയേലിന്റെയും, മാർ ശെമവൂന്റെയും, മാർ അന്തോനിയോസിന്റെയും ഓർമ്മ.
21. ഫിലിപ്പോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്തായുടെ 2–ാം ഓർമ്മ (പത്തനംതിട്ട ബേസിൽ അരമന)
23. **ദനഹായ്ക്കു ശേഷം മൂന്നാം ഞായറാഴ്ച.** (നിറം 5)
26. മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് II ബാവായുടെ 5–ാം ഓർമ്മ (ശാസ്താംകോട്ട ഹോറേബ് ആശ്രമം). പൗലോസ് മാർ അത്താനാസിയോസ്

റോസ് സഹദായുടേയും ഓർമ്മ.

13. **നോമ്പിലെ രണ്ടാം ഞായറാഴ്ച (ഗർബോ)** (നിറം 2)
17. പൗലോസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ 49–ാം ഓർമ്മ (കുന്നംകുളം ആർത്താറ്റ് പള്ളി)
19. സ്ലീബാ മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ 81–ാം ഓർമ്മ (കുന്നംകുളം ആർത്താറ്റ് പള്ളി)
20. **നോമ്പിലെ മൂന്നാം ഞായറാഴ്ച (മ്ശറിയോ)** (നിറം 3)
22. കോനാട്ട് ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ 127–ാം ഓർമ്മ (പാമ്പാക്കുട വലിയ പള്ളി)
25. ***ദൈവമാതാവിനോടുള്ള വചനിപ്പ്** (സൂബോറോ) പെരുനാൾ, (നിറം 4); നാലാം മാർത്തോമ്മായുടെ 283–ാം ഓർമ്മ (കണ്ടനാട് പള്ളി)
27. **നോമ്പിലെ നാലാം ഞായറാഴ്ച(ക്നാനൈത്തോ)** (നിറം 4)
30. പാതിനോമ്പ്, അബ്ഗാർ രാജാവിന്റെ ഓർമ്മ.

### നീസോൻ– ഏപ്രിൽ

3. **നോമ്പിലെ അഞ്ചാം ഞായറാഴ്ച (കിപ്തോ)** (നിറം 5)
5. കുറിയാക്കോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ (പാമ്പാടി തിരുമേനി) 46–ാം ഓർമ്മ (പാമ്പാടിദയറാ)
7. വലിയ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ (ആറാം മാർത്തോമ്മാ) യുടെ 203–ാം ഓർമ്മ (പുത്തൻകാവ് കത്തീഡ്രൽ)
10. **നോമ്പിലെ ആറാം ഞായറാഴ്ച (സമിയോ)** (നിറം 6) **മലങ്കര ഓർത്തഡോക്സ് സഭാ ദിനം–കാതോലിക്കാ ദിനം**
15. നാല്പതാം വെള്ളിയാഴ്ച
16. ബഥാന്യയിലെ ലാസറിന്റെ ഓർമ്മ. രണ്ടാം മാർത്തോമ്മായുടെ 325–ാം ഓർമ്മ (നിരണം വലിയപള്ളി), എട്ടാം മാർത്തോമ്മായുടെ 195–ാം ഓർമ്മ (പുത്തൻകാവ് കത്തീഡ്രൽ)
17. **ഓശാന ഞായറാഴ്ച** (നിറം 7) ഗീവർഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തായുടെ 60–ാം ഓർമ്മ (പുത്തൻകാവ് കത്തീഡ്രൽ)

30. താപസനായ മാർ മക്കാറിയോസിന്റെ ഓർമ്മ.

### ഹ്സീറോൻ – ജൂൺ

2. ***കർത്താവിന്റെ സ്വർഗ്ഗാരോഹണപെരുനാൾ**(സൂലോക്കോ)(നിറം 5)

3–11 കാത്തിരുപ്പു നാളുകൾ

5. **പുതുഞായറാഴ്ചയ്ക്കു ശേഷം അഞ്ചാം ഞായറാഴ്ച** (സൺഡേ സ്ക്കൂൾ ദിനം) പരിസ്ഥിതി ദിനം (നിറം 5)
6. യുയാക്കിം മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ 86–ാം ഓർമ്മ. (പരുമലപള്ളി), ഔഗേൻ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ 4–ാം ഓർമ്മ. (വള്ളിക്കാട്ടു ദയറ)
11. മാർ ബർത്തുൽമായി ശ്ലീഹായുടെ ഓർമ്മ., ശെമവൂൻ മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ 122–ാം ഓർമ്മ. (കോട്ടയം പുത്തൻപള്ളി).
12. **പെന്തിക്കോസ്തി ഞായറാഴ്ച,** (നിറം 7)
13. താപസന്മാരിൽ പ്രധാനിയായ മാർ അഹറോന്റെ ഓർമ്മ
15. ദൈവമാതാവിന്റെ നാമത്തിൽ ആദ്യം പള്ളി സ്ഥാപിച്ച പെരുനാൾ
16. ശ്ലീഹാ നോമ്പാരംഭം
17. സ്വർണ്ണ വെള്ളിയാഴ്ച
19. **പെന്തിക്കോസ്തിക്കു ശേഷം ഒന്നാം ഞായറാഴ്ച.** (നിറം 8) കർത്താവിന്റെ സഹോദരനും ഊർശ്ലേമിന്റെ ഒന്നാമത്തെ എപ്പിസ്കോപ്പായും ശ്ലീഹായും സഹദായും ആദ്യം വിശുദ്ധ കുർബ്ബാന അനുഷ്ഠിച്ചവനുമായ മാർ യാക്കോബിന്റെ ഓർമ്മ.
24. മാർ യോഹന്നാൻ മാംദാനയുടെ ജനനത്തിന്റെ ഓർമ്മ.
26. **പെന്തിക്കോസ്തിക്കു ശേഷം രണ്ടാം ഞായറാഴ്ച** (നിറം 1)
29. ***മാർ പത്രോസ്–പൗലോസ് ശ്ലീഹന്മാരുടെ ഓർമ്മ,** (നിറം 5) ശ്ലീഹാനോമ്പു വീടൽ.
30. പന്ത്രണ്ടു ശ്ലീഹന്മാരുടെ ഓർമ്മ.

### തോമൂസ് – ജൂലൈ


3. **പെന്തിക്കോസ്തിക്കു ശേഷം മൂന്നാം ഞായറാഴ്ച** (നിറം 2) *** മാർത്തോമ്മാ ശ്ലീഹായുടെ**

റിയം വനിതാ സമാജ ദിനം; മാർ ഇഗ്നാത്തിയോസ് അബ്ദേദ് മശിഹാ പാത്രിയർക്കീസ് ബാവായുടെ 96–ാം ഓർമ്മ (കുർക്കുമാ ദയറാ), ദേവലോകം അരമന ചാപ്പൽ പെരുനാൾ.

16. മാർ ഈവാനിയോസ് ഹിദായത്തുള്ളാ മെത്രാപ്പോലീത്തായുടെ 318–ാം ഓർമ്മ (മുളന്തുരുത്തി പള്ളി).
19. മാർ ലാബി ശ്ലീഹായുടെ ഓർമ്മ, ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായുടെ 20–ാം ഓർമ്മ (മുളക്കുളം കർമ്മേൽ കുന്നുപള്ളി).
20. മാർ ശമുവേൽ നിബിയുടെ ഓർമ്മ
21. **വാങ്ങിപ്പിനു ശേഷം ഒന്നാം ഞായറാഴ്ച** (നിറം 1)
24. ഏവൻഗേല്യസ്ഥനായ മാർ മത്തായി ശ്ലീഹായുടെ ഓർമ്മ
28. **വാങ്ങിപ്പിനു ശേഷം രണ്ടാം ഞായറാഴ്ച** (നിറം 2)
29. മാർ യോഹന്നാൻ മാംദാനയുടെ ശിരഛേദനത്തിന്റെ ഓർമ്മ.
31. മാത്യൂസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ 31–ാം ഓർമ്മ (പാമ്പാടി മാർ കുറിയാക്കോസ് ദയറാ)

### ഈലൂൽ – സെപ്റ്റംബർ

2. യുയാക്കിം മാർ കൂറിലോസ് മെത്രാപ്പോലീത്തായുടെ 137–ാം ഓർമ്മ (മുളന്തുരുത്തി പള്ളി).
4. **വാങ്ങിപ്പിനുശേഷം മൂന്നാം ഞായറാഴ്ച.** (മദ്ധ്യസ്ഥപ്രാർത്ഥനാ ദിനം) (നിറം 3)
8. ദൈവമാതാവിന്റെ ജനനപ്പെരുനാൾ.
9. ദൈവമാതാവിന്റെ മാതാപിതാക്കളായ യുയാക്കീമിന്റെയും ഹന്നായുടെയും ഓർമ്മ
11. **വാങ്ങിപ്പിനുശേഷം 4–ാം ഞായറാഴ്ച.** (നിറം 4)
14. *** സ്ലീബാ പെരുനാൾ.** (നിറം 8)
15. മലങ്കരയിലെ കാതോലിക്കേറ്റ് സ്ഥാപനത്തിന്റെ 99–ാം വാർഷികം
18. **സ്ലീബാ പെരുനാളിനുശേഷം ഒന്നാം ഞായറാഴ്ച.** (നിറം 1)



പ. ബസ്സേലിയോസ് മാർത്തോമാ
പൗലോസ് ദ്വിതീയൻ കാതോലിക്കബാവാ

### തെശ്രീൻ ഹ്രോയി – നവംബർ

1. സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും സകല സഹദേന്മാരുടെയും രക്തസാക്ഷികളുടെയും ഓർമ്മ. മാർ ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് II കാതോലിക്കാ ബാവായുടെ ഒന്നാം സ്ഥാനാരോഹണ വാർഷികം.
2. **പ. പരുമലതിരുമേനിയുടെ** 109–ാം ഓർമ്മ (പരുമലപള്ളി), കടവിൽ പൗലോസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായുടെ 104–ാം ഓർമ്മ (ആലുവാ തൃക്കുന്നത്തു സെമിനാരി).
5. സ്തേഫാനോസ് മാർ തേവോദോസിയോസ് മെത്രാപ്പോലീത്തായുടെ 4–ാം ഓർമ്മ (ഭിലായി സെ. തോമസ് ആശ്രമം)
6. **ഹൂദോസ് ഈത്തോ (സഭാ പ്രതിഷ്ഠ) ഞായറാഴ്ച.** (നിറം 2) വയലിപറമ്പിൽ ഗീവർഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ 45–ാം ഓർമ്മ (ആലുവാ തൃക്കുന്നത്തു സെമിനാരി)
8. മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവായുടെ 15–ാം ഓർമ്മ (ദേവലോകം അരമന).
13. **സ്കറിയ പുരോഹിതനോടുള്ള അറിയിപ്പിന്റെ ഞായറാഴ്ച.** (നിറം 3); സ്വർണ്ണനാവുകാരനായ മാർ ഈവാനിയോസിന്റെ ഓർമ്മ.
14. മാർ ഫീലിപ്പോസ്ശ്ലീഹായുടെ ഓർമ്മ.
20. **വി. ദൈവമാതാവിനോടുള്ള അറിയിപ്പിന്റെ ഞായറാഴ്ച (സൂബോറോ)** (നിറം 4)
21. വി. ദൈവമാതാവിന്റെ ദേവാലയ പ്രവേശന പെരുനാൾ.
24. പഴയസെമിനാരി സ്ഥാപകൻ പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് II മെത്രാപ്പോലീത്തായുടെ 195–ാം

മെത്രാപ്പോലീത്തായുടെ 58–ാം ഓർമ്മ (ആലുവാ തൃക്കുന്നത്തു സെമിനാരി)

30. **ദനഹായ്ക്കു ശേഷം നാലാം ഞായറാഴ്ച.** (നിറം 6)

## ശ്ബോത്ത് – ഫെബ്രുവരി

2. ***മായൽത്തോ പെരുനാൾ** (കർത്താവിന്റെ ദേവാലയപ്രവേശനം) (നിറം 3); വൃദ്ധനായ ശെമവോന്റെയും, മർത്ത് ഹന്നായുടേയും ഓർമ്മ (വയോധിക ദിനം), പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ 43–ാം ഓർമ്മ (കണ്ടനാട് കർമ്മേൽ ദയറാ)
3. മാർ ബർസൗമായുടെ ഓർമ്മ
6. **ദനഹായ്ക്കു ശേഷം 5–ാം ഞായറാഴ്ച** (നിറം 7)
8. അന്ത്യോഖ്യായുടെ മാർ സേവേറിയോസ് പാത്രിയർക്കീസിന്റെ ഓർമ്മ
9. മാത്യൂസ് മാർ എപ്പിഫാനിയോസ് മെത്രാപ്പോലീത്തായുടെ 2–ാം ഓർമ്മ (കൊല്ലം സെ. തോമസ് കത്തീഡ്രൽ)
13. **ദനഹായ്ക്കു ശേഷം 6–ാം ഞായറാഴ്ച** (നിറം 6) സകല വിശുദ്ധ പിതാക്കന്മാരുടെയും മല്പാന്മാരുടെയും ഓർമ്മ, മാർ ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ 79–ാം ഓർമ്മ (മഞ്ഞനിക്കര ദയറാ).
14. മൂന്നു നോമ്പാരംഭം
17. മൂന്നു നോമ്പ് വീടൽ, യോന ദീർഘദർശിയുടെ ഓർമ്മ
20. **പട്ടക്കാരുടെ പൊതുവായ ഓർമ്മ കഴിക്കുന്ന ഞായറാഴ്ച (കൊഹനേ)** (നിറം 7)
23. മലങ്കരസഭാ ഭാസുരൻ ഗീവർഗീസ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്തായുടെ (വട്ടശ്ശേരിൽ തിരുമേനി) 77–ാം ഓർമ്മ (പഴയ സെമിനാരി ചാപ്പൽ), തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്തായുടെ 3–ാം ഓർമ്മ (ദേവലോകം അരമന)
27. **സകല വാങ്ങിപ്പോയവരുടേയും പൊതുവായ ഓർമ്മ കഴിക്കുന്ന ഞായറാഴ്ച (ആനീദേ)** (നിറം 8)

## ഓദോർ – മാർച്ച്

6. **കൊത്തിനേ ഞായറാഴ്ച (പേത്തർത്താ)** (നിറം 1)
7. വലിയ നോമ്പാരംഭം (ശുബ്ക്കോനോ ശുശ്രൂഷ)
9. സെബസ്ത്യായിലെ നാല്പതു സഹദേൻമാരുടെ ഓർമ്മ. അമ്പാട്ട് ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായുടെ 120–ാം ഓർമ്മ (അങ്കമാലി ചെറിയ പള്ളി)
12. മാർ അപ്രേം മല്പാന്റെയും തേവോദോ

21. **പെസഹാ വ്യാഴാഴ്ച,** യൂഹാനോൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ 217–ാം ഓർമ്മ (ചെങ്ങന്നൂർ പഴയ സുറിയാനി പള്ളി)
22. **ദുഃഖവെള്ളിയാഴ്ച (വലിയ വെള്ളിയാഴ്ച);** മൂന്നാം മാർ ത്തോമ്മായുടെ 323–ാം ഓർമ്മ (കടമ്പനാട് കത്തീഡ്രൽ)
23. **ദുഃഖശനിയാഴ്ച**–അറിയിപ്പിന്റെ ശനി–മാർ ഗീവർഗീസ് സഹദായുടെ ഓർമ്മ.
24. **കൃംതാ പെരുനാൾ (ഉയിർപ്പ്)** (സന്ധ്യ മുതൽ രാത്രി ഒന്നാം കൗമാ വരെ, നിറം 8 തുടർന്ന് 1)

25–30 ഹേവോറോ ദിനങ്ങൾ (2 മുതൽ 7 വരെയുള്ള നിറങ്ങൾ)

25. ഏവൻഗേലിസ്ഥനായ മാർ മർക്കോസ് മ്സബ്രോനോയുടെ ഓർമ്മ; ഒന്നാം മാർത്തോമ്മായുടെ 341–ാം ഓർമ്മ (അങ്കമാലി ചെറിയപള്ളി)
27. മാർ ഗ്രീഗോറിയോസ് അബ്ദൽ ജലീൽ മെത്രാപ്പോലീത്തായുടെ 340–ാം ഓർമ്മ (വടക്കൻ പറവൂർ പള്ളി).
29. മൗദ്യാനന്മാരുടെ ഓർമ്മ. (ഹേവോറോ വെള്ളി) മാർ ശാബോർ, മാർ അഫ്രോത്ത് പിതാക്കന്മാരുടെ ഓർമ്മ.

## ഈയോർ – മേയ്

1. **പുതുഞായറാഴ്ച.** സെബദി പുത്രനായ മാർ യാക്കോബ് ശ്ലീഹായുടെ ഓർമ്മ.
3. മാർ ബസേലിയോസ് പൗലോസ് പ്രഥമൻ കാതോലിക്കാബാവായുടെ 98–ാം ഓർമ്മ (പാമ്പാക്കുട ചെറിയ പള്ളി).
8. **പുതുഞായറാഴ്ചയ്ക്കു ശേഷം ഒന്നാം ഞായറാഴ്ച.** (നിറം 1); ഏവൻഗേലിസ്ഥനായ മാർ യോഹന്നാൻ ശ്ലീഹായുടെ ഓർമ്മ.
10. മാർ ശെമവോൻ ശ്ലീഹായുടെ ഓർമ്മ; അഞ്ചാം മാർത്തോമ്മായുടെ 246–ാം ഓർമ്മ (നിരണം വലിയപള്ളി).
15. **പുതുഞായറാഴ്ചയ്ക്കു ശേഷം രണ്ടാം ഞായറാഴ്ച** (നിറം 2) X കതിരുകൾക്കുവേണ്ടി വി. ദൈവമാതാവിന്റെ പെരുനാൾ.
16. യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ 21–ാം ഓർമ്മ (കൊരട്ടി സെമിനാരി).
19. മാർ ദിവന്നാസിയോസ് III (പുന്നത്ര) മെത്രാപ്പോലീത്തായുടെ 186–ാം ഓർമ്മ (കോട്ടയം ചെറിയപള്ളി).
20. നാല് ഏവൻഗേലിസ്ഥന്മാരുടെയും മൂന്നു പൊതുസുന്നഹദോസുകളിലെ പിതാക്കന്മാരുടെയും ഓർമ്മ.
22. **പുതുഞായറാഴ്ചയ്ക്കു ശേഷം മൂന്നാം ഞായറാഴ്ച** (നിറം 3)
29. **പുതുഞായറാഴ്ചയ്ക്കു ശേഷം നാലാം ഞായറാഴ്ച** (നിറം 4)

**ദുക്റോനോ** (മിഷൻ സൺഡേ)

5. എഴുപത്തിരണ്ട് അറിയിപ്പുകാരുടെ ഓർമ്മ; ഏഴാം മാർത്തോമ്മായുടെ 202–ാം ഓർമ്മ (കോലഞ്ചേരി പള്ളി).
7. സഖറിയാ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ 14–ാം ഓർമ്മ. (പത്തനാപുരം താബോർ ദയറാ).
10. **പെന്തിക്കോസ്തിക്കു ശേഷം നാലാം ഞായറാഴ്ച** (നിറം 3) യൂഹാനോൻ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ 238–ാം ഓർമ്മ (മുളന്തുരുത്തി പള്ളി).
12. കോട്ടയം എം.ഡി. സെമിനാരി സ്ഥാപകൻ മലങ്കരസഭാ തേജസ്സ് പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് V മെത്രാപ്പോലിത്തായുടെ 102–ാം ഓർമ്മ (കോട്ടയം പഴയസെമിനാരി).
15. മാർ കുറിയാക്കോസ് സഹദായുടെയും മാതാവ് മർത്ത്യൂലിത്തിയുടെയും നിഖ്യായിലെ മാർ അബഹായിയുടെയും ഓർമ്മ.
17. **പെന്തിക്കോസ്തിക്കു ശേഷം അഞ്ചാം ഞായറാഴ്ച.** (നിറം 4)
20. മാർ ഏലിയാ ദീർഘദർശിയുടെ ഓർമ്മ.
22. മറിയം മഗ്ദലൈത്തായുടെ ഓർമ്മ.
23. ഗീവർഗീസ് മാർ ദീയസ്കോറോസ് മെത്രാപ്പോലീത്തായുടെ 12–ാം ഓർമ്മ (റാന്നി ഹോളി ട്രിനിറ്റി ആശ്രമം).
24. **പെന്തിക്കോസ്തിക്കു ശേഷം ആറാം ഞായറാഴ്ച.** (നിറം 5)
25. കുപ്രോസിലെ മാർ എപ്പിഫാനിയോസിന്റെ ഓർമ്മ.
27. മാർ ശെമവൂൻ ദെസ്തുനോയുടെ ഓർമ്മ.
31. **പെന്തിക്കോസ്തിക്കു ശേഷം ഏഴാം ഞായറാഴ്ച.** (നിറം 6) മാർ ഗ്രീഗോറിയോസ് ബാർ എബ്രായയുടെ 725–ാം ഓർമ്മ.

## ഓബ് – ഓഗസ്റ്റ്

1. ശൂനോയോ (പതിനഞ്ചു) നോമ്പാരംഭം; രക്തസാക്ഷികളായ മർത്തശ്മൂനിയുടെയും ഏഴുമക്കളുടെയും ഗുരുവായ മാർ ഏലിയാസറിന്റെയും ഓർമ്മ.
6. *** കൂടാരപ്പെരുനാൾ** (കർത്താവിന്റെ മറുരൂപപെരുന്നാൾ), (നിറം 6) അലക്സിയോസ് മാർ തേവോദോസിയോസ് മെത്രാപ്പോലീത്തായുടെ 46–ാം ഓർമ്മ (പെരുനാട് ബഥനി ആശ്രമം).
7. **കൂടാരപ്പെരുനാളിനു ശേഷം ഒന്നാം ഞായറാഴ്ച.** (നിറം 7)
9. മാർ മത്ഥിയാസ് ശ്ലീഹായുടെ ഓർമ്മ
14. **കൂടാരപ്പെരുനാളിനു ശേഷം രണ്ടാം ഞായറാഴ്ച.** (നിറം 8)
15. ***വി. ദൈവമാതാവിന്റെ വാങ്ങിപ്പ്** (ശൂനോയോ) പെരുനാൾ (നിറം 7); പതിനഞ്ചു നോമ്പുവീടൽ; മർത്തമ

23. അൽവാറിസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ 88–ാം ഓർമ്മ. (പഞ്ചിം സെ. മേരീസ് പള്ളി, ഗോവ)
24. പേർഷ്യക്കാരനായ മാർ ദീമേത്തിന്റെ ഓർമ്മ.
25. **സ്ലീബാ പെരുനാളിനു ശേഷം രണ്ടാം ഞായറാഴ്ച.** (നിറം 2) അന്ത്യോഖ്യയുടെ മാർ ഇഗ്നാത്തിയോസ് പത്രോസ് IV പാത്രിയർക്കീസ് ബാവായുടെ 117–ാം ഓർമ്മ.
28. ഫീലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തായുടെ 14–ാം ഓർമ്മ. (ആലുവാ തൃക്കുന്നത്തു സെമിനാരി).

## തെശ്രീൻക്ദീം – ഒക്ടോബർ

1. അറിയിപ്പുകാരനായ മാർ ആദായി (ശ്ലീഹാ) യുടെയും മാർ അബഹായി സഹദായുടെയും മാർ മൽക്കേയുടെയും ഓർമ്മ.
2. **സ്ലീബാ പെരുനാളിനുശേഷം മൂന്നാം ഞായറാഴ്ച.** (വൈദിക സെമിനാരി ദിനം) (നിറം 3); കരവട്ടു വീട്ടിൽ ശെമവൂൻ മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്തായുടെ 123–ാം ഓർമ്മ (കടുംഗമംഗലം പള്ളി)
3. വി. ബസേലിയോസ് യൽദോ കാതോലിക്കാബാവായുടെ 326–ാം ഓർമ്മ (കോതമംഗലം ചെറിയപള്ളി).
7. മാർ സർഗീസ്, മാർ ബാക്കോസ് എന്നീ സഹദേന്മാരുടെ ഓർമ്മ.
9. **സ്ലീബാ പെരുനാളിനുശേഷം നാലാം ഞായറാഴ്ച.** (നിറം 4)
11. സുവിശേഷകനായ മാർ ഫിലിപ്പോസിന്റെ ഓർമ്മ.
12. ഫീലിപ്പോസ് മാർ ദിവന്നാസിയോസ് IV മെത്രാപ്പോലീത്തായുടെ 156–ാം ഓർമ്മ (ചേപ്പാട് പള്ളി); യൂഹാനോൻ മാർ അത്താനാസിയോസ് എപ്പിസ്കോപ്പായുടെ 31–ാം ഓർമ്മ (പെരുനാട് ബഥനി ആശ്രമം).
14. അലക്സാന്ത്രിയായിലെ മാർ അത്താനാസിയോസിന്റെ ഓർമ്മ.
15. താപസനായ മാർ ഓസിയോയുടെ ഓർമ്മ
16. **സ്ലീബാ പെരുനാളിനു ശേഷം അഞ്ചാം ഞായറാഴ്ച** (നിറം 5)
18. മാർ ലൂക്കോസ് ഏവൻഗേലിസ്ഥായുടെ ഓർമ്മ
22. മാർ ബസേലിയോസ് ശക്രള്ളാ കാതോലിക്കാബാവായുടെ 247–ാം ഓർമ്മ (കണ്ടനാടു പള്ളി).
23. **സ്ലീബാപെരുനാളിനു ശേഷം ആറാം ഞായറാഴ്ച** (നിറം 6) അല്ഫായിയുടെ പുത്രനായ മാർ യാക്കോബ് ശ്ലീഹായുടെ ഓർമ്മ.
30. **കൂദോശ് ഈത്തോ ഞായറാഴ്ച** (സഭയുടെ ശുദ്ധീകരണം) (നിറം 1)

ഓർമ്മയും, പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ 15–ാം ഓർമ്മയും (കോട്ടയം പഴയസെമിനാരി).

27. **ഏലിശുബായുടെ അടുക്കലേക്കുള്ള മറിയാമിന്റെ യാത്രയുടെ ഞായറാഴ്ച.** (വനിതാദിനം) (നിറം 5)
28. മാർ യാക്കോബ് ബുർദ്ദാന, മാർദിവന്നാസിയോസ് ബർസ്ലീബി എന്നിവരുടെ ഓർമ്മ.
29. സ്രൂഗിലെ മാർ യാക്കോബിന്റെ ഓർമ്മ
30. മാർ അന്ത്രയോസ് ശ്ലീഹായുടെ ഓർമ്മ.

## കോനൂൻക്ദീം – ഡിസംബർ

1. ഇരുപത്തഞ്ചു (യൽദോ) നോമ്പാരംഭം.
3. തോമ്മാ മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്തായുടെ 39–ാം ഓർമ്മ (പത്തനാപുരം താബോർദയറാ).
4. **മാർ യോഹന്നാൻ മാംദാനയുടെ ജനനത്തിന്റെ ഞായറാഴ്ച (ബാലദിനം).** സഹദാ സ്ത്രീകളായ മർത്ത് ബർബാറായുടേയും, മർത്ത് യൂലിയാനയുടേയും ഓർമ്മ. (നിറം 6)
6. മൂറായുടെ എപ്പിസ്ക്കോപ്പായായ നിക്കലാവോസ് എന്ന മാർസോഖേയുടെ ഓർമ്മ.
8. മാർ ബസേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവായുടെ 36–ാം ഓർമ്മ (ദേവലോകം അരമന)
10. മാർ ബഹനാൻ സഹദായുടെയും, സഹോദരി സാറായുടെയും കൂട്ടു സഹദേന്മാരുടെയും മാബൂഗിലെ മാർ പീലക്സീനോസിന്റെയും ഓർമ്മ.
11. **മാർ യൗസേഫിനുണ്ടായ വെളിപാടിന്റെ ഞായറാഴ്ച.** (നിറം 7)
13. ദാനിയേൽ മാർ പീലക്സീനോസ് മെത്രാപ്പോലീത്തായുടെ 21–ാം ഓർമ്മ (പത്തനംതിട്ട ബേസിൽ അരമന).
17. മാർ ബസേലിയോസ് ഗീവർഗീസ് പ്രഥമൻ കാതോലിക്കാ ബാവായുടെ 83–ാം ഓർമ്മ. (വാകത്താനം വള്ളിക്കാട്ടുദയറാ)
18. **ജനനപ്പെരുനാളിനു മുമ്പുള്ള ഞായറാഴ്ച.** (നിറം 8)
19. മാർത്തോമ്മാ ശ്ലീഹാ കുന്തം കൊണ്ട് കുത്ത് ഏറ്റതിന്റെ ഓർമ്മ.
20. മാർ ഇഗ്നാത്തിയോസ് നൂറോനോയുടെ ഓർമ്മ.
21. **മാർത്തോമ്മാ ശ്ലീഹാ രക്തസാക്ഷി മരണം പ്രാപിച്ചതിന്റെ ഓർമ്മ.**
25. ***യെൽദോ–ക്രിസ്മസ്** (ഇരുപത്തഞ്ചു നോമ്പു വീടൽ). (നിറം 1)
26. Xദൈവമാതാവിന്റെ പുകഴ്ചപെരുനാൾ. യാക്കോബ് മാർ പോളിക്കർപ്പോസ് മെത്രാപ്പോലീത്തായുടെ 25–ാം ഓർമ്മ (കൊരട്ടി സീയോൻ സെമിനാരി).
27. ശിശുവധപ്പെരുനാൾ.

## അകാലത്തിൽ പൊലിഞ്ഞ ഫാ. റ്റി. വി. പൗലോസിന് സ്മരണാഞ്ജലി

# ഓർമ്മയിൽ വിരിയുന്ന മന്ദഹാസം



**2005** നവംബറിൽ ഞങ്ങൾ 33 പേർ ഒരുമിച്ച് സെമിനാരിയുടെ പടികയറി, ഒരുമിച്ച് പഠിച്ച് 2010 ഏപ്രിലിൽ സെമിനാരിയിൽ നിന്ന് ഒന്നിച്ചിറങ്ങി അതിലൊരാൾ മറ്റൊരു നവംബർ 14–ന് ആകസ്മികമായി വേർപെട്ടത് ഞെട്ടിക്കുന്ന വാർത്തയായി.

സുനിലച്ചനെക്കുറിച്ച് ഓർക്കുമ്പോൾ സന്തോഷമുള്ള മുഖവുമായി ഊർജ്ജസ്വലനായി വൈദിക സെമിനാരിയിൽ ഓടിനടക്കുന്ന ഞങ്ങളുടെ പ്രിയ പൈലി എന്ന ടി.വി. പൗലോസിനെയാണ് ഓർക്കുന്നത്. ഒന്നാം വർഷം മുതൽ അദ്ദേഹത്തിന്റെ സംഘാടക മികവ് ഞങ്ങളെ ആകർഷിച്ചു. സെമിനാരിയിൽ കലാ പ്രവർത്തനങ്ങളിൽ സജീവമായി അദ്ദേഹമുണ്ടായിരുന്നു. മൂന്നാം വർഷം 'ഭേരി' എന്ന പേരിൽ സംഘടിപ്പിച്ച കലാപരിപാടിയുടെ പിന്നണിയിൽ സുനിലുമുണ്ടായിരുന്നു. കഴിഞ്ഞ വർഷം ക്രിസ്തുമസിനോടനുബന്ധിച്ച് നടത്തിയ പരിപാടിയിൽ 'ആർത്തബാൻ' എന്ന നാടകത്തിൽ വ്യത്യസ്തമായ കഥാപാത്രത്തെ അവതരിപ്പിച്ചു. സെമിനാരി വോളിബോൾ മത്സരത്തിൽ കളത്തിനു പുറത്ത് ശബ്ദമുയർത്തി ഓടിച്ചാടിനടന്ന് കളിക്കാരെ പ്രോത്സാഹിപ്പിക്കുവാൻ പൈലി ഉണ്ടായിരുന്നു. അഞ്ചാം വർഷം റീശായിരുന്ന് അച്ചടക്കത്തിലെ കാർക്കശ്യത അദ്ദേഹം വ്യക്തമാക്കി. അന്ന് ഏതു കാര്യം ചെയ്യുമ്പോഴും സെമിനാരിയുടെ ആഢ്യത്വവും ഔചിത്യവും കാത്തുസൂക്ഷിക്കണമെന്ന് ഞങ്ങളെ ഓർമ്മിപ്പിച്ചിരുന്നു.

ശനിയാഴ്ച ഉച്ചകളിൽ കോട്ടയത്തിന്റെ തെരുവുകളിൽ വിശന്നിരിക്കുന്നവർക്ക് പൊതിച്ചോറുമായി അദ്ദേഹം ഇറങ്ങിയിരുന്നു. മലബാറിലെ അവികസിത പള്ളികൾക്കുവേണ്ടി തെക്കുള്ള പള്ളികളിൽ നിന്ന് കാപ്പയും വിരിക്കൂട്ടും പുസ്തകവും ശേഖരിച്ച് തന്റെ സ്വന്തം ചെലവിൽ ചുമന്ന് കൊണ്ടുപോയി കൊടുക്കുന്നതും ഞങ്ങൾ കണ്ടിട്ടുണ്ട്. പാരിഷ് മിഷൻ പ്രവർത്തനത്തിൽ ആരും പോകുവാൻ മടിക്കുന്ന പള്ളികൾ കണ്ടെത്തി പാരിഷ് മിഷൻ ക്രമീകരിക്കുവാൻ അച്ചൻ ശ്രമിച്ചിരുന്നു. പ്രത്യേകിച്ച് കക്ഷിവഴക്ക് രൂക്ഷമായ തൃശൂർ, കണ്ടനാട് ഈസ്റ്റ് ഭദ്രാസനങ്ങളിലെ പള്ളികൾ പാരിഷ് മിഷൻ ക്രമീകരിച്ച് നേതൃത്വം നൽകിയിട്ടുണ്ട്. കഴിഞ്ഞ ഡിസംബറിൽ ഇടുക്കി കഞ്ഞിക്കുഴിക്കടുത്ത് കൊടുംവനത്തിനുള്ളിൽ മക്കുവള്ളി എന്ന കുഗ്രാമത്തിൽ ഓർത്തഡോക്സ് സഭാംഗങ്ങളായ 3 കുടുംബങ്ങൾക്കുവേണ്ടി അവിടെ പോയി താമസിച്ച് മിഷൻ പ്രവർത്തനങ്ങൾ നടത്തിയത് അവിസ്മരണീയമായ ഓർമ്മയാണ്.

ഫലിതം പറഞ്ഞ് പൊട്ടിച്ചിരിപ്പിക്കുവാൻ കഴിവുള്ള അച്ചൻ തന്റെ മരണത്തേ മുന്നമേ കണ്ടോ എന്നു ഞങ്ങൾ ആശങ്കപ്പെടുകയാണ്. മരണത്തിന് രണ്ടാഴ്ച മുൻപ് ഞങ്ങൾ സഹപാഠികൾക്ക് അച്ചൻ ഒരു എസ്.എം.എസ്. അയച്ചത് ഇപ്രകാരമാണ്:

*"ഒരിക്കൽ ഞാൻ വിളിക്കാതെ തന്നെ അച്ചൻ എന്നെ കാണാൻ വരും. അന്നു ഞാൻ അച്ചനോട് ഒന്നും സംസാരിക്കില്ല.. കണ്ടഭാവം കാണിക്കില്ല, ഒടുവിൽ കണ്ണു തുടച്ച് അച്ചൻ എന്നെ യാത്രയാക്കും... അപ്പോൾ എന്റെ കല്ലറയിൽ അച്ചൻ വച്ച റോസാപൂവും ഞാൻ തനിച്ചാകും..."*

ഇതുവന്നപ്പോൾ ഞങ്ങൾ പലരും അച്ചനെ വിളിച്ചു വഴക്കു പറഞ്ഞിരുന്നു അപ്പോഴും തമാശ പറഞ്ഞ് ഞങ്ങളെ സന്തോഷിപ്പിച്ചും ഒടുവിൽ അതു സംഭവിച്ചു. ആ കല്ലറയുടെ മുൻപിൽ കണ്ണുതുടച്ച് അച്ചനെ യാത്രയാക്കി.

ഞങ്ങളുടെ സഹോദരാ സമാധാനത്താലേ പോകുക.

**വിനു ശെമ്മാശൻ.**




# തീർത്ഥാടനത്തിന്റെ ദൈവശാസ്ത്രം



ജോസഫ് മാർ
ബർന്നബാസ് എപ്പിസ്ക്കോപ്പാ
(മാർത്തോമ്മാ സഭ, അടൂർ ഭദ്രാസനാധിപൻ)

മനുഷ്യർ എന്നും നിരന്തര യാത്രക്കാരനാണ്. മനുഷ്യ സംസ്ക്കാരം തന്നെ അതായി കുറിക്കപ്പെട്ടിരിക്കുന്നു. Evolution Theory പറയുന്ന ഭൗതികവാദികളും അമീബായിൽ നിന്നുള്ള പ്രയാണത്തെ കുറിച്ചാണ് പറയുന്നത്.

എല്ലാറ്റിനേയും വിട്ടുപിരിയുക' തീർത്ഥാടനത്തിന്റെ മുദ്രാവാക്യം അതാണ്. Detachment-ലൂടെ പുതിയ attachment നേടിയെടുക്കുക. തീർത്ഥാടന സമൂഹത്തിന് ഒരു ലക്ഷ്യം മാത്രമേ ഉണ്ടാകാവൂ. തീർത്ഥയാത്രയ്ക്ക് തടസ്സം ഭക്ഷണത്തോടുള്ള ആസക്തിയും ജീവിതത്തെക്കുറിച്ചുള്ള തെറ്റായ കാഴ്ചപ്പാടും ആണ്. സ്ഥായിയായിട്ടുള്ളതിനെ കരഗതമാക്കുന്നതായിരിക്കണം തീർത്ഥാടനത്തിന്റെ മറുപൊരുൾ. മനുഷ്യൻ അപ്പം കൊണ്ട് മാത്രമല്ല യഹോവയുടെ വായിൽ നിന്നും വരുന്ന സകല വചനവും കൊണ്ട് ജീവിക്കുന്നുവെന്ന് ഗ്രഹിപ്പിക്കുവാൻ 40 സംവത്സരത്തെ ശിഷണത്തോടു കൂടിയ യാത്ര അനിവാര്യമായി. 40 വർഷം അവരുടെ വസ്ത്രം പഴകിയില്ല, ജീർണ്ണിച്ചില്ല, കാൽ വിങ്ങിയതും ഇല്ല എന്നെഴുതപ്പെട്ടിരിക്കുന്ന കൂടാരപെരുന്നാൾ അതിന് ഉദാഹരണം ആണ്.

സാധു കൊച്ചുകുഞ്ഞുപദേശി ഇപ്രകാരം പാടുന്നു:

"സീയോൻ യാത്രക്കാരേ ദൈവമേ ഓർക്കണമേ
വഴിമദ്ധ്യേ അവർക്കുള്ള സങ്കടം തീർക്കണേ
വരുമെന്നരുളിയ പൊന്നുകാന്താ നിന്റെ
വരവിനു താമസം മേലിൽ ഉണ്ടാകല്ലേ...
അനുഗ്രഹക്കടലേ എഴുന്നെള്ളി വരിക"

ഇന്ത്യൻ സ്വാതന്ത്ര സമരത്തിന്റെ ഒരു പ്രത്യേക ഘട്ടമായിരുന്നു. ക്വിറ്റ് ഇന്ത്യാ പ്രക്ഷോഭം, 1930 ഏപ്രിൽ 6-ാം തീയതി രാവിലെ രാവിലെ 6.30-ന് ആരംഭിച്ച 241 മൈൽ ദൈർഘ്യമുള്ള ദണ്ഡി യാത്ര ഈ രാജ്യത്തിന്റെ സ്വാതന്ത്രത്തിന് അടയാളവും (Sign & Symbol) ആയി ലോകം കണ്ടു. ഗാന്ധിജിയുടെ നിശ്ചയദാർഢ്യം മറ്റൊന്നിനും compromise ചെയ്യാത്ത മനോഭാവവും ആണ് സ്വാതന്ത്ര്യത്തിന് നിദാനമായി ഭവിച്ചത്.

വിശുദ്ധ കുർബ്ബാനയുടെ 4-ാമത്തെ തുബ്ദേൻ പ്രാർത്ഥനയിൽ ഒരു വലിയ തീർത്ഥാടക സംഘത്തെ സഭ ആരാധന മദ്ധ്യേ കൊണ്ടുവരികയാണ്. കർത്താവേ ഭൂമിയിലുള്ള സകല വംശങ്ങ

ളിൽ നിന്നും ഭാഗ്യത്തിന് യോഗ്യതയുള്ളവളും തമ്പുരാനെ പ്രസവിച്ചവളുമായ വിശുദ്ധ കന്യക മറിയാമിനേയും ശുദ്ധിമാന്മാരായ നിബ്യന്മാരേയും (പ്രവാചകൻ) ശ്ലീഹന്മാരേയും അറിയിപ്പുകാരേയും ഏവൻഗേലിയോസ്ഥന്മാരേയും, സഹദേന്മാരെയും മൗദ്യാനന്മാരേയും സകല പരിശുദ്ധന്മാരേയും ഞങ്ങൾ ഓർക്കുന്നു. കർത്താവേ അവരുടെ പിന്നടിയിൽ നടപ്പാൻ ഞങ്ങളെ യോഗ്യതയുള്ളവരാക്കേണമെ.

തീർത്ഥാടക സംഘത്തിന്റെ മുന്നണി സംഘത്തിനു പിന്നിൽ വിശ്വാസ സമൂഹവും ഒരു മനസ്സും ശരീരവുമായി സീയോൻ നോക്കി യാത്ര ചെയ്യുകയാണ്.

നദീതടങ്ങളിൽ ജനിക്കപ്പെടുന്ന സാൽമൺ എന്ന മത്സ്യങ്ങൾ അത് എവിടെ പിറന്നുവോ അവിടേക്ക് കടലിൽ നിന്ന് വന്ന് ജീവിതം ഒടുക്കുന്നു എന്നത് പ്രകൃതി തരുന്ന മറ്റൊരു പാഠം ആണ്. വർജ്ജനവും ഉപോഷണവും യാത്ര സുഗമമാക്കുന്നതിനു വേണ്ടി ക്രമീകരിച്ചിരിക്കുന്നവയാണ്. നമ്മുടെ റെയിൽവേ തരുന്ന മുദ്രാവാക്യം പോലെ “Less luggage make journey comfortable”.

എല്ലാ കൂദാശകളോടും ചേർന്ന് പ്രദക്ഷിണങ്ങൾ ക്രമപ്പെടുത്തിയിട്ടുണ്ട്. തീർത്ഥാടനം ഒരു വിശ്വാസത്തിന്റെ affirmation ആണ്. ഒരു പൊതുകുമ്പസാരത്തിന്റെ ബാക്കിയാണ്. സമൂഹം ഒന്നായി വന്ന് തങ്ങൾ സമൂഹമായോ വ്യക്തികളായോ ദൈവഹിതത്തിന് എതിരായി നിന്നിട്ടുണ്ടെങ്കിൽ ദൈവത്തോട് മാപ്പപേക്ഷിക്കുന്ന സമയം ആണത്. വിശ്വാസം സമൂഹത്തിലാണ് രൂപപ്പെടുന്നത്. ഒരു വ്യക്തിക്ക് സ്വന്തമായി ഒരു വിശ്വാസം ഇല്ല. വിശ്വാസം ദൈവിക ദാനമാണ്. അത് പരിപോഷിപ്പിക്കപ്പെടുന്നത് വചനത്തിലൂടെയും പഠനത്തിലൂടെയും ആരാധനയിലൂടെയും ആണ്. Dolo Rosa എന്ന ക്രൂശിന്റെ പാത ഇന്ന് ലോകമെമ്പാടും ആവർത്തിക്കപ്പെടുന്നു. അങ്ങനെ കുരിശിന്റെ മർമ്മം സജീവമായി പുനരാവിഷ്ക്കരിക്കപ്പെട്ടുന്നു.

തീർത്ഥാടനം സന്തോഷപ്രദം എങ്കിലും അവർക്കുണ്ടാകുന്ന ന്യായവിധി കഠിനം എന്ന് വേദപുസ്തകം സാക്ഷിക്കുന്നു. ദൈവഭയവും മനുഷ്യ നന്മയിലേക്കുള്ള ആനന്ദവും ദൈവത്തിന്റെ സകല സൃഷ്ടികളോടുമുള്ള ഏകതയും തീർത്ഥാടക സംഘത്തിന് ഉണ്ടായിരിക്കണം. എബ്രാ. 3:8–19 വരെയുള്ള വാക്യങ്ങൾ തീർത്ഥാടക സമൂഹത്തോടുള്ള ദൈവത്തിന്റെ വെല്ലുവിളിയായി കണക്കാക്കണം. ഈ തീർത്ഥാടനത്തിൽ ഉൾപെട്ടിട്ടില്ലാത്തവരെ കുറിച്ചുള്ള സങ്കടവും ആർദ്രതയും നമുക്ക് ഉണ്ടായിരിക്കണം. ലക്ഷ്യം മറന്നുള്ള യാത്രയും രക്ഷകനെ മറന്നുള്ള ജീവിതവും നമുക്കുണ്ടായിക്കൂടാ. ഇന്ന് നിങ്ങൾ അവന്റെ ശബ്ദം കേൾക്കുന്നുവെങ്കിൽ കഠിനഹൃദയരായി തീരാതിരിപ്പാൻ പ്രാർത്ഥിക്കുക. ലക്ഷ്യം തെറ്റി നടക്കുന്നവരെ കൂട്ടത്തിൽ ചേർത്തു കൊള്ളുക. ഒരു യാത്രയേ നമുക്കുള്ളൂ എന്ന് മനസ്സിലാക്കി ജീവിതം ഗൗരവത്തോടു കൂടെ രൂപപ്പെടുത്തുക.


# St.Mary's School (CBSE SYLLABUS)
## PORT BLAIR, ANDAMAN

## VACANCY NOTICE

Applications are invited from eligible experienced candidates to fill up the following posts in the school.

**1. Principal**
**2. PGT – English/ Mathematic /Physics /Biology/Chemistry**
**3. PST – Montessori Training.**

**Qualification & Experience**

Post 1: Post Graduate in English/ Science /Maths / with M.Ed/ B.Ed and having 15-20 years Experience in teaching in English Medium School at senior level with minimum 2 years experience of Head of Institution. Age 42 to 55 years with relaxation to deserving candidates.

Post 2: Post Graduate in concerned subject with B.Ed having 5 years experience in English Medium School at senior leve.Age not more than 50 years.

Post 3: Convent Educated Experienced students having Diploma in Education or 2 years certificate course (TTI) with good English spoken capacity. Montessori Education will be added benefit. Age not more than 40 years.

All the above post carries Negotiable salary, Rent free accommodation (for Mainland candidates), LTC & Other perks.

Interview will be held at Chennai & Port Blair,

Interested candidate may submit their detailed Resume before 15.01.2011. to

**Manager, St.Mary's School, Mohanpura, Post Box NO. 270; Port Blair Andaman-744101**
**Or Mail to: smsmp_1995@yahoo.in** before 15th Jan2011.

Short listed candidate will be intimated accordingly.

# മലങ്കരസഭാ ചരിത്രത്തിലെ മായാത്ത തേജോഗോളം



- പ. കുറിച്ചി ബാവായുടെ 47 –ാം ഓർമ്മപ്പെരുന്നാൾ
- 2011 ജനുവരി 1, 2 തീയതികളിൽ കുറിച്ചി വലിയ പള്ളിയിൽ
- പ. പൗലോസ് ദ്വിതീയൻ ബാവാ പെരുന്നാളിന് മുഖ്യ കാർമ്മികത്വം വഹിക്കുന്നു
- അഖില മലങ്കര പ്രസംഗ മത്സരം • ശ്രാദ്ധസദ്യ • പദയാത്ര

മലങ്കരസഭ ഭരിച്ചിട്ടുള്ള മെത്രാപ്പോലീത്തന്മാരുടേയും കാതോലിക്കാമാരുടേയും ഗണത്തിൽ പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ ബാവായുടെ സ്ഥാനം ശ്രേഷ്ഠമാണ്. ഈ പരിശുദ്ധ പിതാവിന്റെ വിജയ രഹസ്യം അടിയുറച്ച ദൈവവിശ്വാസവും ഭക്തിയും സർവ്വോപരി തിരുമേനിയുടെ സത്യദീക്ഷയുമായിരുന്നു. സമുദായകേസ് ദോഷമായി വിധിച്ചപ്പോൾ "വെള്ളിയാഴ്ച കുരിശിച്ചസത്യം ഞായറാഴ്ച ഉയർക്കും" എന്നാണ് തിരുമേനി പ്രതികരിച്ചത്.

കുറിച്ചി വലിയപള്ളി ഇടവകയിൽ കല്ലാശ്ശേരിൽ തറവാട്ടിൽ ഉലഹന്നാന്റെയും ആച്ചിയമ്മയുടേയും പുത്രനായി 1874 ജൂൺ 16–ന് ജനിച്ച ശിശുവിന് പുന്നൂസ് എന്ന് പേരിട്ടു. പരിശുദ്ധ പരുമല തിരുമേനിയുടെ ശിഷ്യനായി പരുമല സെമിനാരിയിൽ വൈദിക പഠനം നടത്തി. 1892 ഏപ്രിൽ 24–ന് കടവിൽ അത്താനാസിയോസ് തിരുമേനിയിൽ നിന്നും ശെമ്മാശുപട്ടം സ്വീകരിച്ചു. 1898 നവംബർ 26–ന് പരുമല തിരുമേനി കശ്ശീശാപട്ടവും 3–ാം ദിവസം റമ്പാൻ സ്ഥാനവും നൽകി. 1912 സെപ്റ്റം. 10–ന് ഗീവർഗീസ് മാർ ഗ്രീഗോറിയോസ് എന്ന പേരിൽ മെത്രാൻസ്ഥാനാഭിഷേകം ലഭിച്ച് തുമ്പമൺ, നിരണം, കൊല്ലം മെത്രാസനങ്ങളുടെ സഭാഭരണ സാരഥ്യം പ്രശസ്തമായി നിർവ്വഹിച്ചു. 1929 ഫെബ്രുവരി 15–ന് പൗരസ്ത്യ സിംഹാസനത്തിലെ കാതോലിക്കായായി പരിശുദ്ധ വട്ടശ്ശേരിൽ ദിവന്നാസ്യോസ് തിരുമേനി സ്ഥാനാഭിഷേകം നടത്തി. വട്ടശ്ശേരിൽ തിരുമേനി കാലം ചെയ്തതിനെത്തുടർന്ന് 1934 ൽ മലങ്കര മെത്രാപ്പോലീത്താസ്ഥാനവും കാതോലിക്കായിൽ നിഷിപ്തമായി. പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ ബാവായാണ് ആദ്യമായി രണ്ടു പദവികളും ഒരുമിച്ചേറ്റെടുത്തത്.

പ. ബാവായുടെ 35 വർഷത്തെ സഭാഭരണകാലത്ത് കൊടുംപിരികൊണ്ടിരുന്ന അന്ത്യോഖ്യൻ വിശ്വാസികളുമായുള്ള സഭാകേസ് കാലഘട്ടത്തിൽ, അന്നത്തെ ഭരണകേന്ദ്രമായിരുന്ന കോട്ടയം പഴയ സെമിനാരിയിൽനിന്നു മറുപക്ഷക്കാർക്കു വേണ്ടി മാറിക്കൊടുക്കേണ്ടി വരുന്ന ഒരു സാഹചര്യം സംജാതമായപ്പോൾ ഇന്നു കാണുന്ന ദേവലോകം അരമനയും 7 ഏക്കർ സ്ഥലവും ഒറ്റ രാത്രി കൊണ്ട് സഭയുടെ പേരിൽ വാങ്ങിയത് ഭരണനേട്ടത്തിലെ സുപ്രധാനമായ കാര്യമാണ്. തുടർന്നുള്ള ഭരണകാലഘട്ടത്തിൽ സഭ വിദേശാധിപത്യഭീഷണി നേരിടേണ്ടിവന്നപ്പോഴൊക്കെ നിർഭയനായി പ. സഭയെ ഊട്ടി ഉറപ്പിച്ച്, സഭാ മക്കളെ ഒരേ കുടക്കീഴിൽ, ഒരേ വിശ്വാസത്തിൽ നിലനിർത്തിയ ബാവാ സഭാചരിത്രനേതൃത്വത്തിലെ രജതരേഖയാക്കി. മലങ്കരസഭയുടെ പരിശുദ്ധന്മാരായ രണ്ട് ശ്രേഷ്ഠ ഗുരുക്കന്മാരുടെ ശിക്ഷണവും അവരോടുള്ള ഭക്തിയും പരിശുദ്ധ ബാവായ്ക്ക് മലങ്കരയിൽ ലഭിച്ച അതുല്യബഹുമതിയാണ്.


പരിശുദ്ധ പരുമല തിരുമേനിയുടെ കാലശേഷം പരുമല സെമിനാരിയുടെ മാനേജരായി നിയമിക്കപ്പെട്ട ബാവാതിരുമേനി, റമ്പാനായതുമുതൽ പരിശുദ്ധ പരുമലതിരുമേനിയുടെ ഒരു പെരുന്നാളിൽ പോലും അന്ത്യംവരെ സംബന്ധിക്കാതിരുന്നിട്ടില്ല. പരുമല പെരുന്നാൾ വരുമ്പോൾ രണ്ടാഴ്ചമുൻപ് പരുമലയിൽ എത്തി താമസമാക്കും. തന്റെ ഗുരുവിന്റെ കബറിങ്കലെ പ്രാർത്ഥനാവസരങ്ങൾ വലിയ അനുഗ്രഹമായി കരുതിയിരുന്നു. സമുദായത്തിന്റെ ചില വിഷമഘട്ടങ്ങളിൽ പരുമലയിൽ പോയി മുട്ടിപ്പായി ദൈവത്തോട് പ്രാർത്ഥിച്ചാണ് പ്രധാന തീരുമാനങ്ങൾ എടുത്തിരുന്നത്. പരുമല പെരുന്നാളിൽ പരിശുദ്ധ പരുമലതിരുമേനിയുടെ കാപ്പ ഉപയോഗിച്ചാണ് പരിശുദ്ധ ബാവാതിരുമേനി വിശുദ്ധ ബലി അർപ്പിച്ചിരുന്നത്. തന്റെ കബറടക്കത്തിന് അതേ കാപ്പ അണിയിക്കണമെന്ന് മുൻകൂട്ടി പറഞ്ഞിരുന്നു. ആ ആഗ്രഹം സഫലമാകുകയും ചെയ്തു. ഏലിയാ ദീർഘദർശിയുടെ പുതപ്പ് ധരിച്ച ശിഷ്യൻ ഏലീശാ ശക്തിപ്രാപിച്ചതുപോലെ പരിശുദ്ധ പരുമല തിരുമേനിയുടെ കാപ്പധരിച്ച് ശിഷ്യനായിരുന്ന പരിശുദ്ധ ബാവാ ഗുരുവിന്റെ ശക്തിപ്രാപിച്ചു.

പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ ബാവാ തന്റെ സഭാശുശ്രൂഷയിൽ പരിശുദ്ധ പരുമലതിരുമേനിയോടും പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയോടുമുള്ള ഉദാത്തമായ ഗുരുഭക്തി, 20–ാം നൂറ്റാണ്ടിലെ മലങ്കര സഭയ്ക്ക് പുതിയ ദിശാബോധം സൃഷ്ടിക്കുവാൻ സാധിച്ചു. സമാധാനത്തിന്റേയും സ്നേഹത്തിന്റേയും ക്രിസ്തീയഭാവം സഭാമക്കൾക്ക് നൽകി. തന്മൂലം ഈ പരിശുദ്ധ പിതാവ് ജീവിച്ചിരുന്നപ്പോഴും മരണശേഷവും അനേകരുടെ ജീവിതത്തിൽ മദ്ധ്യസ്ഥനായിത്തീരുവാനിടയായി. പരിശുദ്ധ പിതാവിന്റെ മദ്ധ്യസ്ഥത നമുക്കു കോട്ടയായിരിക്കട്ടെ!!!

പ. പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ നാമത്തിൽ സ്ഥാപിതമായ കുറിച്ചി വലിയ പള്ളിയിൽ പരിശുദ്ധ ബാവായുടെ പാവനസ്മരണാർത്ഥം ധ്യാനമന്ദിരവും, മ്യൂസിയവും സ്ഥാപിച്ചിരിക്കുന്നു. പ. ബാവാതിരുമേനിയുടെ തിരുശേഷിപ്പ് സ്ഥാപിച്ചിരിക്കുന്ന ധ്യാനമന്ദിരത്തിൽ മാസാദ്യവെള്ളിയാഴ്ചകളിൽ പ. ബാവാതിരുമേനിയോടുള്ള മദ്ധ്യസ്ഥപ്രാർത്ഥനയും, ധ്യാനയോഗവും നടത്തിവരുന്നു. ബഹുജനപ്രയോജനത്തിനുതകുന്ന പരിശുദ്ധ ബസേലിയോസ്സ് ഗീവർഗീസ് ദ്വിതീയൻ മെമ്മോറിയൽ സ്റ്റഡി സെന്റർ നിർമ്മാണഘട്ടത്തിലാണ്. 2011 ജനുവരി 1, 2 തീയതികളിൽ പരിശുദ്ധ ബാവാതിരുമേനിയുടെ 47–ാം ഓർമ്മപെരുന്നാൾ കുറിച്ചിവലിയപള്ളിയിൽ കൊണ്ടാടുന്നു. പ. ബസേലിയോസ്സ് മാർത്തോമാ പൗലൂസ് ദ്വിതീയൻ ബാവാ തിരുമേനി ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിക്കും. ഏവരുടേയും പ്രാർത്ഥനാപൂർവ്വമായ സഹായസഹകരണങ്ങൾ പ്രതീക്ഷിക്കുന്നു.

**ഫാ. ജെയിംസ് മർക്കോസ്,**
**പടിയറ** (വികാരി)
**Ph: 9447903391**
**kurichybava@yahoo.com**

**Send your Donation to Account:-**
**Baselius Geevarghese II Heritage Complex Fund**
**Federal Bank, Chingavanam, Kottayam.**
**A/c. No. 12990100091873**



## നിങ്ങൾ പറയുന്നത്

### മുഖചിത്രം

സെപ്റ്റംബർ ലക്കം മലങ്കരസഭ മാസികയുടെ മുഖചിത്രം കണ്ടപ്പോൾ സാധാരണ ഉണ്ടാകാറുള്ള സന്തോഷത്തിന്റെ സ്ഥാനത്ത് നിരാശയാണുണ്ടായത്. ഇത്രയ്ക്ക് മുഖചിത്ര ദാരിദ്ര്യമോ നമുക്ക്? സഭയുടെ പ്രൗഢിക്കും പൗരാണികതയ്ക്കും യോജിച്ച എത്രയോ ആത്മീയ നിറവുള്ള ചിത്രങ്ങൾ കുറഞ്ഞത് ഒരു നൂറ്റാണ്ടിനുള്ളവ നമ്മുടെ സമ്പത്തായിട്ടുണ്ട്. ഉദാഹരണത്തിന്–ചെറുതും വലുതുമായ പ്രശസ്തിയേറിയ ദേവാലയങ്ങൾ, ഭദ്രാസനാസ്ഥാന മന്ദിരങ്ങൾ, പെരുനാൾ ആഘോഷങ്ങൾ, ദയറാകൾ, കബറിടങ്ങൾ.... ഇത്തരം ചിത്രങ്ങൾ കൊടുക്കണമെന്ന് നിർബന്ധമാണെങ്കിൽ ഉൾപേജിലെവിടെയെങ്കിലും ആക്കിയാൽ പോരേ!

*ഫാ. വർഗീസ് കുരുവിള,*
*തിരുവല്ല*

●

### പരുമലപള്ളി സത്യം ഏത്?

പരുമല സെമിനാരി സ്ഥാപിക്കാൻ തുനിഞ്ഞത് പുലിക്കോട്ടിൽ മാർ ദീവന്നാസിയോസ് തിരുമേനിയാണ്. 1047 M.E. കർക്കടം 13–ന് പുലിക്കോട്ടേ തിരുമേനിക്ക് അരികുപുറത്ത് മാത്തൻ കാർണവർ 30 ചതുരശ്ര ദണ്ഡ് സ്ഥലം എഴുതികൊടുത്തു.

പരുമല തിരുമേനിക്ക് റമ്പാൻ സ്ഥാനം കൊടുത്തത് അന്ത്യോഖ്യാ പാത്രിയർക്കീസല്ല. റമ്പാൻ പരുമല കിട്ടിയ സ്ഥലത്തും "അഴിപ്പുര" പണിത് സെമിനാരി നടത്തി താമസിച്ചു വന്നു. ഈ സ്ഥലം അന്ത്യോഖ്യാ പാത്രിയർക്കീസിന്റേതല്ല. ഭരണഘടനപ്രകാരം മലങ്കര മെത്രാപ്പോലീത്തായുടേതാണ്. പൗലോസ് മാർ അത്താനാസിയോസ് പരുമല സെമിനാരി പണിതു എന്നുള്ള വാദം അംഗീകരിച്ചാലും കോൺട്രാക്റ്റർക്ക് കെട്ടിടത്തിന് അവകാശം ഉണ്ടാകുമോ? പണി മേൽനോട്ടം വഹിച്ചാലും അവകാശം ഉണ്ടാകുമോ?

AD 1876 ഡിസം. 10–ന് പറവൂർ പള്ളിയിൽ വച്ച് ചാത്തുരുത്തിൽ ഗീവർഗീസ് മാർ ഗ്രിഗോറിയോസിന് പ. അന്ത്യോഖ്യാ പാത്രിയർക്കീസ് പട്ടം കൊടുത്തു. കരാർ എഴുതി വാങ്ങി. ഉടമ്പടിയുടെ ഏകദേശ രൂപം കേരളത്തിലെ നസ്രാണി ക്രിസ്ത്യാനികൾ Vol. 3, Page 162-165 By പി. വി. മാത്യു. എന്ന പുസ്തകത്തിൽ ഉണ്ട്. ഈ കരാറിൽ എല്ലാ കാര്യങ്ങളിൽ അനുസരണമുള്ള കുഞ്ഞാടായിരിക്കാം എന്നല്ലാതെ ഭൗതിക സ്വത്തുക്കളെക്കുറിച്ച് ഒന്നും പറയുന്നില്ല.

ചെന്നിത്തല യാക്കോബായ പള്ളി ഇടവകക്കാരെ പരുമലക്കാരായി മറ്റുള്ളവരെ ധരിപ്പിക്കാനും അതിനാണ് പള്ളി പണിയുന്നതെന്നുമുള്ള പ്രസ്താവന തെറ്റിദ്ധരിപ്പിക്കാനാണ്.

പരുമല പള്ളിയിൽ കേസു കൊടുത്താൽ നടക്കില്ല എന്നുള്ളതുകൊണ്ട് കൊച്ചുപള്ളി പണിത് വലിയ പള്ളിയിൽ "ഇടിച്ചുകയറാനാണ്" ഇവരുടെ ലക്ഷ്യം.

*കെ. ജെ. വർഗീസ്,*
*പുത്തൻകാവ്*

●

### നിർവ്യാജം ഖേദിക്കുന്നു

കഴിഞ്ഞ ലക്കം മാസികയിൽ ഞാനെഴുതിയ കവിത പരുമലയിൽ ഡ്യൂപ്ലിക്കേറ്റ് പള്ളി പണിയുന്നതിന് എതിരായിട്ടായിരുന്നു. അതിലെ പരാമർശങ്ങൾ ബദൽ പള്ളി പണിയുന്നവർക്കെതിരേയാണ്. മലങ്കര ഓർത്തഡോക്സ് സഭയുടെ ചിന്താധാരകളെ തകർത്ത് കുപ്രചാരണത്തിലൂടെയും, കുതന്ത്രങ്ങളിലൂടെയും മുന്നേറാൻ കഴിയില്ലെന്നാണ് കവിതയുടെ സാരം. 'കുരുടന്മാരുടെ വഴി കാട്ടികൾ' എന്നാൽ സഭയുടെ സത്യം മനസ്സിലാകാതെ അന്ധത ബാധിച്ച വിമത നേതാക്കളെന്നും, 'കുഴിയിൽ വീണു' എന്നത് ചതിയിൽ വീണു എന്നും വായിക്കപ്പെടേണ്ട വരികളാണ്.

ധീരയായ മലങ്കര സഭയ്ക്കുവേണ്ടി രക്തം നല്കി അനശ്വരനായ മലങ്കര വർഗീസിന് ഇനിയും പിൻമുറക്കാരുണ്ടാകും എന്നതാണ് അതിലെ വ്യംഗാർത്ഥം. മലങ്കര മക്കളുടെ മനസ്സിലെ വാടാത്ത പുഷ്പമാണ് മലങ്കര വർഗ്ഗീസ്. അതിലപ്പുറം ആരെങ്കിലും ആ വരികൾ ദുർവ്യാഖ്യാനം ചെയ്താൽ ഞാൻ നെഞ്ചു പൊട്ടി മരിക്കുന്നതാണ് ഭേദം. അങ്ങനെ ആരെങ്കിലും വായിച്ചു പോയിട്ടുണ്ടെങ്കിൽ സദയം ക്ഷമിക്കുക.

**സാമുവേൽ കൂടൽ**

●

### വിജയശബ്ദം

2010 മെയ് മാസത്തിലെ 'മലങ്കരസഭ'യിൽ ഭാഗ്യവാനായ പരിശുദ്ധ മാർ ദിദിമോസ് പ്രഥമൻ ബാവാ എഴുതിയ മഹാപുരോഹിത സന്ദേശത്തിലെ പ്രഥമ വാചകം ഇങ്ങനെ "എട്ടു പേർ കൂടി മേൽപ്പട്ട സ്ഥാനികളായി അഭിഷേകം ചെയ്യപ്പെടുകയാണ്. അടുത്ത ലക്കത്തിൽ പത്രാധിപർ '8' എന്ന സംഖ്യ തിരുത്തി 'എട്ടല്ല', 'ഏഴാണ്' എന്ന്. പക്ഷേ എട്ടു തന്നെ എന്ന് അന്നു വായിച്ച പലരുടെയും മനസ്സിൽ അനുരണനം ചെയ്തു.

പ്രവചനം ദൈവപ്രചോദിതമാണ് ദൈവവുമായി നിരന്തരം സമ്പർക്കം ചെയ്യുന്നവർക്കു നാവിൽ തുമ്പിലൂടെ, വിരൽ തുമ്പിലൂടെ ഭാവികാര്യങ്ങൾ വെളിപ്പെടുത്തുന്നു. അത് ഒരുവരദാനമാണ്. പുരോഹിതർ ദൈവത്തിന്റെ പ്രവാചകരാണ്. ദൈവത്തിന്റെ വാക്കുകളാണ് പുരോഹിതന്റെ നാവിൽ തുമ്പിലൂടെ വീഴുന്നത്.

പരിശുദ്ധ ബാവാ തിരുമേനി '8' എന്നസംഖ്യ അറിയാതെ എഴുതിയാതെങ്കിൽ പോലും 1–11–2010 ൽ പരിശുദ്ധ പൗലോസ് ദ്വതീയൻ ബാവാ അഭിഷേകം ചെയ്തതോടു കൂടി '8' എന്ന സംഖ്യ അന്വർത്ഥമായി.

വിജയത്തിന്റെ വാക്കുകളാണ് പുരോഹിത ശബ്ദം

*കെ. ജോൺ*
*മാത്യൂസ്, തുമ്പമൺ*

●

### ഓർമ്മപ്പെടുത്തൽ

സഭയിലും സഭാശുശ്രൂഷകളിലും കൂദാശകളിലും പെരുനാളുകളിലും മറ്റും പ്ലാസ്റ്റിക് ഉപയോഗിച്ച് നിർമ്മിച്ചിരിക്കുന്ന തോരണങ്ങൾ, ഗ്ലാസുകൾ, ഫ്ളക്സ് ബാനറുകൾ എന്നിവയുടെ ഉപയോഗം കർശനായി നിർത്തലാക്കണം എന്ന് ഉദ്ബോധിപ്പിച്ച് പരിശുദ്ധ ദിദിമോസ് പ്രഥമൻ കാതോലിക്കബാവാ തിരുമനസ്സിന്റെ കല്പനക ഇടവകകളിൽ എല്ലാം തന്നെ വായിച്ചിരുന്നതാണല്ലോ. എങ്കിൽ തന്നെയും അവയെ ഒട്ടും ഗൗനിക്കാതെ തന്നെ മേൽപറഞ്ഞ വസ്തുതകളുടെ ഉപയോഗം ഇടവകകളിൽ ക്രമാധീതമായി വർദ്ധിച്ചു വരുകയാണ് എന്നത് ദുഃഖകരവും അതിലപ്പുറവും ലജ്ജാവഹവുമായ ഒരു വസ്തുതയാണ്. ഒരു ശവസംസ്ക്കാര ശുശ്രൂഷയോ, പെരുന്നാളിന്റെ നേർച്ചവിളമ്പു കഴിഞ്ഞ ഒരു സ്ഥലത്തേക്ക് ചെന്നാൽ ഉപയോഗ ശൂന്യമായ പ്ലാസ്റ്റിക് വസ്തുതകളുടെ ഒരു കൂമ്പാരമാണ് ദർശിക്കാനാവുന്നത്. അവയെ ശരിയായി നിർമ്മാർജനം ചെയ്യുവാൻ പോലും ആരും മെനക്കടാറില്ല.

*റീനു സാറാ ജോൺ,*
*കറ്റാനം*

●

# പദപ്രശ്നം 20

| | | | | | | |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | | 5 | 6 |
| 7 | | | | | | |
| 8 | | 9 | | | | ■ |
| 10 | 11 | | 12 | | | 13 |
| 14 | | 15 | | ■ | 16 | |
| 17 | | | | 18 | | |
| | ■ | 19 | | ■ | | ■ |

## വലത്തോട്ട്

1. ബാബേൽ രാജാവായ നെബുഖദ്നേസറിന്റെ കൊട്ടാരത്തിൽ പ്രവാസികളായി പിടിച്ചു കൊണ്ടുപോയ ബാലന്മാർക്ക് ഷണ്ഡാധിപൻ തിന്മാൻ നൽകിയത്...............പദാർത്ഥമാണ്. (2)
4. യേശുവിന്റെ സുറിയാനിയലെ പേര്, കത്തോലിക്കർ ഈ പദം കൂടുതലായി ഉപയോഗിച്ചു വരുന്നു (2)
5. കൂശിന്റെ മൂത്ത പുത്രൻ (2)
6. "കരുണ നിറഞ്ഞവനേ പുനരുത്ഥാനത്തിൽ..." എന്ന ഗീതം രചിച്ചത് ഇദ്ദേഹമാണ് (5)
8. 'എന്റെ ജനം' എന്നർത്ഥമുള്ള ഈ പദം യിസ്രായേല്യരായ സഹോദരന്മാർക്ക് യഹോവ നൽകുന്ന നാമമാണ് (2)
9. ഗലീലാ നാട്ടിലുള്ള ഒരു ഗ്രാമം. ഇവിടെ വച്ച് വിധവയായ ഒരു സ്ത്രീയുടെ മകനെ യേശു ഉയർപ്പിച്ചു (3)
11. 1599-ൽ സഭാ സുന്നഹദോസ് കൂടിയ സ്ഥലം (6)
14. ഒരു ആയുധം. വിശ്വാസത്തെ ഈ ആയുധമായി വി. പൗലോസ് കല്പിച്ചിരിക്കുന്നു (3)
16. പത്രോസിനെ തന്റെ തെറ്റ് ബോധ്യപ്പെടുത്തിയ ഒരു പക്ഷി (2)
17. ഹനന്യാവ് എന്ന ബാലന് ഷണ്ഡാധിപൻ നല്കിയ പേര് (3)
18. വിതയ്ക്കുമ്പോൾ നല്ല വിത്തുകളോടൊപ്പം വളർന്നു വരുന്നത് (2)
19. ധാന്യം അളക്കുന്നതിനു ചെറിയ അളവും, ഉപകരണവും (2)

## താഴോട്ട്

1. ദാവീദ് രാജാവിന്റെ സൈന്യത്തിലെ വീരന്മാരിൽ ആരോഗ്യവാനായ ഹോഥാമിന്റെ പുത്രൻ (2)
2. യഹൂദാ ഗോത്രത്തിൽ സേരഹിന്റെ മകനായ സബ്ദിയുടെ മകൻ (3)
3. ദമ്മേശേക്കിലുള്ള ഒരു നദി (3)
4. ദാവീദിന്റെ സൈന്യത്തിലെ വീരന്മാരിൽ അഹോഹ്യനായ ആൾ (3)
5. 1818-ൽ കൽക്കട്ടയിൽ സ്ഥാപിക്കപ്പെട്ട ഇന്ത്യയിലെ ഏക കത്തോലിക്കേതര വേദശാസ്ത്ര സർവ്വകലാശാല (7)
6. 'എന്റെ യജമാനനെ' എന്ന അർത്ഥത്തിൽ ഉപയോഗിച്ചു വന്ന പദം. ഇത് ദൈവത്തിന് ഉപയോഗിക്കരുതെന്ന് ഹോശേയ പ്രവാചകന്റെ വാക്ക് (2)
10. ദൈവത്തിന്റെ കൂടെ വസിക്കുക എന്ന അർത്ഥത്തിൽ നാം .......... വാസം അനുഷ്ഠിക്കുന്നു (2)
11. ഭണ്ഡാരത്തിൽ കാശ് ഇടുന്നതായി യേശു കണ്ട വിധവ................ യായിരുന്നു (3)
12. ലോകമൊക്കെയും..................ചാർത്തണമെന്ന് ഔഗസ്തോസ് കൈസർ ആജ്ഞ പുറപ്പെടുവിച്ചു (4)
13. പാപികളുടേതായി സങ്കീർത്തനത്തിൽ പറഞ്ഞിരിക്കുന്നത്. അവിടെ നില്ക്കരുതെന്നും പറഞ്ഞിരിക്കുന്നു (2)
15. മുന്തിരിപ്പഴം ഇതിലിട്ട് ആട്ടിയാൽ മുന്തിരിച്ചാറ് ലഭിക്കും (2)
18. ഇത് ഉള്ളിടത്ത് കഴുക്കൾ കൂടുമെന്ന്. സുവിശേഷത്തിൽ പറഞ്ഞിരിക്കുന്നു (2)

**ഉത്തരങ്ങൾ അയയ്ക്കേണ്ട വിലാസം**
**പദപ്രശ്നം,**
**മലങ്കരസഭ മാസിക**
**കാതോലിക്കേറ്റ് അരമന, ദേവലോകം, കോട്ടയം-38**

ഉത്തരങ്ങൾ അയയ്ക്കേണ്ട
അവസാന തീയതി : 10-01-2011

## പദപ്രശ്നം-18, ശരിയുത്തരമയച്ചവർ

**വിജയി:- റാണി കെ. ചെറിയാൻ, ചുങ്കത്തറ**

1. വിജയി : റാണി കെ. ചെറിയാൻ, ചുങ്കത്തറ; 3. അന്നക്കുട്ടി ഏബ്രഹാം, അയ്മനം; 4. അന്നമ്മ കോശി, കുമ്പനാട്; 5. സിസ്റ്റർ അന്നമ്മ, നസ്രത്ത്, കടമ്പനാട്; 6. അന്നമ്മ തോമസ്, തുമ്പമൺ; 7. അന്നമ്മ ജോസഫ്, നെടുമാവ്; 8. അന്നമ്മ മത്തായിക്കുട്ടി, നാസിക; 9. അന്നമ്മ ചാക്കോ, നിരണം; 10. അന്നമ്മ തോമസ്, നരിയാപുരം; 11. പി. വി. അന്നമ്മ, പരിയാരം; 12. അക്കാമ്മ ജോർജ്, പാമ്പാക്കുട; 13. പി.സി. അലക്സാണ്ടർ, മാവേലിക്കര; 14. അമ്മിണി കുളകുഞ്ഞ്, തലവൂർ; 15. അമ്മിമി സക്കറിയ, പഴഞ്ഞി; 16. ആനി ചെറിയാൻ, തിരുവല്ല; 17. ആലീസ് ഏബ്രഹാം, കോയമ്പത്തൂർ; 18. ആലീസ് നൈനാൻ, എരുമേലി; 19. ആലീസ് നൈനാൻ, ആലപ്പുഴ; 20. സിസ്റ്റർ എസ്ഥേർ, നസ്രത്ത്, മാനാമ്പുഴ; 21. കെ സി. എലിസബത്ത് തമ്പി, കൊച്ചി-36; 22. എലിസബത്ത് മാത്യു, കരിക്കം; 23. എലിസബത്ത് തോമസ്, കൊട്ടാരക്കര; 24. കെ. കെ. ഏബ്രഹാം, പനയമ്പാല; 25. എലിസബത്ത് ജെനു ചെറിയാൻ, തിരുവനന്തപുരം; 26. പി.ഒ. ഏബ്രഹാം, പുറമറ്റം; 27. ഏലമ്മ ഏബ്രഹാം, നോർത്ത് കളമശ്ശേരി; 28. ഡോ. ഏലിയാമ്മ ഐസക്, പത്തൂർ; 29. ഏലിയാമ്മ തോമസ്, നിരണം; 30. ഏലിയാമ്മ പൗലോസ്, വയനാട്; 31. ഏലിയാമ്മ വർഗീസ്, മണ്ണാരകുളഞ്ഞി; 32. ഏലിയാമ്മ സഖറിയ, കൊൽക്കത്ത; 33. ഏബ്രഹാം വർഗീസ്, ബുധനൂർ; 34. ഏലിയാമ്മ വർഗീസ്, പുനലൂർ; 35. ബിജു രാജൻ, മാനാമ്പുഴ; 36, ബീനാ ജോണി, ഹരിപ്പാട്; 37. ബേബി വർഗീസ്, കോട്ടയം: 38. ബേബി ഡേവിഡ്, കോട്ടയം; 39. ബെന്നിക്കുട്ടി കെ. പത്തനാപുരം; 40. ബെൻസൺ കെ. ജോൺ, വടകോട്; 41. ബെൻസി വിത്സൺ, നരിയാപുരം; 42. ഡാനിയേൽ കൊച്ചുകഞ്ഞ്, അരുണാചൽപ്രദേശ്; 43. കെ. കെ. ഡാനിയേൽ, അരുവാപ്പുലം; 44. ഡെയിസ് ജോസ്, അരിങ്ങട, തലവൂർച 45. എം. എം. ജോർജ്, പാമ്പാക്കുട; 46. ജോർജ് ജോൺ, പാമ്പാക്കുട; 47. ജോർജ് ചെറിയാൻ, നരിയാപുരം; 48. ഗ്രേസ് വർഗീസ്, ബാംഗ്ലൂർ-24; 49. ഗ്രേസി പീറ്റേഴ്സ്, ഓമല്ലൂർ; 50. ഹണി ജോൺ, പുനെ-40; 51. ജയ്മോൻ പി. ചെറിയാൻ, വിശാഖപട്ടണം; 52. റ്റി.ജി. ജേക്കബ്, അഴൂർ, പത്തനംതിട്ട; 53. ജോളി ഏബ്രഹാം, കലഞ്ഞൂർ; 54. ജോളി ജോസഫ്, ഊന്നുകൽ; 55. കുമാരി കെ. ചാക്കോ, തിരുവനന്തപുരം; 56. കുഞ്ഞുമോൾ ജോർജ്, കാർത്തികപ്പള്ളി; 57. കുഞ്ഞമ്മ പൈലി, കോലഞ്ചേരി; 58. കുഞ്ഞമ്മ വർഗീസ്, കൊട്ടാരക്കര; 59. കുഞ്ഞമ്മ മത്തായി, മാരൂർ; 60. ലാലി കുരിയച്ചൻ, തഴവ; 61. ലിനി വർഗീസ്, കുന്നംകുളം; 62. ലിസി വർഗീസ്, തിരുവല്ല; 63. ലില്ലിക്കുട്ടി എം. കെ. തേവലക്കര; 64. ലില്ലിക്കുട്ടി മാത്യു, കൊച്ചറ; 65. ലിൻസി മേരി ജോയി, കരുമുളയ്ക്കൽ; 66. ലീലാ പൗലോസ്, ചാലക്കുടി; 67. ലീലാമ്മ മാത്യു, തേവലക്കര; 68. ലില്ലിക്കുട്ടി കെ. കുളത്തൂപ്പുഴ; 69. ലീലാ സഖറിയ ബാംഗ്ലൂർ-2; 70. ലീലാമ്മ ജോർജ്, ജലഹള്ളി, ബാംഗ്ലൂർ-13; 71. ലീലാമ്മ കുര്യൻ, പുതുപ്പള്ളി; 72. ലീലാമ്മ മാത്യു, തൃക്കണമംഗൽ; 73. ലീലാമ്മ തോമസ് പണിക്കർ, കുണ്ടറ; 74. ലൂസി അലക്സാണ്ടർ,

*ശേഷം 42-ാം പേജിൽ*

## പദപ്രശ്നം-18-ശരിയുത്തരം

| | | | | | | |
|---|---|---|---|---|---|---|
| 1 പാ | 2 സേ | 3 ഹ | 4 യാ | യേ | ൽ | 5 യോ |
| 6 ലാ | വ | ണ്യം | ബാ | ■ | ■ | നാ |
| ൻ | 7 മ | ■ | ദ് | ■ | 8 യോ | ദാ |
| 9 യ | ഹോ | 10 വ | 11 യി | 12 രേ | 13 സേ | ബ് |
| 14 വ | ദ | നം | 15 രി | ബാ | യി | 16 ശി |
| 17 ന | ര | 18 ക | യാ | ത | 19 ന | മ്രോ |
| ൻ | 20 ഇ | ള | വ് | 21 ന | ര | ൻ |

(അഭിപ്രായങ്ങളും സംശയങ്ങളും അറിയിക്കുക:
ഫാ. തോമസ് മാത്യു, കൊട്ടാരക്കര
ഫോൺ: 9847555113)

# ഗിവ്സൈറ്റ് പ്രോജക്ട് കാര്യമ്പാടി കണ്ണാശുപത്രി

**M.O.S.C Medical Mission Eye Hospital, Kariambadi P.O., Pin-673591,Wayanad, Kerala, India**

മലങ്കര ഓർത്തഡോക്സ് സിറിയൻ ചർച്ച് മെഡിക്കൽ മിഷൻ കാര്യമ്പാടി കണ്ണാശുപത്രി 1986 – ൽ ആരംഭിച്ചു. പരിശുദ്ധ ദിദിമോസ് കാതോലിക്കാബാവാതിരുമേനി പ്രസിഡന്റും രക്ഷാധികാരിയുമാണ്. അഭിവന്ദ്യ അബ്രഹാം മാർ എപ്പിഫാനിയോസ് തിരുമേനിയാണ് ഇപ്പോഴത്തെ വൈസ് പ്രസിഡന്റ്.

തിമിരം ബാധിച്ച് കാഴ്ച്ച നഷ്ടപെട്ട് ചികിത്സിക്കാൻ മാർഗ്ഗമില്ലാത്തവരെ സഹായിക്കുവാനാണ് ഗിവ്സൈറ്റ് പ്രോജക്ട് ആരംഭിച്ചത്. ഇതിനകം ആയിരങ്ങൾക്ക് ആശ്വാസം പകർന്ന് കാഴ്ച നല്കാൻ സാധിച്ചതിൽ ഏറെ ചാരിതാർത്ഥമുണ്ട്. ഈ മഹത്തായ യത്നത്തിൽ ഞങ്ങളോട് സഹകരിച്ച എല്ലാവരോടും ഏറെ നന്ദിയുണ്ട്. ഈ പ്രോജക്ട് വഴി ഇതിനകം 4986 താക്കോൽ ദ്വാര തിമിര ശസ്ത്രക്രിയ ഇൻട്രാഒക്കുലർ ലെൻസിട്ട് സൗജന്യമായി നടത്തിയിട്ടുണ്ട്. കൂടാതെ മറ്റുവിവിധ തരത്തിലുള്ള 4245 ശസ്ത്രക്രിയകൾ വേറെയും അർഹതപെട്ടവർക്ക് സൗജന്യമായി നടത്തികൊടുത്തിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തിൽ 14,56,546 രൂപയുടെ സൗജന്യ ചികിത്സ നടത്തുകയുണ്ടായി. 1990 മുതൽ ഇതുവരെയുള്ള കാലത്ത് ഒന്നര കോടിയിൽ ഏറെ രൂപയുടെ സൗജന്യ ചികിത്സയാണ് ഈ ആശുപത്രി വഴി നടന്നത്.

ഗിവ് സൈറ്റ് പ്രോജക്ടിൽ സന്മനസുള്ള ആർക്ക് വേണമെങ്കിലും പങ്കാളികളാകാം, എത്ര ശസ്ത്രക്രിയകൾ വേണമെങ്കിലും സ്പോൺസർ ചെയ്യവുന്നതുമാണ്. ഇതുവരെ ഓരോ ശസ്ത്രക്രിയക്കും 1000 രൂപ വീതം വച്ചായിരുന്നു സ്പോൺസർ നിരക്ക്. എന്നാൽ ഇപ്പോൾ ആശുപത്രിയുടെ പ്രവർത്തന ചെലവുകൾ വളരെയധികം വർദ്ധിച്ചിരിക്കുന്നതുകൊണ്ട് ഇപ്പോഴുള്ള നിരക്ക് 2000 രൂപയായി വർദ്ധിപ്പിക്കുവാൻ ഞങ്ങൾ നിർബന്ധിതരായിരിക്കുകയാണ്. അതുകൊണ്ട് ദയവായി മാന്യ സഹോദരങ്ങൾ തുടർന്നും ഈ കാര്യത്തിൽ ഞങ്ങളോട് സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. നിങ്ങളുടെ സഹായത്താൽ കാഴ്ച ലഭിക്കുന്നവരുടെ വിവരങ്ങൾ യഥാസമയം അറിയിക്കുന്നതുമാണ്

ജന്മ ദിനം വിവാഹദിനം, ഓർമ്മദിനം, ആദ്യശമ്പള ദിനം, പ്രൊമോഷൻ ലഭിച്ച ദിനം ഓർമ്മിക്കുക ഒരന്ധനു കാഴ്ച നല്കുന്നതിലൂടെ കർത്താവിനു പ്രസാദകരമായ ഒരു ജീവകാരുണ്യ പ്രവർത്തി ചെയ്യാം. **F.C.R.A** അംഗീകാരവും **80 G** ഇൻകംടാക്സ് ഇളവും ഈ സ്ഥാപനത്തിനു ലഭിച്ചിട്ടുണ്ട്.

നിങ്ങളുടെ സംഭാവനകൾ ചെക്ക്/ഡിഡി/എംഒ/ആയി അയക്കേണ്ട വിലാസം
**TREASURER, GIVESIGHT PROJECT, M.O.S.C. MM. EYE HOSPITAL, P O KARIAMBADI, WAYANAD, KERALA, INDIA, PIN 673591**

വെരി.റവ. അബ്രഹാം മാത്യു എടയകാട്ട് കോർഎപ്പിസ്ക്കോപ്പാ (സെക്രട്ടറി ഗവേണിംഗ് ബോർഡ്)





**P. V. KOSHY (KUNJUKUNJU)**
Died on 25-12-1978

**MERCY KOSHY**
Died on 24-7-1995

*Inserted by sorrowing family*

Kochupainumoottil
thiruvalla $ Punalur

വനിതാസഭ



സ്ത്രീകൾ
**സഭയിൽ**

**പ്രൊഫ. മേരി കുര്യൻ**

"ദീനക്കാർക്കല്ലാതെ സൗഖ്യമുള്ളവർക്ക് വൈദ്യനെകൊണ്ട് ആവശ്യമില്ല." (മർക്കോ. 2:17)

# ആ ധനുമാസ രാവ്

**ഒരമ്മ വസ്ത്രം മാറുന്നിടത്ത് മകൻ ഒളിച്ചിരുന്ന കഥ, എത്ര ഹൃദയവേദനയോടെയാണ് ആ അമ്മ പറഞ്ഞത്. ഭാരതപൈതൃകമായ വിശുദ്ധ കുടുംബ ബന്ധങ്ങൾ നമുക്ക് പുനഃസ്ഥാപിക്കണം.**

ഓർമ്മയുടെ തേരിലേറി, ക്രിസ്തുമസ് വീണ്ടും വരവായി. ക്രിസ്തുവിന്റെ ജനനം, യഹൂദ–റോമാ ചരിത്രത്തിലെ ഒരു നിർണ്ണായക കാലഘട്ടത്തിലായിരുന്നു. എല്ലാവരും പേർവഴി ചാർത്തണമെന്ന് ഒഗസ്തൂസ് കൈസരുടെ ഒരു ആജ്ഞ പുറപ്പെട്ടു. 14 വർഷം വീതം കൂടുമ്പോൾ ജനസംഖ്യ എടുക്കുന്ന പതിവുണ്ടായിരുന്നു. സെൻസസ് എടുക്കുന്നതിനു പിന്നിൽ ചക്രവർത്തിക്ക് രണ്ടു പ്രധാന ലക്ഷ്യങ്ങളുണ്ടായിരുന്നു: യഹൂദ രാജ്യത്ത് ഒരു പുതിയ നികുതി വ്യവസ്ഥ രൂപപ്പെടുത്തണം; റോമൻ സൈന്യത്തിലേയ്ക്ക് യഹൂദ യുവാക്കളെ കണ്ടെത്തണം

ബേത്‌ലഹേമിൽ തടിച്ചുകൂടിയ ജനം ഒരു ഉത്സവത്തിമിർപ്പിലായിരുന്നു. പേര് രജിസ്ററർ ചെയ്തവർ, കിടക്കാനിടമില്ലാതെ മടക്കയാത്രയ്ക്കുള്ള പരിഭ്രാന്തിയിലാണ്. വഴിയോരങ്ങളിലെ തസ്ക്കര സംഘങ്ങളുടെ ഓർമ്മ ('നല്ല ശമരിയാക്കാര'നിലെ വഴിപോക്കന്റെ അനുഭവം) അവരെ വേട്ടയാടി. എവിടെയും തിക്കും തിരക്കും. ആരും നഗരത്തിൽ ഉറങ്ങിയിട്ടുണ്ടാവില്ല. എന്നിട്ടും അവരാരും ശിശുവിന്റെ കരച്ചിൽ കേട്ടില്ല. രക്ഷകന്റെ ജനനം അറിഞ്ഞില്ല. ഇന്നും... ഇതുതന്നെയാണ് സ്ഥിതി. ക്രിസ്തുമസ്സിന്റെ ആഘോഷത്തിമിർപ്പിൽ... ക്രിസ്തുവിനു മാത്രം നമ്മുടെ ഉള്ളിലൊരു ഇടമില്ല. ക്രിസ്തുവില്ലാത്ത ക്രിസ്തുമസ്...

* * *

കാലം ആർക്കുവേണ്ടിയും കാത്തുനിന്നില്ല. ആദ്യക്രിസ്തുമസ് കഴിഞ്ഞിട്ട് രണ്ടായിരം വർഷങ്ങൾ പിന്നിട്ടിരിക്കുന്നു. 'മറിയ'മിന്റെ യാത്രാ ദുരിതങ്ങൾ തുടരുന്നു. തെരുവോരത്തും, ഓട്ടോറിക്ഷയിലും, ട്രെയിൻ യാത്രയിലും പ്രസവിക്കുന്ന ആധുനിക തരുണികളുടെ പ്രതിനിധിയാണ് മറിയം. സ്ത്രീകൾക്ക് യാത്ര ഇന്നും ഒരു പേടി സ്വപ്നമാണ്. 'മാതൃഭൂമി'യിൽ വന്ന "മാനം വാരിപ്പിടിച്ച് ബസ്‌യാത്ര ചെയ്യുന്ന മഹിളക"ളുടെ കദനകഥ വായിച്ചുവോ? ഡൽഹിയിലെ 'ജഗേരി' എന്ന സ്ത്രീസംഘടനയും, കേരളത്തിലെ 'സഖിയും' അടുത്തിടെ നടത്തിയ സർവ്വേപ്രകാരം, രാവിലെ സ്ക്കൂളിലേക്കും, കോളേജിലേക്കും, ഓഫീസിലേക്കുമുള്ള മരണപ്പാച്ചിലിലും, മടക്കയാത്രയിലുമാണ്, സ്ത്രീത്വം ഏറ്റവുമധികം അപമാനിക്കപ്പെടുന്നത്. തിങ്ങിനിറഞ്ഞ ബസ്സുകളിൽ, ഉന്തും, തള്ളും, തോണ്ടലും, നുള്ളും, പീഡനങ്ങളും സഹിക്കുന്ന സ്ത്രീകൾ. ഏറ്റവുമൊടുവിലായി, ബസ്സിൽ മകളുടെ മാനം കാക്കാൻ വേണ്ടി ഒരച്ഛന് രക്തസാക്ഷിയാകേണ്ടിവന്നു. കണ്ടു നിന്നു ചിരിപ്പൂക്കൾ പൊഴിക്കുന്ന പൂവാലന്മാർ. ഇക്കൂട്ടർ, ക്രിസ്തുമസ് ആഘോഷിക്കാൻ, വീട്ടിലെ ബാറുകളിൽ മദ്യകുപ്പികൾ നിരത്തുന്ന തിരക്കിലാണിപ്പോൾ. കേരളവനിതയുടെ യാത്രാ ദുരിതങ്ങൾ, വി. മറിയമിന്റെ യാത്രാ നൊമ്പരങ്ങളോടു ചേർത്തു വച്ച് നമുക്ക് ധ്യാനിക്കാം.

* * *

പക്ഷേ, തന്റെ ചുറ്റും പറന്നു നടന്ന വേദനപക്ഷികൾക്കു മദ്ധ്യത്തിലും, മറിയമെന്ന വീട്ടമ്മയ്ക്ക് ഒരു നിർവൃതി ഉണ്ടായിരുന്നു: 'ഒരു രക്ഷകന്റെ ജനനം'. നമ്മുടെ ഈ പ്രതിസന്ധികളുടെ മദ്ധ്യത്തിലും, മറിയമിനെപ്പോലെ, നമുക്കൊരു, ലക്ഷ്യമുണ്ടാവണം:

സ്ത്രീയാണ് വീടിന്റെ വിളക്ക്. ഭർത്തൃമതികളാണ് നാം. മദ്യലഹരിക്കതീതമായ ഒരു ഭർത്തൃസ്നേഹലഹരിയിൽ, നമുക്ക് നമ്മുടെ പുരുഷ പ്രജകളെ വീണ്ടെടുക്കണം; ഈക്രിസ്മസ് വേളയിൽ നാം അതിന് മറിയമിന്റെ വഴിതേടണം, ജോസഫിനോടുള്ള മറിയമിന്റെ വിശ്വസ്തത, വിധേയത്വം എത്ര ശക്തമായിരുന്നു: ജോസഫ് ഒരുക്കിയ ദരിദ്ര ഇടത്തിലാണവൾ പുത്രനെ പ്രസവിച്ചത്. പെസഹാ പെരുന്നാളിന് കാണാതെപോയ മകനെ, യരുശലേം ദേവാലയത്തിൽ കണ്ടുകിട്ടിയപ്പോഴുള്ള മറിയമിന്റെ പ്രതികരണം എത്ര ഊഷ്മളമമായിരുന്നു:

"നിന്റെ അപ്പനും ഞാനും എത്ര വ്യസനിച്ചു (ലൂക്കോ)...."

മറ്റൊന്നുകൂടിയുണ്ട്. നമ്മുടെ ഓമന മക്കളെ ലൈംഗിക അരാജകത്വത്തിൽ നിന്നും കരകയറ്റണം. ഒരമ്മ വസ്ത്രം മാറുന്നിടത്ത് മകൻ ഒളിച്ചിരുന്ന കഥ, എത്ര ഹൃദയവേദനയോടെയാണ് ആ അമ്മ പറഞ്ഞത്. ഭാരതപൈതൃകമായ വിശുദ്ധ കുടുംബ ബന്ധങ്ങൾ നമുക്ക് പുനഃസ്ഥാപിക്കണം.

നൊന്തുപെറ്റ്, പ്രാണൻ കൊടുത്തു പോറ്റി വളർത്തിയ മകനെ, മനുഷ്യകുലത്തിനു ബലി നല്കിയ ഒരമ്മയുടെ വഴിയാണ്, മറിയം തെളിച്ചിട്ടത്. ഭോഗത്തിലല്ല; ത്യാഗത്തിലൂടെ മാത്രമേ പുനഃസൃഷ്ടി സാദ്ധ്യമാകൂ.

ഈശാവാസ്യോപനിഷത്ത് ഒന്നാമത്തെ സൂക്തമാണിത്:

തേന ത്യക്തേന ഭുഞ്ജീഥാഃ
മാഗൃധഃകസ്യസ്വിദ്ധനം

('അന്യന്റെ മുതൽ കാംക്ഷിക്കരുത്... ത്യജിച്ചുകൊണ്ടുവേണം ഭുജിക്കുവാൻ' ത്യജിച്ചുകൊണ്ടു വേണം നാം ഭുജിക്കുവാൻ)

ക്രിസ്തു മൊഴിഞ്ഞതും ഇതുതന്നെയല്ലേ? "യാഗത്തിലല്ല, കരുണയിലാമത്രേ ഞാൻ പ്രസാദിക്കുന്നത്" (മത്താ. 9:13)

എല്ലാ 'മലങ്കരസഭ' വനിതകൾക്കും ക്രിസ്തുവോടു കൂടിയ ഒരു ക്രിസ്തുമസ് ആശംസിക്കുന്നു. ■

# സ്നേഹദീപം

(സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് കോൺഗ്രിഗേഷൻ-SGOC)

## ധനസഹായ അപേക്ഷാ ഫോറം

ഏത് തരത്തിലുള്ള സഹായത്തിന് അപേക്ഷിക്കുന്നു . . . . . . . . . . . . . . . . . . . . . . . . . . . . . . . . . .

പേര് . . . . . . . . . . . . . . . . . . . . . . . . .വയസ്സ് . . . . . . . . . തൊഴിൽ . . . . . . . . . . . . . . . . .

മേൽവിലാസം (പിൻകോഡ് സഹിതം). . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . .

. . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . .

വിദ്യാഭ്യാസ യോഗ്യത . . . . . . . . . . . . . . . . . . .പ്രതിമാസ വരുമാനം . . . . . . . . . . . . . . . . . . . . .

ഇടവക . . . . . . . . . . . . . . . . . . ഭദ്രാസനം . . . . . . . . . . . . . . . .ഭൂസ്വത്ത് വിവരം. . . . . . . . . . . . .

ഇടവകയിലെ ആദ്ധ്യാത്മിക പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്ന വിവരം . . . . . . . . . . . . . . . . . . . . . .

ഇതിനു മുമ്പ് ഇവിടേക്ക് അപേക്ഷിച്ചിട്ടുണ്ടോ? . . . . . . . . .സഹായം ലഭിച്ചിട്ടുണ്ടോ? . . . . . . . . . . . . . .

ഉണ്ടെങ്കിൽ : വർഷം . . . . . . . . . . . .എന്താവശ്യത്തിന്. . . . . . . . . . എന്ത് തുക ലഭിച്ചു . . . . . . . . . . .

***കുടുംബാംഗങ്ങളുടെ/ ആശ്രിതരുടെ പൂർണ്ണവിവരം.***

| പേര് | അപേക്ഷകനുമായുള്ള ബന്ധം | വയസ്സ് | തൊഴിൽ | പ്രതിമാസ വരുമാനം |
|---|---|---|---|---|
| | | | | |
| | | | | |
| | | | | |

പരിഗണനാർഹമായ മറ്റു പരാധീനതകൾ ഉണ്ടെങ്കിൽ അപേക്ഷയോടൊപ്പം എഴുതുക.

അപേക്ഷകന്റെ ഒപ്പ്. . . . . . . . . . . . . . . . . . . . . . .സ്ഥലം/തീയതി . . . . . . . . . . . . . . . . . . . . .

എല്ലാ അപേക്ഷയോടൊപ്പവും ഇടവക വികാരിയുടെ ശുപാർശയും, ഒപ്പും, പേരും, പൂർണ്ണമായ മേൽവിലാസവും, പള്ളിയുടെ ലെറ്റർപാഡിൽ സീലും ഉണ്ടായിരിക്കണം.

**അപേക്ഷകരുടെ ശ്രദ്ധക്ക്**

1. ചികിത്സാ സഹായത്തിന് മൂന്ന് മാസങ്ങൾക്കുള്ളിലുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് കൂടെ ഉണ്ടായിരിക്കേണ്ടതാണ്. മാരകരോഗങ്ങൾ ബാധിച്ച നിരാലംബരും സാധുക്കളുമായ രോഗികൾക്ക് പരിമിതമായ ധനസഹായം നൽകുന്നു.
2. വിധവകൾ, അംഗവൈകല്യം സംഭവിച്ചവർ, മാരക രോഗങ്ങൾ ബാധിച്ചവർ, ഇടവകയിലെ ആദ്ധ്യാത്മിക സംഘടനകളിൽ പ്രവർത്തിക്കുന്നവർ എന്നിവർക്ക് പ്രത്യേക പരിഗണന നൽകുന്നതാണ്. വിവാഹസഹായത്തിനു ദേശകുറിയുടേയോ, വിളിച്ചുചൊൽ കുറിയുടേയോ കോപ്പിയും, വികാരിയുടെ ശുപാർശകത്തിൽ കമ്മറ്റിക്കാരുടെ പേരും ഒപ്പും ഉണ്ടായിരിക്കണം.
3. വിദ്യാഭ്യാസ സഹായത്തിനു അവസാന വർഷ പരീക്ഷയുടെ മാർക്ക് ലിസ്റ്റും, ഇപ്പോഴത്തെ കോഴ്സ് സർട്ടിഫിക്കേറ്റും, പഠനത്തിൽ സമർത്ഥനാണെന്നുള്ള വികാരിയുടെ ശുപാർശക്കത്തും ഉണ്ടായിരിക്കണം.
4. ഭവനനിർമ്മാണ സഹായത്തിനും, ജീവസന്ധാരണത്തിനും വികാരിയുടെ ശുപാർശ കത്തിൽ കമ്മറ്റിക്കാരുടെ പേരും ഒപ്പും കമ്മറ്റിയുടെ പൂർണ്ണ ഉത്തരവാദിത്തത്തിൽ പണിപൂർത്തീകരിച്ചു കൊള്ളാം എന്ന ഉറപ്പും ഉണ്ടായിരിക്കണം.
5. ചികിത്സാ സഹായം ഒഴികെ മറ്റ് സഹായങ്ങൾക്ക് ഓർത്തഡോക്സ് സഭാ വിശ്വാസികളല്ലാത്തവർ അപേക്ഷിക്കുവാൻ അർഹരല്ല. കൂടുതൽ പരിഗണനാർഹമായവ മാത്രം തെരഞ്ഞെടുത്ത് സഹായം എത്തിക്കുന്നതാണ്.
6. മുകളിൽ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ പൂർണ്ണമായും സത്യസന്ധമായും എഴുതി, വേണ്ട രേഖകളും ശുപാർശയും സഹിതം സാധാരണ തപാലിൽ "Office Co-ordinator, SGOC, Basil Jubilee Centre, Bethany Aramana, Thiruvalla, Kerala - 689 101" എന്ന വിലാസത്തിൽ മാത്രം അയയ്ക്കുക. അല്ലാതെ ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല. അപേക്ഷകന്റെ പൂർണ്ണമേൽവിലാസവും, പിൻകോഡും എഴുതുവാൻ മറക്കരുത്. രേഖകൾ ഇല്ലാത്തതും, അപൂർണ്ണമായതുമായ അപേക്ഷകൾ പരിഗണിക്കുന്നതല്ല.

ധ്യാനം

ഫാ. ഡോ. റെജി മാത്യു

# തിരുവചനസുധ

## ഡിസംബർ 12

## സുകൃതികളുടെ ആത്മസംഘർഷം

**(മത്തായി 1:18 – 25)**

നസ്രത്തുകാരൻ യൗസേഫിന് വിവാഹം നിശ്ചയിച്ചിരുന്ന കന്യകയായ മറിയം ഗർഭവതിയാകുന്നത് അവളുടെ ഭർത്താവിനെ വല്ലാത്ത ചിന്താക്കുഴപ്പത്തിലാക്കുന്നു. യഹൂദന്മാരുടെ രീതിയനുസരിച്ച് വിവാഹത്തിന് രണ്ടു ഘട്ടങ്ങൾ ഉണ്ടായിരുന്നു എന്നുവേണം മനസ്സിലാക്കുവാൻ. ഒന്നാമത്തേത് വരനും വധുവുമായുള്ള കണ്ടുമുട്ടലും, കുടുംബാംഗങ്ങൾ അവരുടെ വിവാഹത്തെ സംബന്ധിച്ച് തീരുമാനമെടുക്കുന്ന സമയവുമാണ്. ഇങ്ങനെയുള്ള വിവാഹ ഉടമ്പടികളെ സംബന്ധിച്ച് നാം പഴയനിയമത്തിൽ വായിക്കുന്നുണ്ട് (മലാഖി. 2:14). വിവാഹത്തിന്റെ രണ്ടാം ഘട്ടത്തിൽ വധുവിനെ വരന്റെ കുടുംബത്തിലേക്ക് ആനയിക്കുന്ന വർണാഭമായ ചടങ്ങുനടക്കുന്നു (ഉദാ: മത്തായി. 25:1–13). ഇതിനിടയിൽ ഉള്ള സമയത്തെപ്പറ്റിയാണ് ഇന്നത്തെ വായനയിൽ നാം ചിന്തിക്കേണ്ടത്. സാധാരണയായി പന്ത്രണ്ടു മുതൽ പതിമൂന്നു വയസ്സു തികയുന്നതിനിടയിൽ ഒരു പെൺകുട്ടിയുടെ വിവാഹനിശ്ചയം സംബന്ധിച്ച ഉടമ്പടിയുണ്ടാകും. അതുകഴിഞ്ഞാൽ അവൾ അവനുള്ളതാണ്. വധു സ്വന്തം മാതാപിതാക്കളോടൊപ്പം കഴിഞ്ഞിരുന്ന സമയത്താണെങ്കിൽപ്പോലും ഇരുവർക്കും പരസ്പരം കണ്ടുമുട്ടുവാനുള്ള അവസരം യഹൂദ്യയിൽ ജീവിച്ചിരുന്ന യിസ്രായേല്യർ നൽകിയിരുന്നു എന്ന് റബ്ബിമാരുടെ കൃതിയായ മിഷ്നാ കെത്തുബോത്തിൽ (mishnah ketuboth 1:5) നാം വായിക്കുന്നു. ഈ സ്വാതന്ത്ര്യം ഗലീലയിലുള്ള യഹൂദർ വധൂവരന്മാർക്കു നൽകിയിരുന്നില്ല. അതിനാൽ ഉടമ്പടിയ്ക്കും വിവാഹത്തിനുമിടയിൽ വധു ഗർഭവതിയായാൽ വരന് ആ വിവാഹം വേണ്ടെന്നുവയ്ക്കാം. അതല്ലായെങ്കിൽ ഉത്തരവാദിത്തം തനിയ്ക്കുകൂടിയുണ്ടെന്ന് സമൂഹം ധരിയ്ക്കുകയും ഇരുവരെയും ശിക്ഷയ്ക്കു വിധേയമാക്കുകയും ചെയ്യും. സംഖ്യാപുസ്തകം 5–ാം അദ്ധ്യായത്തിൽ സംശയാലുവായ ഭർത്താവ് ഭാര്യയെ പുരോഹിതന്റെ അടുക്കൽ എത്തിയ്ക്കുകയും "സംശയത്തിന്റെ ഭോജനയാഗം" കഴിയ്ക്കുന്നതിനെയുംപറ്റി വിശദമായി പറയുന്നുണ്ട് (സംഖ്യാ. 5:11–31). തന്റെ നിഷ്ക്കളങ്കത വെളിപ്പെടുത്തുവാൻ നിർബന്ധിതരായിത്തീരുന്ന വനിതകൾ "ശാപം വരുത്തുന്ന കയ്പുനീരിന്റെ പരീക്ഷ" വിജയിക്കേണ്ടിയിരുന്നു. 'യാക്കോബിന്റെ ആദ്യസുവിശേഷം' എന്ന അപ്പോക്രിഫൽ ഗ്രന്ഥത്തിൽ യൗസേഫിന്റെ മാനസികസംഘർഷം വിശദീകരിക്കുന്നുണ്ട്. യൗസേഫ് ചിന്തിച്ചത് മറിയാമിന്റെ പാപം മൂടിവെച്ചാൽ താൻ കർത്താവിന്റെ നിയമത്തെ അനുസരിക്കാതിരിക്കയായിരിക്കുമെന്നും മറിച്ച്, മറിയാമിന്റെ ഗർഭധാരണവിവരം പുരോഹിതനെ അറിയിച്ചാൽ താൻ നിരപരാധിയായ ഒരുവളെ മരണശിക്ഷയ്ക്ക് വിട്ടുകൊടുക്കയുമായിരിക്കും എന്നാണ്. കാരണം യൗസേഫിന്റെ ചോദ്യംചെയ്യലിൽ മറിയാം അവളുടെ നിഷ്ക്കളങ്കത്വം ഏറ്റുപറഞ്ഞത് അദ്ദേഹം വിശ്വസിച്ചിരുന്നു (യാക്കോബിന്റെ ആദ്യസുവിശേഷം, 14–ാം



ഖണ്ഡിക). യൗസേഫിന് മനോ വേദനയുണ്ടാക്കിയ പശ്ചാത്തലമിതാണ്. മറിയാമിനെ പൊതുവിൽ കുറ്റപ്പെടുത്താനോ, അവളെ ശിക്ഷയ്ക്കു വിധിയ്ക്കുന്നതു കണ്ടുനിൽക്കാനോ തയ്യാറാവാതെ യൗസേഫ് രംഗത്തുനിന്നും അപ്രത്യക്ഷനാകുവാൻ തീരുമാനിക്കുമ്പോഴാണ് ദൈവിക ഇടപെടൽ ഉണ്ടാവുന്നത്.

യൗസേഫിന്റെ നിരാശയും സംഘർഷവും മാറ്റുവാൻ മാലാഖ രണ്ടു കാര്യങ്ങൾ ഉറപ്പായി പറയുന്നു. ഒന്ന്, മറിയാം ഗർഭവതിയായിരിക്കുന്നത് പരിശുദ്ധാത്മാവിനാലാണ്. രണ്ട്, മറിയാം പ്രസവിയ്ക്കുന്ന കുട്ടി അവന്റെ സ്വന്തം ജനത്തെ അവരുടെ പാപങ്ങളിൽ നിന്നും രക്ഷിക്കുവാനാണ് ജനിയ്ക്കുന്നത്.

സുവിശേഷകന്റെ അഭിപ്രായത്തിൽ ഇതെല്ലാം സംഭവിക്കുന്നത് യെശയ്യാ പ്രവാചകൻ നൂറ്റാണ്ടുകൾക്കു മുൻപ് മശിഹായെപ്പറ്റി പ്രവചിച്ചത് (യെശയ്യാ 7:14) പൂർത്തീകരിക്കുവാനായിട്ടായിരുന്നു. മറിയാം ജന്മം നൽകുന്ന കുഞ്ഞിന്റെ രണ്ടു പേരുകൾ നാം വായിക്കുന്നു. മാലാഖയുടെ അരുളപ്പാടിൽ പറയുന്നത് കുട്ടിയെ "യേശു" എന്നു പേർ വിളിയ്ക്കേണം എന്നാണ്. യഹോഷുവാ, യോശുവാ, യേശു എന്നിങ്ങനെയുള്ള പേരുകളുടെയർത്ഥം, "യഹോവ രക്ഷകനാകുന്നു" എന്നാണ്. മത്തായി 1:21 അനുസരിച്ച് യേശു തന്റെ ജനത്തെ പാപങ്ങളിൽ നിന്നും രക്ഷിയ്ക്കുന്നവനാണ് (അപ്പോ. പ്ര. 4:11–12). മാലാഖ ഇപ്രകാരം അരുളിച്ചെയ്യുന്ന കാര്യം പറഞ്ഞ ഉടനെ സുവിശേഷകൻ യെശയ്യാ 7:14 ഉദ്ധരിച്ചിട്ട് പറയുന്നു കുട്ടിയെ "അമ്മാനുവേൽ" എന്നുവിളിയ്ക്കേണമെന്ന്. ആ പദത്തിനർത്ഥം "ദൈവം നമ്മോടുകൂടെ" എന്നാണ്. മത്തായിയുടെ സുവിശേഷത്തിന്റെ അവസാനം ഉത്ഥിതനായ ക്രിസ്തു തന്റെ ശിഷ്യർക്കുനൽകുന്ന ഉറപ്പും ഇതുതന്നെയാണ്. "ഞാനോ എല്ലാ നാളും നിങ്ങളോടുകൂടിയുണ്ട്" (മത്തായി 28:20).

ചുരുക്കത്തിൽ, ഇന്നത്തെ വായനാഭാഗം ദൈവശാസ്ത്രപരമായി വളരെയധികം അർത്ഥസമ്പുഷ്ടിയുള്ളതാണ്. മനുഷ്യചരിത്രത്തിൽ ദൈവം എങ്ങനെ ഇടപെടുന്നുവെന്നും തന്റെ സ്വന്തം ജനമായ യിസ്രായേലിനെ ദൈവം എങ്ങനെ സ്നേഹിക്കുന്നുവെന്നും ഇവിടെ നാം വായിക്കുന്നു. ദൈവം ചരിത്രത്തിൽ ഇടപെടുന്നത് തിരഞ്ഞെടുക്കപ്പെട്ട മനുഷ്യരിലൂടെയാണ്. നസ്രത്തിലെ യൗസേഫും മറിയാമും സാധാരണക്കാരായി ജീവിക്കാനാഗ്രഹിച്ചവരാണ്. എന്നാൽ അവരുടെ സുകൃതജീവിതം കണ്ട ദൈവം അവരെ തന്റെ ഉപകരണങ്ങളാക്കിത്തീർക്കുന്നു. കഷ്ടതകളും, സംഘർഷങ്ങളും നിറഞ്ഞ ഒരു പാതയിലേക്ക് ദൈവം യൗസേഫ്–മറിയ ദമ്പതികളെ ആനയിക്കുകയാണ് ചെയ്യുന്നത്. നമുക്കും ദൈവനിയോഗം ലഭിയ്ക്കുന്ന അവസരങ്ങൾ വന്നുകൂടായ്കയില്ല. അവയൊക്കെ ചിലപ്പോൾ ഈ ലോകപ്രകാരമുള്ള മാനദണ്ഡങ്ങളും, അനുമാനങ്ങളും അനുസരിച്ച് വേദനാജനകമായിരിക്കും. എന്നാൽ മനുഷ്യജാതിയുടെ മുഴുവൻ നന്മയാഗ്രഹിക്കുന്നവർ ഇമ്മാതിരി അവസരങ്ങൾ സന്തോഷത്തോടെ സ്വീകരിക്കുകയും, അതിനുബന്ധമായി വരുന്ന സംഘർഷങ്ങളെയും വെല്ലുവിളികളെയും ധൈര്യപൂർവ്വം നേരിടുകയും ചെയ്യും. മ്യാൻമറിലെ ഓങ് സൂങ് സൂചി എന്ന മഹതി ഇരുപതുവർഷക്കാലം തടങ്കലിൽ കിടന്നതും തന്റെ കുടുംബത്തെപ്പോലും വിട്ടകന്നതും നാം കണ്ടുവല്ലോ. ദൈവത്തിന്റെ സന്നിധിയിൽ നിഷ്ക്കളങ്കരായവർക്കും മനഃസാക്ഷി വിശുദ്ധമായിരിക്കുന്നവർക്കും സമൂഹത്തിന്റെ വിധിതീർപ്പുകളെ ഭയപ്പെടേണ്ടതില്ല.

## ഡിസംബർ 19
## ഒരു കുടുംബ ചരിത്രം
**(ലൂക്കോ. 3:23–38; മത്തായി 1:1–17)**

യഹൂദസമൂഹത്തിൽ വംശാവലികൾക്ക് വളരെ പ്രാധാന്യമുണ്ടായിരുന്നു. നമ്മുടെ നാട്ടിലെ 'കുടുംബചരിത്ര'ങ്ങളുടെ സ്ഥാനമാണ് വംശാവലികൾക്ക് ലഭിച്ചിരുന്നത്. സാമൂഹിക ജീവിതത്തിൽ വംശാവലികൾ അർത്ഥവത്തായിരുന്നത് താഴെപ്പറയുന്ന അവസരങ്ങളിലാണ്.

a) വിവാഹബന്ധങ്ങൾ ഉറപ്പിക്കുമ്പോൾ വധൂവരന്മാരുടെ വംശാവലികൾ പരിശോധിച്ചിരുന്നു.

b) യറുശലേം ദേവാലയത്തിലെ പുരോഹിതന്മാരെയും, ലേവ്യരെയും നിയമിക്കുമ്പോൾ അവർ വംശാവലിപ്രകാരം അതിന് യോഗ്യരാണെന്ന് തെളിയിക്കേണ്ടിയിരുന്നു.

c) യിസ്രായേലിലെ സുരക്ഷാഭടന്മാരെ തിരഞ്ഞെടുക്കുമ്പോൾ അവർ തികഞ്ഞ യഹൂദന്മാരാണെന്ന് കാണിക്കേണ്ടിയിരുന്നു.

d) രണ്ട് യഹൂദർ തമ്മിൽ വ്യവഹാരങ്ങൾ നടക്കുമ്പോൾ കുറ്റവാളിയ്ക്ക് വംശാവലികളുടെ സഹായത്തോടെ പരാതിക്കാരനുമായുള്ള ബന്ധം തെളിയിച്ച് ശിക്ഷകളിൽ നിന്നും ഇളവുകൾ നേടാമായിരുന്നു.

e) ഒരു കുട്ടിയെ യറുശലേം ദേവാലയത്തിൽ സമർപ്പിക്കുമ്പോൾ അവിടെയുള്ള റിക്കാർഡുകളിൽ ഉൾപ്പെടുത്തേണ്ടതിന് വംശാവലികളുടെ സഹായം ആവശ്യമായിരുന്നു.

ഇവതമ്മിലുള്ള വ്യത്യാസങ്ങൾ പലതാണ്.

1. ഒന്നാമതായി, മത്തായിയുടെ സുവിശേഷത്തിൽ 42 പേരുകളുള്ള വംശാവലിയുടെ സ്ഥാനത്ത് ലൂക്കോസിന്റെ സുവിശേഷത്തിൽ 77 നാമങ്ങൾ കാണുന്നു.

2. രണ്ടാമതായി, ഒരിടത്ത് അവരോഹണ രീതിയാണ് അവലംബിച്ചിരിക്കുന്നതെങ്കിൽ മറ്റിടത്ത് ആരോഹണ മാതൃകയിലാണ് പേരുകൾ എഴുതിയിരിക്കുന്നത്.

3. വി. ലൂക്കോസ് ഇടമുറിയാതെ പേരുകൾ പറയുമ്പോൾ വി. മത്തായി മൂന്നു ഭാഗങ്ങളായി തിരിച്ചാണ് കർത്താവിന്റെ പൂർവ്വ പിതാക്കന്മാരെ അവതരിപ്പിച്ചിരിക്കുന്നത്.

4. ഒന്നാം സുവിശേഷത്തിൽ അഞ്ചു സ്ത്രീകളുടെ പേരുകൾ പറയുന്നു. മൂന്നാം സുവിശേഷത്തിൽ പുരുഷന്മാരുടെ പേരുകൾ മാത്രമേ കാണുന്നുള്ളൂ.

5. വി. ലൂക്കോസ് ആദാം മുതലുള്ള വംശാവലിയിൽ തല്പരനാണെങ്കിൽ വി. മത്തായി അബ്രഹാമിൽ ആരംഭിയ്ക്കുന്ന വംശാവലിയ്ക്കാണ് പ്രാധാന്യം നൽകുന്നത്.

വംശാവലിയെപ്പറ്റി പഠിച്ചിരിക്കുന്നവർ പറയുന്നത് ഒരു വംശാവലിയുടെ രൂപം അതിന്റെ ഉദ്ദേശം വ്യക്തമാക്കുന്നു എന്നാണ്. കുടുംബചരിത്രങ്ങൾക്കുണ്ടാവുന്ന രൂപവ്യത്യാസങ്ങൾ വംശാവലികൾക്കും സംഭവിക്കാം. ഉദാഹരണമായി, പകലോമറ്റം തറവാട്ടിലെ രണ്ടു ദേശങ്ങളിൽ താമസിക്കുന്നവർ പ്രസിദ്ധീകരിക്കുന്ന കുടുംബചരിത്രങ്ങളിൽ രണ്ടു സ്വഭാവത്തിലുള്ള വിവരണം കാണാം. സ്വന്തം കുടുംബത്തെയും ദേശത്തെയും ഊന്നിക്കാണിയ്ക്കുവാൻ സ്വന്തം വംശത്തിലുള്ളവർ എങ്കിലും മറ്റൊരു ദേശത്തുള്ളവരെ അവഗണിയ്ക്കുന്നരീതി കാണാറുണ്ടല്ലോ. അതുപോലെ കുടുംബത്തിലെ മെത്രാച്ചന്മാർ, മന്ത്രിമാർ, ഉന്നതസ്ഥാനികൾ എന്നിവർക്കായിരിക്കും കുടുംബചരിത്രത്തിൽ മുഖ്യസ്ഥാനം. അവ

രുടെ കുടുംബം യഥാർത്ഥമായും തുടക്കത്തിൽ പ്രമുഖസ്ഥാനത്തുനിന്ന കുടുംബമാകണമെന്നും നിർബന്ധമില്ല. പ്രധാന കുടുംബത്തിൽ തന്നെ കുറ്റവാളികളായവരോ, വിവാദങ്ങളിൽ ഉൾപ്പെട്ടവരെയോ മനഃപൂർവ്വം വിട്ടുകളയുന്ന സന്ദർഭങ്ങളുണ്ട്. ചുരുക്കത്തിൽ ഒരു കുടുംബ ചരിത്രവും ചരിത്രപരമായി നൂറുശതമാനം ശരിയായിരിക്കണമെന്നില്ല. ഇതുതന്നെ വംശാവലികളിലും സംഭവിക്കാറുണ്ട്. മത്തായി 1:1–17 തന്നെ ഇതിൽ ഉത്തമ ഉദാഹരണമാണ്. ആയതിനാൽ കർത്താവിന്റെ വംശാവികളുടെ ഉദ്ദേശമെന്താണ് എന്നു നാം കണ്ടുപിടിക്കേണ്ടിയിരിക്കുന്നു.

വി. മത്തായിയുടെ സുവിശേഷത്തിൽ ആ പുസ്തകത്തിന്റെ ആമുഖം എന്നരീതിയിലാണ് കർത്താവിന്റെ വംശാവലി നൽകിയിട്ടുള്ളത്. ആയതിനാൽ പേരുകൾക്കിടയിൽ കാണുന്ന ചെറിയ ചെറിയ കുറിപ്പുകൾ വളരെ പ്രാധാന്യമർഹിക്കുന്നവയാണ്. ലൂക്കോസിന്റെ സുവിശേഷത്തിലാകട്ടെ, സ്നാനമേറ്റ കർത്താവ് ദൈവപുത്രനാണെന്നും തെളിയിക്കുവാൻ വംശാവലി ദൈവത്തിലാണ് ചെന്നവസാനിക്കുന്നത്. രണ്ടു വംശാവലികളിലും കാണുന്ന പേരുകൾ തന്നെ വ്യത്യസ്തമാണ്. ഒരിടത്ത് യേശു ദാവീദിന്റെ പുത്രനായ മശിഹായാണെന്ന് കാണിക്കുവാൻ ദാവീദു മുതലുള്ള രാജാക്കന്മാരുടെ പിൻഗാമിയായി കർത്താവിനെ അവതരിപ്പിച്ചിരിക്കുന്നു. ലൂക്കോസിന്റെ സുവിശേഷത്തിലാകട്ടെ, കർത്താവ് ആരും അറിയാതെ കിടന്ന ഒരു കൂട്ടം പൂർവ്വപിതാക്കന്മാരുടെ സന്തതിയും സാധാരണ മനുഷ്യന്റെ രക്ഷകനുമാണ്.

### ഡിസംബർ 26
## അമ്മയും കുഞ്ഞും വേദച്ചുരുളുകളിൽ
**(മത്തായി 2:9–15; 19–23)**

ബേതലഹേമിൽ വന്ന വിദ്വാന്മാർ "അമ്മയെയും കുഞ്ഞി'നെയും കണ്ട് നമസ്ക്കരിക്കുകയും തങ്ങളുടെ നിക്ഷേപപാത്രങ്ങളിൽ നിന്നും പൊന്നും, മൂരും, കുന്തിരിക്കവും കാഴ്ചവയ്ക്കുകയും ചെയ്യുന്നു. "മാതാവും കുഞ്ഞും" എന്ന പ്രയോഗം ഇന്നത്തെ വായനയിൽ തന്നെ അഞ്ചിടത്തു പറയുന്നുണ്ട്. ഇതു ദൈവശാസ്ത്രപരമായും വളരെയർത്ഥമുള്ള ഒരു സംഗതിയാണ്. പൗരസ്ത്യ കലാകാരന്മാർ മാതാവിനെയും കുഞ്ഞിനെയും ഒരുമിച്ചു വരയ്ക്കുണ്ടതിനു പിറകിൽ ഈ വേദഭാഗത്തിന്റെ സ്വാധീനമുണ്ട്. സുവിശേഷകരെ സംബന്ധിച്ചിടത്തോളം യേശുവിന്റെ സാന്നിദ്ധ്യമില്ലാത്ത മറിയാം അപ്രസക്തയാണ്. യേശുവിന്റെ ബാല്യകാലവർണ്ണനകളിൽ മാത്രമല്ല പരസ്യശുശ്രൂഷാവേളയിലും, കുരിശിന്റെ ചുവട്ടിലുമൊക്കെ മാതാവിനെ അവതരിപ്പിക്കുന്ന സുവിശേഷകർ ഈ മാതൃ–ശിശുബന്ധം ഉറപ്പിച്ചു കാട്ടുന്നു (യോഹ. 2:1–11, ലൂക്കോ 11:27–28). അപ്പോസ്തോല പ്രവൃത്തികളിലെ സഭയുടെ കൂട്ടായ്മയിലും (അപ്പോ. പ്ര. 1:14) വെളിപാടുപുസ്തകത്തിലെ ദർശനത്തിലും (വെളി. 12:1–6) അമ്മയെപ്പറ്റി പറയുമ്പോൾ മകന്റെ കാര്യം ഓർമ്മപ്പെടുത്തുന്നു.

നീതിമാനായ യൗസേഫ് അമ്മയെയും കുഞ്ഞിനെയും കൊണ്ട് മിസ്രയിമിലേക്ക് ഓടിപ്പോകുന്നതും അവിടെ നിന്ന് മടങ്ങിവരുന്നതും വിവരിക്കുമ്പോൾ ഈ രണ്ടു യാത്രകളെ സംബന്ധിച്ചുള്ള യാതനകൾ സുവിശേഷകൻ ഭംഗിയായി വിവരിക്കുന്നു. ഈ രണ്ടു യാത്രകളും രണ്ട് പ്രവചനങ്ങൾ നിവൃത്തിയാക്കുവാനായിട്ടാണ് എന്ന് വ്യക്തമാകുന്നു. വി. മത്തായിയുടെ സുവിശേഷത്തിൽ പൊതുവെയും യേശുവിന്റെ ജനനം, കഷ്ടാനുഭവം, മരണം എന്നിവ പ്രത്യേകിച്ചും വിവരിക്കുമ്പോൾ, പഴയനിയമ പ്രവചനങ്ങൾ ധാരാളമായി ഉപയോഗിക്കപ്പെടുന്നുണ്ട്. യേശുവിന്റെ ജനനവും പരസ്യശുശ്രൂഷയും മശിഹായെ സംബന്ധിച്ച് പഴയനിയമത്തിൽ പറയുന്നതെല്ലാം പൂർത്തിയാകുവാനായിട്ടാണ് എന്ന് നാം മനസ്സിലാക്കണം.

യൗസേഫ് അമ്മയെയും കുഞ്ഞിനെയും കൊണ്ട് മിസ്രയിമിലേക്ക് പോകുമ്പോൾ "ഞാൻ എന്റെ മകനെ മിസ്രയിമിൽ നിന്നും വിളിച്ചിരിക്കുന്നു" എന്ന ഹോശയാ പ്രവചനമാണ് (ഹോശ. 11:1) പൂർത്തീകരിക്കപ്പെടുന്നത്. വാസ്തവത്തിൽ "മകൻ" എന്നുള്ളതുകൊണ്ട് ഹോശയാ പ്രവാചകൻ ഉദ്ദേശിക്കുന്നത് 'യിസ്രായേൽ ജനം' മുഴുവനുമാണ്. യേശു യിസ്രായേൽ ജനതയുടെ മുഴുവൻ പ്രതിനിധിയായി


# പള്ളിപ്പണിക്കു സഹായം അഭ്യർത്ഥിക്കുന്നു

പാലക്കാട് ജില്ലയിൽ മണ്ണാർകാടിനടുത്ത് പൊമ്പ്ര എന്ന സ്ഥലത്ത് പ. പരുമല തിരുമേനിയുടെ നാമത്തിലുള്ള പള്ളി പുതുക്കി പണിയുന്നതിന് **സഭാ മക്കളുടെയും വിശ്വാസികളുടെയും സഹായം അഭ്യർത്ഥിക്കുന്നു.**

1974–ൽ ആണ് പൊമ്പ്രയിൽ പള്ളി സ്ഥാപിച്ചത് തെക്കൻ പ്രദേശങ്ങളിൽ നിന്ന് കുടിയേറി പാർത്ത നമ്മുടെ ആളുകൾക്ക് മുൻപ് പള്ളി ഇല്ലാതിരുന്നതിനാൽ പലരും മറ്റ് ഇതരസഭകളിലേക്ക് പോയി എന്നാൽ ഓർത്തഡോക്സ് വിശ്വാസത്തിൽ ഉറച്ചു നിന്ന നമ്മുടെ കുറെ പാവപ്പെട്ടവരായ ആളുകൾ അന്ന് ഒരു ചെറിയ ഷെഡ്ഡ് ഉണ്ടാക്കി അതിൽ ആരാധന നടത്തി വന്നു. ഇന്ന് ആ പള്ളി ഇടിഞ്ഞ് വീഴാറായി, മഴക്കാലത്ത് വി. കുർബാന അർപ്പിച്ചപ്പോൾ മൂന്നിടത്ത് മാറ്റി മാറ്റി വച്ചാണ് അവസാനിപ്പിച്ചത്. പുതുപ്പാടി സെന്റ് പോൾസ് ആശ്രമത്തിലെ ഫാ. എ.ഡി. ഗീവർഗീസ് അച്ചനാണ് (പ്രസാദച്ചൻ) ശുശ്രൂഷ ചെയ്യുന്നത്. ഉദാരമതികളായ നമ്മുടെ ആളുകൾ സഹായിച്ചാൽ പരിശുദ്ധ പരുമല തിരുമേനിയുടെ നാമത്തിലുള്ള ഈ പള്ളി പുതുക്കി പണിത് വി. കുർബാന അർപ്പിക്കാൻ സാധിക്കും. ഏകദേശം 18 ലക്ഷം രൂപായുണ്ടെങ്കിൽ പണി പൂർത്തീകരിക്കാൻ സാധിക്കും. നല്ലവരായ എല്ലാവരുടെയും സഹായം ഈക്കാര്യത്തിൽ ഉണ്ടാകണമെന്ന് വിനീതമായി അപേക്ഷിക്കുന്നു.



**A/c No. 30827587358, S.B.I. Mannarkad, Palakhat**

Fr. A. D. Gheevarghese, St. Paul's Ashram & Balabhavan, Puthupadi P.O., Kozhikod-673586,
Ph: 9447645148, 0495-2235805

മിസ്രയിം വാസത്തിലേർപ്പെടുകയാണ്. ഇന്നത്തെ വേദവായന കേൾക്കുമ്പോൾ പഴയനിയമ കാലത്തെ യൗസേഫിനെയും അദ്ദേഹത്തോടൊപ്പം മിസ്രയിമിലേക്ക് കുടിയേറിയ യിസ്രായേൽ ജനതയെയും മാത്രമല്ല, വിമോചകനായ മോശയെയും അദ്ദേഹത്തോടൊപ്പം മിസ്രയിമിൽ നിന്നും തിരികെ കനാനിലേക്ക് യാത്രതിരിച്ച ജനത്തെയും നാം ഓർത്തുപോകുന്നു. വെളിപാടുപുസ്തകം 12-ാം അദ്ധ്യായത്തിൽ "മരുഭൂമിയിലേക്ക് ഓടിപ്പോയ അമ്മ" എന്നുള്ളതുകൊണ്ട് ഉദ്ദേശിക്കുന്നത് സഭയെയാണ്. അവിടെ 1260 ദിവസം സഭാമാതാവ് കഷ്ടപ്പെടുന്നത് കുഞ്ഞിനെ പ്രതിയാണ്. "അമ്മയെയും കുഞ്ഞിനെയും ആക്രമിക്കുന്ന സർപ്പം" സാത്താനാണ്. യിസ്രായേൽ ജനതയുടെ വിമോചകനായിരുന്ന മോശയോടും യേശുവിനെ ഉപമിക്കുവാൻ സുവിശേഷകൻ ശ്രമിക്കുന്നു. മോശയെ ഇല്ലാതെയാക്കുവാൻ ഫറവോൻ ശ്രമിച്ചതുപോലെ (പുറപ്പാട് 2:1-10) യാണ് യേശുവിനെ ഉപദ്രവിക്കുവാൻ ഹെരോദാവ് ശ്രമിക്കുന്നത്.

'നസ്രായൻ' എന്നപേര് യേശുവിന് ലഭിച്ചത് "നസ്രത്തുകാരൻ" എന്നയർത്ഥത്തിലാണോ അഥവാ "നാസീർ വ്യതക്കാരനാ"യതുകൊണ്ടാണോ എന്നതിനെ സംബന്ധിച്ച് പണ്ഡിതന്മാരുടെയിടയിൽ തർക്കമുണ്ട്. യേശുവിന്റെ ബാല്യകാല വർണനകളിൽ തനിയ്ക്ക് ലഭിക്കുന്ന മൂന്നാമത്തെ പേരാണ് "നസ്രായൻ" എന്നത്. "യേശു", "ഇമ്മാനുവേൽ" എന്നിവയെ സംബന്ധിച്ച് നേരത്തെ പറഞ്ഞുവല്ലോ.

**ജനുവരി 2**

## പണ്ഡിത സദസ്സിലെ പൈതൽ

**(ലൂക്കോ. 2 : 40-52)**

പന്ത്രണ്ടുവയസ്സുള്ള യേശു തന്റെ മാതാപിതാക്കളോടൊപ്പം യറുശലേം ദേവാലയത്തിൽ പെസഹാ പെരുനാളിനുപോയ സംഭവമാണ് ഇന്നത്തെ വേദവായനയിൽ പറയുന്നത്. യഹൂദ സമൂഹത്തിൽ പന്ത്രണ്ടുവയസ്സുകാരിയായ പെൺകുട്ടിയെ പ്രായപൂർത്തിയായവളായി കരുതിയിരുന്നെങ്കിലും പന്ത്രണ്ടുവയസ്സുകാരനായ ആൺകുട്ടിയെ "കുട്ടി"യായിത്തന്നെയാണ് പരിഗണിച്ചിരുന്നത്. മറിയാമും യൗസേഫും ആണ്ടുതോറും പെസഹാ പെരുന്നാളിനു പോകുന്ന പതിവുകാരായിരുന്നെങ്കിലും യേശു ഇതാദ്യമായിട്ടാണ് പോയതെന്നുവേണം വി. ലൂക്കോസിന്റെ വിവരണമനുസരിച്ചു മനസ്സിലാക്കുവാൻ. യേശുവിന്റെ ജനനം മുതൽ പരമ്പരാഗതമായ ചടങ്ങുകൾ നടത്തിയിരുന്ന മാതാപിതാക്കൾ ശിശുവായ തന്നെ ശുദ്ധീകരണത്തിനായി ദേവാലയത്തിൽ കൊണ്ടുപോയികഴിഞ്ഞു (ലൂക്കോ 2:22-32).

ഇനി അക്കാലത്ത് പന്ത്രണ്ടുവയസ്സുകാരായ ആൺകുട്ടികളെ ദേവാലയത്തിൽ സമർപ്പിക്കുമ്പോൾ അവരെ ബാർ മിസ്വാ (Bar Misvah) അഥവാ 'ഉടമ്പടികളുടെ പുത്രൻ' എന്ന പദവിക്കർഹരാകുമാകുമായിരുന്നന്ന ചടങ്ങുകൂടി നടത്തേണ്ടിയിരുന്നു.

യറുശലേം ദേവാലയത്തിലേക്ക് മടങ്ങിയ മാതാപിതാക്കൾ മൂന്നാം ദിവസമാണ് യേശു ദേവാലയത്തിലിരിക്കുന്നത് കാണുന്നത്. ബാലനായ യേശു അവിടെ ചുറ്റിക്കറങ്ങുകയോ, മാതാപിതാക്കളെ നഷ്ടപ്പെട്ട ദുഃഖത്തിൽ നിരാശനായിരിക്കുകയോ അല്ല ചെയ്തിരിക്കുന്നത്. മറിച്ച് ദേവാലയത്തിലെ പണ്ഡിത സദസ്സിലിരുന്ന് ചോദ്യങ്ങൾ ചോദിക്കുകയും തർക്കിക്കുകയും ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. യഥാർത്ഥത്തിൽ യേശു എവിടെയാണിരിക്കുന്നത്? യറുശലേം ദേവാലയത്തിൽ ഒരു സംഘാലയമുണ്ടായിരുന്നില്ല. അപ്പോസ്തോല പ്രവർത്തികളിൽ പറയുന്ന 'ശലോമോന്റെ മണ്ഡപ' (അപ്പോ. പ്ര. 3:11, 5:12,21) മായിരിക്കാം സ്ഥലം. അവിടെ ചർച്ചകളും, പ്രസംഗങ്ങളും നടത്തിയിരുന്നതായി നാം വായിക്കുന്നു. ഒരു ക്ലാസ്സ് മുറിയിലിരിക്കുന്ന വിദ്യാർത്ഥിയെപ്പോലെയല്ല, മറിച്ച് സെമിനാറിൽ പങ്കെടുക്കുന്ന ഒരു പ്രതിനിധിയുടെ വേഷമാണ് ഈ വേദഭാഗത്തിൽ യേശുവിനുള്ളത്.

എന്തായിരിക്കാം യേശു യഹൂദമത നേതാക്കളുമായി തർക്കിച്ച വിഷയങ്ങൾ? പെസഹാ പെരുനാളിന്റെ ചടങ്ങുകളിലെ അപാകതകളാണോ? അതോ യറുശലേം ദേവാലയത്തിന്റെ പൊതുവിലുള്ള മൂല്യച്യുതിയെപ്പറ്റിയാണോ? അതുമല്ല, ന്യായപ്രമാണത്തിന്റെ ഏതെങ്കിലും നിയമങ്ങളെപ്പറ്റിയാണോ? ദൗത്യബോധം നഷ്ടപ്പെട്ട "ദൈവജനം" ദൈവവുമായി രമ്യതപ്പെടുന്നതെങ്ങിനെയെന്നും, അവർ ദൈവമുദ്ദേശിച്ച വഴികളിൽ എങ്ങനെ സഞ്ചരിക്കുമെന്നുമാകാം കർത്താവ് പണ്ഡിതരുമായി ചർച്ച ചെയ്തത്. എന്തായിരുന്നാലും യേശുവിന്റെ ഗ്രഹണശേഷിയിലും, ഉത്തരങ്ങൾ പറയുന്ന ശൈലിയിലും ഏവരും അത്ഭുതപ്പെട്ടു എന്നുനാം വായിക്കുന്നു. നസ്രത്തിലെ സുനഗോഗിലെ യേശുവിന്റെ ആമുഖ പ്രസംഗം കേട്ട് സ്വന്തം നാടായ നസ്രത്തിലെ ജനങ്ങൾ വിസ്മയിച്ചതുപോലെ (ലൂക്കോ. 4:22) തന്നെ യറുശലേമിലെ പണ്ഡിത സദസ്സിനും യേശുവിൽ ആശ്ചര്യമുളവാകുകയാണ്.

പരസ്പരം കണ്ടുമുട്ടിയ യേശുവും മാതാപിതാക്കളും ഉന്നയിക്കുന്ന രണ്ട് ചോദ്യങ്ങളാണ് ഇന്നത്തെ വേദഭാഗത്തിന്റെ സുപ്രധാന ഭാഗം. അമ്മ മകനോടു ചോദിക്കുന്നത്: "മകനെ, ഞങ്ങളോട് ഇങ്ങനെ ചെയ്തത് എന്തിന്?" എന്നാണെങ്കിൽ യേശുവിന്റെ മറുചോദ്യം "എന്നെ തിരഞ്ഞത് എന്തിന്?" എന്നാണ്. യൗവനത്തിലേക്ക് പ്രവേശിക്കുന്ന ചെറുപ്പക്കാരോട് അവരുടെ അമ്മമാർ ഉന്നയിക്കുന്ന ചോദ്യവും അതിനുള്ള മറുപടിയും പലപ്പോഴും പരസ്പരമുള്ള കുറ്റപ്പെടുത്തലിലാണ വസാനിക്കാറ്. ഇവിടെ അതല്ലകാര്യം. യേശു ദേവാലയത്തിൽ ഇരുന്നതും പണ്ഡിതരായ ശാസ്ത്രിമാരോട് തർക്കിച്ചതുമൊക്കെ ഏതൊരു അമ്മയ്ക്കും അഭിമാനമുളവാക്കുന്ന സംഗതികളാണ്. എന്നാൽ മൂന്നുദിവസം താനനുഭവിച്ച മനഃപ്രയാസമാണ് മാതാവിന്റെ ചോദ്യത്തിനാധാരം. "നിന്റെ ഹൃദയത്തിലൂടെ ഒരു വാൾ കടക്കും" (ലൂക്കോ 2:35) എന്നുപറഞ്ഞ ശീമോന്റെ വാക്കുകൾ ഇവിടെ പ്രസക്തമാവുകയാണ്. യേശുവിനെ സംബന്ധിച്ചുള്ള അമ്മയുടെ ക്ലേശങ്ങൾ തുടങ്ങുന്നതേയുള്ളൂ. യേശു പറഞ്ഞ മറുപടിയിൽ താൻ ആരാണെന്ന് തനിക്ക് പൂർണ്ണമായും ബോധ്യം വന്നിരിക്കുന്നു എന്നസത്യം വെളിവാകുന്നു.

ഗ്രീക്കുകാരുടെ പുരാണങ്ങളിൽ പന്ത്രണ്ടു വയസ്സിൽ അമാനുഷികമായ കഴിവുകൾ പ്രദർശിപ്പിക്കുന്ന അലക്സാണ്ടറെയും എപ്പിക്യൂറിനെയും പറ്റി നാം വായിക്കുന്നുണ്ട്. ജോസീഫസിന്റെ വിവരണമനുസരിച്ച് ശമുവേൽ പ്രവാചകൻ തന്റെ പന്ത്രണ്ടാം വയസ്സിൽ പ്രവചനശുശ്രൂഷയാരംഭിച്ചതായി നാം വായിക്കുന്നു. ചില ആളുകൾ ചോദിക്കാറുണ്ട് സുവിശേഷകർ യേശുവിന്റെ ശൈശവകാലത്തിനുശേഷം പന്ത്രണ്ടാം വയസ്സുവരെയുള്ള കാര്യങ്ങൾ എന്തുകൊണ്ട് പറയുന്നില്ല? പന്ത്രണ്ടുവയസ്സിനുശേഷം പരസ്യശുശ്രൂഷയുടെ ആരംഭംവരെയുള്ള കാര്യങ്ങളെപ്പറ്റി സുവിശേഷകർ എന്തുകൊണ്ട് മൗനം അവലംബിക്കുന്നു? ഇതിനുത്തരമായി ചിലരൊക്കെ 'യേശു കാശ്മീരിൽ ജീവിച്ചിരുന്നു' എന്നതു

പോലെയുള്ള പുസ്തകങ്ങളെയും ചിലർ ആശ്രയിക്കാറുണ്ട്. എന്നാൽ സത്യം അതല്ല: സുവിശേഷകർ ഇങ്ങനെയുള്ള കാര്യങ്ങളെപ്പറ്റി താല്പര്യമുള്ളവരായിരുന്നില്ല എന്നതാണ് കാര്യം. യേശുവിന്റെ യഥാർത്ഥ ജീവചരിത്രം ഇടമുറിയാതെ പറയുക എന്നത് ഒരു സുവിശേഷകന്റെയും ഉദ്ദേശമല്ല. യേശുവിന്റെ ജീവിതത്തിൽ താൻ ദൈവപുത്രനാണെന്നു തെളിയുന്ന സുപ്രധാന സംഭവങ്ങളെപ്പറ്റി മാത്രമാണ് സുവിശേഷകർ ചൂണ്ടിക്കാട്ടുന്നത് (യോഹ. 20:30–31). യറുശലേം സന്ദർശനം ഇത്തരത്തിൽ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്.

ഈ വേദഭാഗം നൽകുന്ന മറ്റൊരു സന്ദേശത്തെപ്പറ്റിക്കൂടെ പറയട്ടെ. പന്ത്രണ്ടുവയസ്സ് കഴിഞ്ഞ് "ടീനേജി"ലേക്ക് പ്രവേശിക്കുന്ന നമ്മുടെ കുട്ടികൾക്ക് അവരുടെ ജീവിതത്തിന്റെ ഉദ്ദേശമോ അവരുടെ ദൗത്യമോ വെളിവാക്കുന്നുണ്ടോ? കുട്ടികളുടെ ഭാഷ അവരുടെ മാതാപിതാക്കൾക്ക് ഗ്രഹിക്കുവാൻ സാധിക്കുന്നുണ്ടോ? മനസ്സിലാകാത്തയവസരങ്ങളിൽ കൂടുതൽ തർക്കിച്ച് കുട്ടികളോട് ശത്രുതാമനോഭാവം പ്രകടിപ്പിക്കാതെ "സകലതും ഹൃദയത്തിൽ സംഗ്രഹിച്ച്" ബുദ്ധിപൂർവ്വം പ്രതികരിക്കുന്ന അമ്മമാർ എത്രയുണ്ട്? തങ്ങളുടെ ജീവിതത്തിൽ ദൈവനിയന്ത്രണം വരുമാറ് ബാലികാബാലന്മാരെ ദൈവവുമായും ദൈവാലയവുമായും ബന്ധിപ്പിക്കുവാൻ മാതാപിതാക്കൾ ശ്രദ്ധിക്കാറുണ്ടോ? അത്തരം അവസരങ്ങളിലൂടെ കുട്ടികളുടെ ഭാവിയെപ്പറ്റിയും ജീവിതലക്ഷ്യങ്ങളെപ്പറ്റിയും ദൈവം തന്നെ അവരോട് സംസാരിക്കട്ടെ. ■

## ഭോപ്പാൽ – കാസർകോട്

*9–ാം പേജിൽ നിന്നു തുടർച്ച...*

ര്യത്തിന് ഒതുങ്ങി നിന്നുകൊടുത്തുകൊണ്ടല്ല, വിധേയത്വവും രാഷ്ട്രപ്രതിബദ്ധതയും നിലനിർത്തുന്നത്. മറിച്ച് അവശതയനുഭവിക്കുന്നവർക്കു നീതി ലഭിക്കുന്നതിനുവേണ്ടി അടിച്ചമർത്തപ്പെട്ടവർക്കു വിമോചനമേകാൻ വേണ്ടി സമൂഹത്തിലെ എല്ലാ നല്ല സാഹചര്യങ്ങളും എല്ലാവർക്കും ഒരുപോലെയുണ്ടാകുന്നതിനുവേണ്ടി സാമൂഹിക പ്രവർത്തനങ്ങളിൽ പങ്കെടുത്തുകൊണ്ടാണ്. അത്തരം കാര്യങ്ങളിൽ സഭ ഏറെ പിന്നിലാകരുത്. മുന്നേറുക തന്നെ വേണം.

### കുഴിമാടങ്ങൾ സത്യം വിളിച്ചു പറയും

ഇരുപത്തയ്യായിരത്തിൽ പരം മനുഷ്യജീവന്റെ വില, ഒരു ലക്ഷം പേരുടെ നിത്യ ദുരിതത്തിന്റെ വേദന, തലമുറകളിലൂടെ ഒഴുകുന്ന വൈകല്യത്തിന്റെ അണുക്കൾ, ഇതിനെല്ലാം ആര് ഉത്തരം കൊടുക്കും. ഇതിനെല്ലാം മറുപടിയാണോ കാൽനൂറ്റാണ്ടിനുശേഷം വിധിച്ച രണ്ടു വർഷത്തെ തടവും, ഒരു ലക്ഷം രൂപ പിഴയും.

ഇന്ത്യൻ ഭരണ സംവിധാനത്തിൽ ഒരു കോർപ്പറേറ്റ് താത്പര്യം നിലനിൽക്കുന്നതുകൊണ്ടാണോ, രാജ്യതാൽപര്യത്തിനെതിരായ ഏതു ഭീഷണി ഉയർന്നാലും നമ്മുടെ ഭരണസംവിധാനം അനങ്ങില്ല എന്ന അവസ്ഥ. യൂനിയൻ കാർബൈഡിന്റെ കാര്യത്തിൽ സംഭവിച്ചതു തന്നെ ആണവക്കരാറിന്റെ കാര്യത്തിലും ഉണ്ടാകുമോ?

വിവാദങ്ങളും, രാഷ്ട്രീയ നേട്ടങ്ങളുമല്ല ദുരിതമനുഭവിക്കുന്ന ജീവിതങ്ങൾക്ക് ചികിത്സ നൽകാനും അവരെ പുനരധിവസിപ്പിക്കാനുമുള്ള നടപടികളാണ് ഉണ്ടാവേണ്ടത് ഇല്ലെങ്കിൽ...

തെരുവിൽ പൊലിഞ്ഞുവീണ ജീവിതങ്ങൾ പാഴായി പോകുന്ന മനുഷ്യ ജന്മങ്ങൾ; പാഴായിപ്പോവാതെ നീതിക്കുവേണ്ടി നിലവിളിച്ചുകൊണ്ടിരിക്കും. അങ്ങനെ നീതി നേടും വരെ ഇതിന്റെ പിന്നിലുള്ള ഓരോ വ്യക്തികളും വിചാരണചെയ്യപ്പെടുകയാണ്. ഭോപ്പാലിലും, ഈ കൊച്ചു കേരളത്തിലും.

ഒരു പരിസ്ഥിതി നീതിശാസ്ത്രം വളർത്താം. എല്ലാവരുടെയും ജീവൻ തുല്യ അംഗീകാരം കൊടുക്കാം. പ്രകൃതിയെ ആദരിക്കുന്ന ഈ നീതി ശാസ്ത്രത്തിന്റെ വേരുകൾ ആദിമ സംസ്ക്കാരങ്ങളുടെയും, വിശ്വാസങ്ങളിലും, മതചിന്തകളിലും കണ്ടെത്താം, നമ്മുടെ വികസന ചിന്തകളിൽ സമന്വയിപ്പിക്കാം. എന്നാലെങ്കിലും സ്ഥായിയായ വികസന സങ്കല്പം യാഥാർത്ഥ്യമാകട്ടെ. ■


A Blessed & Loving Memory of Our Grand Parents

A.C. CHACKO
ANANTHANAM
Expired on 24-12-1914
96th Memory



ALEYAMMA CHACKO
Expired on 06-11-1974
36th Memory

Remembered by:
A.J. John, Leela John-Grandson & Wife
Robin John-Great Grand son
281/2 Gopal Niwas, Sher-E-Punjab, Andheri (E), Mumbai-400093

# തീരദേശത്തിന്റെ തീർത്ഥം

കാർത്തികപ്പള്ളി താലൂക്കിന്റെയും കാർത്തികപ്പള്ളി പഞ്ചായത്തിന്റെയും പ്രധാന സംഗമസ്ഥലമാണ് കാർത്തികപ്പള്ളി ജംഗ്ഷൻ. കാർത്തികപ്പള്ളിയുടെ തിരുമുറ്റത്തു തന്നെ ശ്രദ്ധേയമായി നിൽക്കുന്ന ഈ ദേവാലയത്തിൽ വിശുദ്ധനായ മാർത്തോമ്മാ ശ്ലീഹായുടെ മദ്ധ്യസ്ഥതയിൽ അഭയംപ്രാപിച്ചുകൊണ്ട് നാനാ ജാതിമതസ്ഥർ വന്ന് പ്രാർത്ഥിക്കുന്നു. ക്രിസ്തുവിനു ശേഷം 9-ാം ശതകത്തിൽ കാർത്തികപ്പള്ളിയിൽ നസ്രാണിപള്ളി ഉണ്ടായിരുന്നു എന്ന് ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. പള്ളി പണിയാൻ വനത്തിൽ നിന്നും തടിവെട്ടികൊള്ളാൻ രാജകൽപ്പന ഉള്ളതുകൊണ്ടു തന്നെ, ഇത് എങ്ങും നിന്നും പൊളിച്ചുകൊണ്ടുവന്ന് വിഭജിച്ച് പിരിഞ്ഞതല്ലന്നു വ്യക്തമായി തെളിയിക്കുന്നു.

കാർത്തികപ്പള്ളി രാജ്യം നിബിഡമായ വനസമ്പത്തുള്ള പ്രദേശമാണന്നും മണ്ണാർശ്ശാല, എരിയക്കാവ്, മഹാദേവികാട്, ചിങ്ങോലി, കാഞ്ഞൂർ എന്നീ സ്ഥല നാമങ്ങളും 'കാട്ടിൽ' എന്ന് അവസാനിക്കുന്ന 100 കണക്കിനു വീട്ടുപേരുകളും ഈ വാദത്തിനു ബലം നൽകുന്നു. തിരുവിതാംകൂറിലെ പ്രസിദ്ധമായ മൂന്ന് ചന്തകൾ കാർത്തികപ്പള്ളി, പുത്തൻകാവ്, ചാല (തിരുവനന്തപുരം) ഇവയായിരുന്നു. ആദ്യകാലത്ത് ക്ഷേത്രമാതൃകയിൽ പണിതിരുന്ന പള്ളി യൂറോപ്യന്മാരുടെ ആഗമനത്തോട് പടിഞ്ഞാറൻ വാസ്തുശില്പമാതൃകയിൽ പുതുക്കിപ്പണിതു. ക്ഷേത്രവിളക്കുകൾക്ക് തുല്യമായ പള്ളിവിളക്കുകൾ കല്ലുകൊണ്ടും ഓടുകൊണ്ടും നിർമ്മിച്ചത് പള്ളിയിൽ സൂക്ഷിച്ചിട്ടുണ്ട്. ഈ പള്ളിയുടെ മുഖവാരം മറ്റുപള്ളികളിൽ നിന്നും വ്യത്യസ്ഥമാണ്. രാജമുദ്രയുള്ള പല്ലക്ക് ഈ പള്ളിയിൽ സൂക്ഷിച്ചിട്ടുണ്ട്. പുരാതനമായ കിണർ ദേവാലയത്തിന് തെക്കുവശത്തായി സ്ഥിതിചെയ്യുന്നു. നൂറ് കണക്കിന് താളിയോലകൾ സൂക്ഷിച്ചിട്ടുള്ള ഈ ദേവാലയത്തിൽ മൂന്നാം മാർത്തോമ്മ താമസിച്ചിരുന്നെന്നും കടമ്പനാട് സെന്റ് തോമസ് കത്തീഡ്രലിൽ കബറടങ്ങിയിരിക്കുന്ന അദ്ദേഹത്തിന്റെ ശ്രാദ്ധപെരുന്നാൾ 1854 വരെ നടത്തിയിരുന്നെന്നും, അതിനുശേഷം പാലക്കുന്നത് മാർ അത്താനാസിയോസ് ഈ പള്ളിമേടയിൽ താമസിച്ച് ഭരണം നടത്തിയിരുന്ന കാലത്ത് ചാത്തം നിർത്തി എന്നും തെളിവുകൾ ഉണ്ട്. 1846-ൽ പോത്താകുര്യൻ എന്ന ശുശ്രൂഷകനെ ഏൽപ്പിക്കുന്ന സ്റ്റോക്ക് രജിസ്റ്റർ പലനിറത്തിലുള്ള മറ, പല്ലക്ക്, കടമണി, കിലുക്കുമണി ഇവ രേഖപ്പെടുത്തിയിരിക്കുന്ന താളിയോലകളിൽ കൂടി ധാരാളം ചരിത്രസത്യങ്ങൾ വെളിച്ചപ്പെടുത്തുന്നു. ഈ പള്ളി എ.ഡി. 1581-ൽ പുതുക്കിപണിതു. കാർത്തികപള്ളി ഗ്രാമപഞ്ചായത്ത് പുറത്തിറക്കിയിട്ടുള്ള വികസനരേഖയിൽ ധാരാളം കാര്യങ്ങൾ ഈ ദേവാലയത്തെക്കുറിച്ച് പ്രതിപാദിക്കുന്നു. തീരദേശത്തിന്റെ തീർത്ഥമായ ഈ ദേവാലയം കരുവാറ്റ യാക്കോബ് ബൂർദ്ദാന, ആനാരി സെന്റ് ജോൺസ്, മാതിരംപള്ളി സെന്റ് ഗ്രീഗോറിയോസ്, ഡാണാപ്പടി സെന്റ് ജോർജ്ജ്, മുതുകുളം സെന്റ് ജോർജ്ജ് എന്നീ ഇടവകകളുടെ മാതൃദേവാലയമായി പരിലസിക്കുന്നു. റവ. ഫാദർ. ജോർജ്ജ് ജോസഫ്, റവ. ഫാദർ. പി. ഫീലിപ്പോസ്, റവ. ഫാദർ. സി.എ. ഐസക്ക്, റവ. ഫാദർ. ജോർജ്ജ് ഡാനിയേൽ, റവ. ഫാദർ. ജിജി കെ. തോമസ്, റവ. ഫാദർ. എബി ഫിലിപ്, റവ. സിസ്റ്റർ ശൈനോ എന്നീ പ്രഗൽഭരായ വൈദികർ ഇടവകാംഗങ്ങളാണ്. 1919-ൽ സ്ഥാപിച്ച നവതി നിറവിൽ നിൽക്കുന്ന സെന്റ് തോമസ് ഹൈസ്ക്കൂൾ ഉയർന്ന നിലവാരം പുലർത്തുന്നതും ഈ ദേവാലയത്താൽ സ്ഥാപിക്കപ്പെട്ടിട്ടുള്ളതും നല്ലവരായ കാർത്തികപള്ളി ഇടവകക്കാർ കോർപ്പറേറ്റ് മാനേജ്മെന്റിന് വിട്ടുകൊടുത്തിട്ടുള്ളതുമാകുന്നു.

എരിക്കാവ് സെന്റ് ഗ്രീഗോറിയോസ് ചാപ്പലും വെട്ടുവേനി അകംകുടിയിൽ പുതുതായി പണിതുകൊണ്ടിരിക്കുന്ന സൺഡേസ്ക്കൂൾ കെട്ടിടവും, മറ്റു അനുബന്ധ സ്ഥാപനങ്ങളും ഭംഗിയായി പ്രവർത്തിക്കുന്നു. പുതുക്കുണ്ടം, ചിങ്ങോലി, നങ്ങ്യാർകുളങ്ങര, വെട്ടുവേനി, അകംകുടി, എരിക്കാവ് എന്നീ ഭാഗങ്ങളിൽ 4 പ്രാർത്ഥന യോഗങ്ങളും 6 സ്ത്രീസമാജ യൂണിറ്റുകളും ഭദ്രാസന സുവിശേഷസംഘയൂണിറ്റും സഭയുടെ നവജ്യോതി മോംസിന്റെ നേതൃത്വത്തിലുള്ള നാലു സ്വയംസഹായ സംഘങ്ങളും സൺഡേസ്ക്കൂൾ യുവജനപ്രസ്ഥാന പ്രവർത്തനങ്ങളും എല്ലാം ആത്മീയ സംഘടനകളും ഭംഗിയായി നടക്കുന്നു. എല്ലാ ബുധനാഴ്ചയിലും പള്ളിയിലും വെള്ളിയാഴ്ച ഭവനങ്ങളിലുമായി ഉപവാസ പ്രാർത്ഥന നടക്കുന്നു.

വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ കൈവെപ്പിനാൽ ഭാരതസഭയ്ക്ക് ലഭിച്ച കൃപാവരത്തെ ജ്വലിപ്പിക്കുവാൻ കൂടിയാകണം ഈ പെരുന്നാൾ ആഘോഷം. പെരുന്നാളുകളുടെ ബാഹ്യപ്രകടനങ്ങളിൽ മാത്രം ആകൃഷ്ടരാകാതെ ആന്തരിക ശക്തിപ്രാപിക്കുവാനും വേദനിക്കുന്നവന്റെ കണ്ണുനീരൊപ്പുവാനും നമുക്ക് കഴിയണം. കാർത്തികപള്ളി മാർക്കറ്റിന് പഴയ പ്രൗഡി ഇന്ന് ഇല്ലെങ്കിലും പുതിയ വ്യാപാരസ്ഥാപനങ്ങൾ കാർത്തികപള്ളിയിൽ തുറന്നുകൊണ്ടിരിക്കുന്നത് പഴയ പ്രതാപം വീണ്ടെടുക്കുവാൻ സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നു. നാനാ ജാതി മതസ്ഥരായ ഏവർക്കും അഭയമരുളികൊണ്ട് ക്രൈസ്തവ ദേവാലയങ്ങളുടെ മുത്തശ്ശിയായി തലയെടുത്ത് നിൽക്കുന്ന ഈ ദേവാലയം ദേശത്തിന് നൽകുന്ന ദിവ്യപ്രഭയെ പ്രാർത്ഥനയോടെ നമുക്ക് സ്വീകരിക്കാം. കർത്താവെ, അവിടുത്തെ കരുണയിലാണ് എന്റെ പ്രത്യാശ. ഞാൻ അവിടുത്തെ പാദങ്ങളിൽ വീണ് കേണപേക്ഷിക്കുന്നു. എനിക്ക് പശ്ചാതാപത്തിന്റെ ആത്മാവിനെ തരേണമെ. അധർമ്മത്തിന്റെ ഇരുട്ടറയിൽ നിന്നും എന്റെ ആത്മാവിനെ സ്വതന്ത്രമാക്കേണമെ! ആത്മീയ വിശുദ്ധി പ്രാപിക്കുവാൻ ഈ പെരുന്നാൾ ഇടയാക്കട്ടെ. ഒരായിരം ക്രിസ്തുമസ്സ് പുതുവത്സര ആശംസകൾ ഏവർക്കും നേരുന്നു.

**ഫാ. അലക്സാണ്ടർ വട്ടയ്ക്കാട്ട്**
(വികാരി)
**ഫോൺ: 9447504075**

## പദപ്രശ്നം

*33-ാം പേജിൽ നിന്നു തുടർച്ച...*

ചെന്നൈ-29; 75. അഡ്വ. ലൈലാ പോൾ, തിരുവനന്തപുരം; 76. റ്റി. സി. മാത്തപ്പൻ, കുന്നംകുളം; 77. മറിയാമ്മ വർഗീസ്, മല്ലപ്പള്ളി; 78. മറിയാമ്മ യോഹന്നാൻ, തിരുവല്ല; 79. മറിയാമ്മ ഫിലിപ്പോസ്, അടൂർ, പത്തനംതിട്ട; 80. മറിയാമ്മ തോമസ്, ഇലവുംതിട്ട; 81. മറിയാമ്മ മാത്യു, കുണ്ടറ; 82. മറിയാമ്മ കെ. വൈ, വടവുകോട്; 83. മറിയാമ്മ വർഗീസ്, ആലപ്പുഴ; 84. മേരിക്കുട്ടി ഡാനിയേൽ, തലച്ചിറ; 85. മേരിക്കുട്ടി പാപ്പച്ചൻ, കലയപുരം; 86. മേരിക്കുട്ടി അലക്സാണ്ടർ, തിരുവനന്തപുരം; 87. മേരി പൗലോസ്, നാസിക്; 88. മേരിക്കുട്ടി ജേക്കബ്, നിരണം; 89. മേരിക്കുട്ടി ശാമുവേൽ, ചുങ്കത്തറ; 90. മിനി ശാമുവേൽ, നാസിക്; 91. മിനി ജോൺസൺ, കിടങ്ങന്നൂർ; 92. മിനി സക്കറിയ, കുണ്ടറ; 93. മിനു വർഗീസ്, നരിയാപുരം; 94. മോളി തോമസ്, തിരുവനന്തപുരം; 95. മോളി മാത്യൂസ്, നാരങ്ങാനം; 96. മോളമ്മ മാത്യു, മഞ്ഞക്കാല; 97. ഓമന ചാക്കോ, നിരണം; 98. രെഞ്ചിനി റജി, കളശ്ശേരി; 99. രേണു ഷാബു, നാസിക്; 100. റേച്ചൽ വർഗീസ്, വാര്യാപുരം; 101. റേച്ചൽ അലക്സാണ്ടർ, പൂനൈ-12; 102. റീഷാ സാറാ കുറിയാക്കോസ്, ബാംഗ്ലൂർ-32; 103. സാലി ജെയിംസ്, ചായലോട്; 104. സാമുവേൽ വർഗീസ്, ഛത്തീസ്ഗട്ട്; 105. സാറാമ്മ ഐസക്ക്, ആറ്റുവ; 106. സാറാമ്മ യോഹന്നാൻ, ഏനാത്ത്; 107. സാറാമ്മ തോമസ്, കൈതക്കോട്; 108. സാറാമ്മ തമ്പി, കോയമ്പത്തൂർ-21; 109. സാറാമ്മ തോമസ്, ഭിലായ്; 110. സാറാമ്മ ബേബി, തൃശൂർ; 111. സുനിത സാഷിൻ, പാലക്കാട്-6; 112. സുജ ജോർജ്, നാസിക്ക്; 113. സൂസമ്മ ഇടിക്കുള, പൂന-17; 114. സൂസമ്മ രാജൻ,കൊൽക്കത്ത; 115. പി. എ. സൂസമ്മ, കുഴിമതിക്കാട്; 116. സൂസൻ മാത്യു, കൊച്ചി-21; 117. സൂസമ്മ മാത്യു, നാരങ്ങാനം; 118. ശോശാമ്മ തോമസ്, കൈതക്കോട്; 119. ഷൈനി ജോൺസൺ, ഏനാത്ത്; 120. വി. എ. തോമസ്, കറ്റാനം; 121. തങ്കമ്മ ഏബ്രഹാം, കോടുകളഞ്ഞി; 122. ഉണ്ണി വർഗീസ്, തിരുവല്ല; 123. ഫാ. കെ. പി. വർഗീസ്, മാവേലിക്കര; 124. എ. കെ. വർഗീസ്, അറുനൂറ്റിമംഗലം; 126. കെ. കെ. വർഗീസ്, ചമ്പക്കര; 127. വത്സമ്മ ജോൺപോൾ, ഉള്ളന്നൂർ; 128. സി. വി. വിത്സൻകുട്ടി, ഇലവുംതിട്ട; 130. റ്റി. വി. യോഹന്നാൻ, മുംബൈ-92; 131. സക്കറിയ വൈ. വടകോട്.

# സെൻ്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ
# കാർത്തികപ്പള്ളി


## വിശുദ്ധ മാർത്തോമ്മ ശ്ലീഹായുടെ ഓർമ്മപ്പെരുന്നാൾ

**2010 ഡിസംബർ 12 മുതൽ 21 വരെ**






**വി. അഞ്ചിന്മേൽ കുർബ്ബാന, ധ്യാനയോഗം, സുവിശേഷ സംഘ മീറ്റിംഗ്,**
**ആദ്ധ്യാത്മിക സംഘടനകളുടെ വാർഷികം, വസന്ത റാസ,**
**മാർത്തോമ്മ സ്മൃതി മന്ദിര കൂദാശ, ഭക്തി നിർഭരമായ റാസ, പായസ നേർച്ച**



തടിയിൽ കടഞ്ഞെടുത്ത സിംഹാസനം




രാജമുദ്രയുള്ള പല്ലക്ക്



പുരാതന കിണർ



തടിയിൽ കൊത്തിയിരിക്കുന്ന മൂന്നാം മാർത്തോമ്മയുടെ ചിത്രം



ചരിത്ര സത്യങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്ന താളിയോലകൾ



ഫാ. അലക്സാണ്ടർ വട്ടയ്ക്കാട്ട് (വികാരി)



# Against Alcohol

**ഫാ. സാമുവേൽ ജോൺ തേവത്തുമണ്ണിൽ**

**UN ന്റെ ഉപസംഘടനയായ W.H.O. യുടെ കണക്കുകൾ അനുസരിച്ച് ഏകദേശം ലോക ജനസംഖ്യയുടെ 1/4 ഭാഗം ലഹരിമരുന്നുകളുടെ അടിമകളാണ്. ഇന്ത്യയിൽ ഏകദേശം 40 കോടിയോളം ജനങ്ങൾ ഇതിന്റെ അടിമകളാണ്. ഇതിൽ ഭൂരിപക്ഷവും യുവജനങ്ങൾ തന്നെ. വർഷം തോറും ഇതിന്റെ സംഖ്യകൂടി കൊണ്ടിരിക്കുന്നു. സാമ്പത്തിക നിലയിൽ വന്ന മാറ്റം, ജീവിത നിലവാരത്തിൽ വന്ന വ്യതിയാനം, അണുകുടുംബം, മാതാപിതാക്കൾ തമ്മിലുള്ള പൊരുത്തക്കേടുകൾ എന്നീ കാരണങ്ങൾ യുവജനങ്ങൾ ഈ തെറ്റിലേക്കു പോകുവാൻ വഴിവെയ്ക്കുന്നുണ്ട്.**

# 'മൃത്യു പാനം'

ആധുനിക ലോകത്തെ അലട്ടിക്കൊണ്ടിരിക്കുന്ന വലിയ പ്രശ്നങ്ങളിൽ ഒന്നാണ് ലഹരി മരുന്നുകളുടെ ഉപയോഗം

മദ്യം, മയക്കുമരുന്ന്, പുകയില, പാൻമസാല തുടങ്ങിയ പദാർത്ഥങ്ങളുടെ അനിയന്ത്രിതമായ ഉപയോഗം ഇന്റർനെറ്റ്, മൊബൈൽ, ടി.വി. അഡിക്ഷൻ, മത തീവ്രവാദം മുതലായവ എല്ലാം 'ലഹരി' എന്ന പേരിൽ ഉൾപ്പെടുന്നു. ലഹരിയുടെ ഉപയോഗം കൊണ്ട് ഉണ്ടാകുന്ന കെടുതികൾ വളരെ ആഴത്തിൽ സമൂഹത്തെയും, കുടുംബത്തെയും ബാധിക്കുന്നു, വിഷമദ്യദുരന്തങ്ങൾ, റോഡപകടങ്ങൾ, മാരകമായ രോഗങ്ങൾ, ആത്മഹത്യ, കൊലപാതകങ്ങൾ, സ്ത്രീപീഡനം, ബാലപീഡനം, വിവാഹ മോചനം, കുടുംബ തകർച്ച, കോടതികയറ്റം, റാഗിംഗ്, പെൺവാണിഭം, അധോലോക പ്രവർത്തനങ്ങൾ, ആത്മീയവും ധാർമ്മികവുമായ നിലവാര തകർച്ച എന്നിവ വർദ്ധിക്കുന്നു.

ലഹരി നൽകുന്ന വസ്തുക്കളുടെ പട്ടിക വളരെ നീണ്ടതാണ്. സാധാരണയായി യുവജനങ്ങൾക്കിടയിൽ ഉപയോഗിക്കപ്പെടുന്നവയിൽ മുന്നിൽ കഞ്ചാവ് തന്നെ. ഹെറോയിൻ, മാർജ്ജുവാന, ചരസ്, ഹപ്പിങ്ഫാഗ് എന്നിവയും കഞ്ചാവിന്റെ വിവിധ രൂപങ്ങളാണ്. കറുപ്പിൽ നിന്നുണ്ടാകുന്ന ഹെറോയിന്റെ മറ്റൊരു പേരാണ് ബ്രൗൺ ഷുഗർ. രണ്ടോ, മൂന്നോ ദിവസത്തെ ഉപയോഗം കൊണ്ടു തന്നെ ഒരാളെ അടിമയാക്കി മാറ്റാൻ കഴിവുള്ള ഇത് പുരുഷന്മാരുടെ പ്രത്യുല്പാദനക്ഷമത ഇല്ലാതാക്കും. ബ്രൗൺ ഷുഗർ ഉപയോഗിക്കുന്ന സ്ത്രീകൾക്കുണ്ടാകുന്ന കുട്ടികൾ അംഗവൈകല്യമുള്ളവരായിക്കും. കറുപ്പ് ചെടിയിൽ നിന്നെടുക്കുന്ന പ്രധാന ലഹരി പദാർത്ഥങ്ങൾ മോർഫിൻ, പെതഡിൻ എന്നിവ ശക്തിയേറിയ ആസക്തി ഉണ്ടാക്കുന്നവയാണ്. മസ്തിഷ്കത്തെ ഉത്തേജിപ്പിക്കുന്ന ഔഷധങ്ങളാണ് റിറ്റാലിൻ, സെക്സഡിൻ ഇവ പരീക്ഷാ മാസങ്ങളിൽ വിദ്യാർത്ഥികൾ ഉപയോഗിച്ച് ഉറക്കത്തെ തടഞ്ഞു നിർത്തുന്നു. ഇതു മൂലം ശാരീരികവും മാനസികവുമായ പാർശ്വഫലങ്ങൾക്ക് ഇടവരുത്തുന്നു. പലതരം ഉറക്കഗുളികകൾ ഉണ്ട്, മാൻഡോക്സ്, ബാർബിറ്ററേറ്റുകൾ, മെൻസഡിൻ തുടങ്ങിയവ ശക്തിയേറിയവയാണ്. കാംപോസ്, ലിബ്രിയം തുടങ്ങിയവ ശക്തി കുറഞ്ഞവയും ഈ ഔഷധങ്ങളുടെ ദുരുപയോഗം 30% വിദ്യാർത്ഥികളെ ബാധിക്കുന്നു.

മദ്യാപാനം പോലെ തന്നെ ശരീരത്തെയും മനസിനെയും ബാധിക്കുന്ന ലഹരി വസ്തുവാണ് പുകയില. പുകവലിക്കുമ്പോൾ നിക്കോട്ടിനും ടാറും കാർബൺ മോണോക്സൈഡും അനേകം വിഷ വസ്തുക്കളും നമ്മുടെ ശരീരത്തിലെത്തുന്നു. നിക്കോട്ടിൻ ആണ് ആസക്തി ഉളവാക്കുന്നത്. നിക്കോട്ടിനും ടാറും ശരീര ഭാഗങ്ങളിൽ പറ്റിപ്പിടിച്ച് കാൻസർ ഉൾപ്പെടെയുള്ള രോഗങ്ങൾ ക്ഷണിച്ചു വരുത്തുന്നു. ഹൃദ്രോഗത്തിന്റെ പ്രധാന കാരണം പുകവലിയാണ്. കൈകാലുകളിലേക്കുള്ള രക്തയോട്ടം കുറയുന്നതു മൂലം ഉണ്ടാകുന്ന രോഗങ്ങളും തലച്ചോർ

സംബന്ധമായ രോഗങ്ങളും പുകവലി മൂലം ഉണ്ടാകുന്നു. പുകവലിക്കുന്നവരേക്കാൾ അടുത്ത് നിൽക്കുന്നവർക്കാണ് ബുദ്ധിമുട്ട് ഉണ്ടാക്കുന്നത്. പുകവലിമൂലം അന്തരീക്ഷം മലിനപ്പെടുന്നു. ചെറുപ്പക്കാർ ലഹരി മരുന്നുകൾക്ക് അടിമകളാകുന്നതിന്റെ ഉത്തരവാദിത്വം അവ ലഭ്യമാക്കുന്ന സമൂഹത്തിനു കൂടിയാമെന്ന് പ്രശസ്ത ഹിന്ദി ചലചിത്ര നടനും രാഷ്ട്രീയ നേതാവുമായിരുന്ന സുനിൽദത്ത് ഒരിക്കൽ പറയുകയുണ്ടായി നാളെയുടെ വാഗ്ദാനങ്ങളാവേണ്ട നൂറു കണക്കിനു ചെറുപ്പക്കാർ ലഹരിയുടെ ഉപയോഗം മൂലം മാരകമായ ക്യാൻസർ, ലിവർസിറോസിസ് എന്നിവ മൂലം ഇഞ്ചിഞ്ചായി മരിച്ചുകൊണ്ടിരിക്കുന്നു.

മദ്യപാനം അത്ര ഗൗരവമായി കരുതേണ്ട തിന്മയല്ലെന്ന് ചിലർ പറയുന്നുണ്ട്. എന്നാൽ വേദപുസ്തകം പഠിച്ചാൽ മനസ്സിലാക്കാൻ കഴിയും മദ്യപാനം പാപമാണെന്ന്. വ്യഭിചാരവും, കൊലപാതകവും പോലെ തന്നെ തെറ്റാണ് മദ്യപാനവും മകയക്കുമ്മരുന്നുകളുടെ ഉപയോഗവും (ഗലാ. 5:19–21).

"മദ്യപാനി ദൈവരാജ്യം അവകാശപ്പെടുകയില്ലെന്ന്" (ഗലാ. 5:21) പ. പൗലോസ് അപ്പോസ്തലൻ പറയുന്നു.

വേദോപനിഷത്തുകൾ, പുരാണങ്ങൾ, സ്മൃതികൾ തുടങ്ങിയ ഗ്രന്ഥങ്ങളും നമ്മുടെ സംസ്ക്കാരത്തിന്റെ ചൈതന്യധാരകളായി വർത്തിച്ച രാജാറാം മോഹൻ റായ്, ലോക മാന്യതിലകൻ, ഗാന്ധിജി, വിവേകാനന്ദൻ, ശ്രീനാരയണഗുരു തുടങ്ങിയ പ്രശസ്ത വ്യക്തികളും മദ്യത്തെയും ലഹരി മരുന്നുകളുടെ ഉപയോഗത്തെയും ശക്തിയായി എതിർത്തവരായിരുന്നു. ലോകത്തിലെ എല്ലാ മതങ്ങളും മദ്യപാനത്തെ എതിർക്കുന്നു. ഒരു മനുഷ്യന്റെ ഏറ്റവും വലിയ സ്വത്ത് അവന്റെ ആരോഗ്യമാണ്. ആരോഗ്യം നഷ്ടമായാൽ എല്ലാം നഷ്ടമായി, ലഹരി വസ്തുക്കളുടെ ഉപയോഗം മനുഷ്യനെ അനാരോഗ്യവാനും ചിത്രഭ്രമമുള്ളവനും അവിവേകിയുമാക്കുന്നു. ജവർലാൽ നെഹ്റുവിന്റെ അഭിപ്രായത്തിൽ മദ്യനിരോധനത്തിന്റെ നേട്ടങ്ങൾ പരിഗണിക്കുകയാണെങ്കിൽ അതുവഴിയുണ്ടാകുന്ന നഷ്ടങ്ങൾ തീർത്തും അവഗണിക്കാവുന്നതേയുള്ളു. മദ്യമെന്നത് സ്റ്റാറ്റസ് സിംബലായെങ്കിലും ചിലർ ഉപയോഗിക്കുന്നുണ്ട്. മാമോദീസാ, കല്ല്യാണം, ശവസംസ്ക്കാരം,ഭവനകൂദാശ, പെരുന്നാളുകൾ എല്ലാം മദ്യമയം ആയിത്തീർന്നിരിക്കുന്നു. ഇത്തരം സാമൂഹ്യതിന്മകൾക്കും ജീർണ്ണതകൾക്കുമെതിരെ ശബ്ദിക്കുവാനും സമൂഹത്തെ രക്ഷിക്കുവാനുമുള്ള ചുമതല സഭക്കും സാമൂഹ്യ സംഘടനകൾക്കും ഉണ്ട്. ■



# സമ്യഗ് ദർശനം

ഫാ. ഷാലു ലൂക്കോസ്, തിരുമംഗലം

"മതിലുകൾ" സൂചിപ്പിക്കുന്നത് ഒരന്തർമുഖത്വമാണ്. അവനവനിൽതന്നെ പൊരുന്നിയിരിക്കാൻ ഉള്ള വ്യഗ്രതയാണ്. അപരനെ കാണുന്നതിൽ നിന്ന് മതിലുകൾ നമ്മെ വിലക്കിയേക്കാം. അപരനെ കാണാൻ കഴിയുന്നിടത്താണ് അവനവനെ കാണാൻ കഴിയുക എന്നൊരു വിചാരമുണ്ട്. മതിലുകൾ ക്രിസ്തു സ്വാതന്ത്ര്യത്തിന് തടയിടുന്നെങ്കിൽ അത് പൊളിക്കുന്ന കാഹളധ്വനി വേണ്ടതല്ലെ? ജീവിത വിശുദ്ധികൊണ്ട് പടുത്തുയർത്തേണ്ട മതിലുകൾ അശുദ്ധികൊണ്ട് ഇടിഞ്ഞും ആസക്തിയുടെ അഗ്നികൊണ്ട് വാതിലുകൾ വെന്തും കിടക്കുന്നിടത്ത് അവിടെ വീശുന്ന മന്ദമാരുതൻ പോലും നമ്മോട് ആഹ്വാനം ചെയ്യുക "എഴുന്നേറ്റ് പണിയുക" എന്നല്ലേ....?. യെരുശലേം ദേവാലയത്തിൽ തലതല്ലിക്കരയുന്നവന്റെയുള്ളിൽ അകത്ത് കടക്കാൻ അവസരമുണ്ടായിട്ടും സാധിക്കാതെ പുറത്ത് നിൽക്കേണ്ടി വന്നവന്റെ നൊമ്പരത്തീയല്ലേ?.

ഭൂമിയുടെ അറ്റത്തോളം സുവിശേഷിക്കുക എന്നാൽ അതിരുകളെയെല്ലാം ഭേദിക്കുക എന്നാണ് അർത്ഥം. അതിർകടക്കുന്ന വാക്കും, പ്രവൃത്തിയും, പിടിച്ചടക്കലും കലഹമാണ് പ്രദാനം ചെയ്യുക. അതിരില്ലായ്മയിലൂടെയാണ് ദൈവം നമുക്ക് അനുഭവമായിട്ടുള്ളത്. അപ്പോൾ അതിരുകൾ സൃഷ്ടിക്കുന്നിടത്ത് ദൈവം അനുഭവമായെന്ന് വരുമോ?. ഉറവകൾ അണകെട്ടുന്നിടത്ത് ക്ഷോഭങ്ങൾ ഉണ്ടാകുമെന്ന് ശാസ്ത്രം. ഉറവയായ ദൈവത്തെ അണകെട്ടി വ്യാഖ്യാനിക്കുന്നത് ക്ഷോഭങ്ങൾക്ക് കാരണമാകുമെന്നത് ആത്മീയ വിചാരം.

"മതിലുകൾ" വാൽമീകം പോലെ അടർന്നുമാറേണ്ടതാണ്. തളച്ചിടപ്പെടുന്ന മതിലുകൾ നമുക്കുണ്ടാകരുത്. ക്രിസ്തു സ്വാതന്ത്ര്യത്താൽ മതിലുകൾ ഭേദിക്കപ്പെടണം. നിത്യമായതിന് മുന്നിൽ മൺകൂടാരങ്ങൾ ഉടഞ്ഞ് പോകും. നിത്യമല്ലാത്തതിന്റെ സാധ്യതയാണ് മതിലുകൾ. ജീവിതത്തിലെ മതിലുകൾ ജീവനത്തിലും കുടിയിരിക്കുന്നതാണ്. ധനവാൻ ലാസറിന് നേരേ സൃഷ്ടിച്ച ജീവിതത്തിലെ മതിൽ ജീവനത്തിലും നിലനിൽക്കുന്നതാണ്. ജീവിതത്തിലെ മതിൽകൊണ്ട് ജീവനത്തിലും മതിൽ ഉരുവാകും എന്ന് നാം ഭയക്കേണ്ടതാണ്. സഹോദരനെതിരായ മതിലുകൾ ദൈവത്തിനെതിരാണെന്നും കർമ്മ ജീവിത്തതിൽ സൃഷ്ടിച്ച മതിലുകൾ ദൈവത്തെ പുറത്താക്കുന്നുണ്ടെന്നും നാം ഓർക്കാതെ പോകരുത്.

"നാനാത്വത്തിൽ ഏകത്വം" മതിലുകളെ അതിജീവിക്കുന്ന സന്ദേശമാണ്. അനുഗമിക്കുന്നവർ മതിൽകെട്ടുകളെ ത്യജിച്ചുകൊണ്ടാണ് ക്രൂശ് എടുത്ത് അനുഗമിക്കേണ്ടത് എന്ന വിചാരബോധം നിലനിൽക്കുമ്പോൾ മതിലിനുള്ളിൽ നിന്നുള്ള ക്രൂശെടുപ്പുകൾക്ക് "രക്തനിലം" വരെയുള്ള സാധ്യതയേയുള്ളൂ എന്ന് നാം കരുതണം. വേർപാടിന്റെ മതിലുകൾ ഇടിച്ചുകളഞ്ഞവന് വേർതിരിവിന്റെ മതിലുകൾ സൃഷ്ടിച്ച് കൊടുക്കാൻ നാം വെമ്പൽകൊള്ളുകയാണ്. അവർണ്ണന്റെ കൂടെ പന്തിയുണ്ടവനെ സവർണ്ണന്റെ പന്തിഭോജനത്തിൽ തിരയുന്നതാണ് നമുക്ക് പ്രിയം. കാലികുടിലിൽ പിറന്നവൻ ഇന്നും അന്വേഷിക്കപ്പെടുന്നത് കൊട്ടാരചമയങ്ങളിലാണ്. ജഡത്തിന്റെ ഈ വഴിതെറ്റലുകൾ ദൈവത്തെ മറക്കുന്ന മതിലാകരുത്, ദൈവരാജ്യത്തിന് വിരുദ്ധമായ വൻമതിലും. നമ്മെ അകപ്പെടുത്തിയ മതിലുകളുടെ വാൽമീകങ്ങളിൽ നിന്ന് രൂപാന്തരത്തിന്റെ ആത്മാവ് നമ്മെ സ്വതന്ത്രമാക്കട്ടെ.

"തങ്ങളിൽ തങ്ങളിൽ മുഖത്ത് തുപ്പും
നമ്മളൊന്നെന്ന് ചൊല്ലും ചിരിക്കും"

*(നാറാണത്ത് ഭ്രാന്തൻ)* ■

## പ. ബാവായുടെ പ്രിൻസിപ്പൽ സെക്രട്ടറി

**ദേവലോകം:** പരിശുദ്ധ ബസ്സേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ പ്രിൻസിപ്പൽ സെക്രട്ടറിയായി ഫാ. തോമസ് പി. സഖറിയ നിയമിതനായി. പുതുപ്പള്ളി നിലയ്ക്കൽ പള്ളി ഇടവകാംഗമാണ്. ഏറ്റുമാനൂർ സെന്റ് ജോർജ്, മൂലേടം സെന്റ് മേരീസ് എന്നീ ഇടവകകളിൽ വികാരിയായി സേവനമനുഷ്ഠിക്കുന്നു. FFRRC യിൽ നിന്ന് MTh. കരസ്ഥമാക്കിയിട്ടുണ്ട്.


**പരുമല ആശുപത്രിക്ക് ഇന്ത്യാ ഗവൺമെന്റിന്റെ 35 AC അംഗീകാരം**



ആതുര സേവനരംഗത്തെ കഴിഞ്ഞ 35 വർഷത്തെ പ്രവർത്തനത്തിന്റെ അംഗീകാരമായി പരുമല ആശുപത്രിക്ക് India Govt. 35 AC Certificate ലഭിച്ചു. വരുമാനത്തിന്റെ പകുതിയിലധികം നിർദ്ധനരായ രോഗികൾക്ക് സൗജന്യചികിത്സ നല്കിയതിനാലാണ് ഈ അംഗീകാരം. ഇതിന്റെ അടിസ്ഥാനത്തിൽ പരുമലയിൽ നിർമ്മാണം ആരംഭിച്ച അന്താരാഷ്ട്ര ക്യാൻസർ ചികിത്സാ കേന്ദ്രത്തിന് 30 കോടി രൂപ സമാഹരിക്കുവാനാണ് അംഗീകാരം ലഭിച്ചിരിക്കുന്നത്.

ഇന്ത്യയിൽ ബിസിനസ്സ് രംഗത്ത് പ്രവർത്തിക്കുന്നവർ പ്രസ്തുത പ്രോജക്ടിന് സംഭാവന നല്കുമ്പോൾ 100% വരുമാന നികുതി ഇളവ് ലഭിക്കും. മാത്രമല്ല CSR (Corporate SocialResponsibility) ൽ പ്രത്യേക പരിഗണനയും ലഭിക്കും.

കേരളത്തിൽ ഇത്രയും തുക സമാഹരിക്കുവാനുള്ള അംഗീകാരം ലഭിച്ച ഏകസ്ഥാപനമാണ് പരുമല ആശുപത്രി. ഇന്ത്യയിൽ നടപ്പ് സാമ്പത്തിക വർഷം ഒരു ക്യാൻസർ ചികിത്സാ കേന്ദ്രത്തിന് ഈ അംഗീകാരം ലഭിക്കുന്നത് ഇത് ആദ്യമാണ്. ഈ പ്രോജക്ടിൽ പങ്കാളികളാകുന്നവർക്ക് Form 58 A സർട്ടിഫിക്കേറ്റ് നല്കുന്നതാണ്.

ലോകോത്തര നിലവാരത്തിൽ 100 കോടിരൂപ മുതൽ മുടക്കി 500 കിടക്കകളും അത്യാധുനിക സൗകര്യങ്ങളോടുംകൂടിയ ഒരു അർബുദ ചികിത്സാ കേന്ദ്രമാണ് പരുമലയിൽ നിർമ്മിക്കുന്നത്. 35 AC യിൽ പങ്കാളികളാകുന്നവർക്ക് ഹോസ്പിറ്റലിലെ എല്ലാ ഡിപ്പാർട്ട്മെന്റിലും പ്രത്യേക ചികിത്സാ ആനുകൂല്യം ലഭിക്കും. ലോകോത്തര നിലവാരത്തിലുള്ള ചികിത്സയ്ക്കൊപ്പം സാമ്പത്തികപ്രയാസം അനുഭവിക്കുന്നവർക്ക് സൗജന്യ നിരക്കിലുള്ള ചികിത്സാസഹായം നൽകുക എന്നുള്ളതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

കേരള സമൂഹത്തിന്റെ അഭിമാനമായ ഈ പ്രോജക്ടിൽ ഏവർക്കും പങ്കാളിയാവാം. മാത്രമല്ല 80G അംഗീകാരം ആശുപത്രിക്ക് നിലവിലുള്ളതാണ്. വരുമാന നികുതി അടയ്ക്കുന്ന എല്ലാവർക്കും ഈ പദ്ധതിക്ക് ചേരാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് താഴെ പറയുന്ന വിലാസത്തിൽ ബന്ധപ്പെടുക.

**Project Manager, St.Gregorios International Cancer Centre, Parumala,0469-2312465, 2312266, Mob:9447804892, 9947457592, sgmhospital@sifymail.com**


## ഡോ. സഖറിയാസ് മാർ അപ്രേം പ. കാതോലിക്കാ ബാവായുടെ അസിസ്റ്റന്റ്



**ദേവലോകം:** പരിശുദ്ധ ബസ്സേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ അസിസ്റ്റന്റായി നിയമിക്കപ്പെട്ട അടൂർ–കടമ്പനാട് മെത്രാസനാധിപൻ ഡോ. സഖറിയാ മാർ അപ്രേം മെത്രാപ്പോലീത്താ, വൈദിക സെമിനാരി അദ്ധ്യാപകൻ, മലങ്കരസഭ മാസിക ചീഫ് എഡിറ്റർ എന്നീ ചുമതലകളും വഹിക്കുന്നു.

## ദേവലോകം അരമന മാനേജർ



**ദേവലോകം:** ഡിസംബർ 1 മുതൽ ദേവലോകം കാതോലിക്കേറ്റ് അരമന മാനേജരായി പ. കാതോലിക്കാ ബാവായാൽ നിയമിതനായ ഫാ. എം. കെ. കുര്യൻ. ആറാട്ടുപുഴ സെന്റ് മേരീസ് ഇടവകാംഗമാണ്. മദ്രാസ് ഭദ്രാസന സെക്രട്ടറിയായിരുന്നു.

## ചാപ്പൽ കൂദാശ



മലങ്കര ഓർത്തഡോക്സ് സഭയിൽ വിദ്യാർത്ഥികൾക്കു മാത്രമായി തിരുനെൽവേലി ജില്ലയിൽ വടക്കാൻ കുളത്ത് നിർമ്മിച്ച സെന്റ് തോമസ് ഓർത്തഡോക്സ് സ്റ്റുഡന്റ്സ് മിനിസ്ട്രി ചാപ്പലിന്റെ കൂദാശാ ഒക്ടോബർ 29, 30 തീയതികളിൽ തിരുവനന്തപുരം ഭദ്രാസനാധിപൻ ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായുടെ പ്രധാന കാർമ്മികത്വത്തിൽ നടന്നു. ചടങ്ങുകളിൽ രാജാ കോളേജ് സ്ഥാപക ചെയർമാൻ സർദാർ ഡോ. എസ്. എ. രാജാ മുഖ്യാതിഥി ആയിരുന്നു. കൂദാശാ ചടങ്ങുകളിൽ അനേകം വൈദികരും സെമിനാരി വിദ്യാർത്ഥികളും സംബന്ധിച്ചു. തിരുവനന്തപുരം മെത്രാസനത്തിന്റെ ചുമതലയിൽ നിർമ്മിച്ച സ്റ്റുഡന്റ്സ് ചാപ്പലിൽ ഫാ. ജേക്കബ് കെ. തോമസ് സ്റ്റുഡന്റ്സ് ചാപ്ലയിനായി പ്രവർത്തിക്കുന്നു.



### കൈപ്പുസ്തകം വിശ്വാസ ദീപം

വി. വേദപുസ്തകം ആഴമായി പഠിക്കുവാൻ ആഗ്രഹിക്കുന്നവർക്ക് വഴികാട്ടിയും ഓർത്തഡോക്സ് സഭാ വിശ്വാസം ഉറപ്പിക്കുവാൻ ഉപയുക്തവുമായ ഒരു ചെറു ഗ്രന്ഥം. ദൈവവചനം ശ്രദ്ധാപൂർവ്വം പഠിക്കുവാനും വിശ്വാസത്തിൽ ഉറപ്പിക്കുവാനും സഹായകമാണ്.

ഫാ. വർഗീസ് ജോസഫ്, വില : 75,

BUDHIMAN

# ബുദ്ധിമാൻ

ഫാ. മുകളിൽ





## വിശുദ്ധനാട് തീർത്ഥാടനം

അഭിവന്ദ്യ തിരുമേനിമാരുടെ ആശീർവ്വാദത്തോടെ വന്ദ്യ വൈദീകരുടെ നേതൃത്വത്തിൽ യോർദ്ദാൻ, ഇസ്രയേൽ, പാലസ്തീൻ, ഈജിപ്ത് എന്നീ സ്ഥലങ്ങളിലേക്ക് എല്ലാ മാസവും യാത്ര പുറപ്പെടുന്നു.

**എല്ലാ ചിലവുകളും ഉൾപ്പെടെ 59,900/-**

**ഡിസം. - 21, 2011 ഏപ്രിൽ - 19, മെയ് - 10 & 27**

**ഈ വർഷത്തെ ക്രിസ്തുമസ്സ് ബേദ്‌ലഹേമിൽ ഉടൻ ബുക്ക് ചെയ്യുക**

**പ്രത്യേകതകൾ:**

* കുറഞ്ഞ യാത്രാ ചിലവ്
* വൈദീകരുടെ നേതൃത്വം
* അംഗീകാരമുള്ള ഗൈഡുകൾ
* പ്രഭാത ഭക്ഷണം, ഉച്ചഭക്ഷണം, അത്താഴം
* എയർ കണ്ടീഷൻ ബസുകളിൽ യാത്ര
* 3/4 സ്റ്റാർ ഹോട്ടലുകളിൽ താമസം

**Contact:**

Fr. K. G. Mathew Thekkedathu
9496326726, 9526788928

Mr. Saji Sam
9496326768, 9447593801

**JORDAN VALLY TOURS & TRAVELS**
**Munjavilayil Building, Mallassery P.O.**
**Pathanamthitta, Kerala**
**Email: jordanvallytours@hotmail.com**


## കെസിയ തങ്കം മാത്യു, അടുതല

(02-02-1993 - 10-12-2002)



ക്രിസ്തുവിൽ ജീവിക്കുന്നു

“നിന്റെ മഹത്വമുദിക്കുന്നാൾ
നിൽക്കണമിവൾ വലഭാഗത്തിൽ”

*പ്രാർത്ഥനയോടെ,*

കുടുംബാംഗങ്ങൾ,

## ഓർമ്മപ്പെരുന്നാൾ

**വാകത്താനം:** മലങ്കര ഓർത്തഡോക്സ് സഭയുടെ രണ്ടാമത്തെ കാതോലിക്ക പരിശുദ്ധ ബസ്സേലിയോസ് ഗീവർഗീസ് പ്രഥമൻ ബാവാ തിരുമേനിയുടെ 82–ാം ഓർമ്മപ്പെരുന്നാൾ ഡിസം. 11 മുതൽ 17 വരെ ഭക്തിനിർഭരമായ പരിപാടികളോടെ തിരുമനസിലെ കബറിടം സ്ഥിതിചെയ്യുന്ന വള്ളിക്കാട്ട് ദയറായിൽ ആചരിക്കും. പ. ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ വലിയബാവായും, പ. ബസ്സേലിയോസ് മാർത്തോമ്മാ പൗലൂസ് ദ്വിതീയൻ കാതോലിക്കാ ബാവായും ഓർമ്മപ്പെരുന്നാൾ ശുശ്രൂഷയ്ക്ക് നേതൃത്വം നൽകുമെന്ന് സി.എം. ഫീലിപ്പോസ് റമ്പാൻ കോർ എപ്പിസ്കോപ്പ (ദയറാ മാനേജർ) അറിയിച്ചു.

## മാർത്തോമ്മൻ പള്ളിയിൽ പെരുന്നാൾ

മുളന്തുരുത്തി: പരുമല തിരുമേനിയുടെ 108–ാം ഓർമ്മപ്പെരുന്നാൾ പരിശുദ്ധന്റെ ഇടവക പള്ളിയായ മുളന്തുരുത്തി മാർത്തോമ്മൻ പള്ളിയിൽ വി. അഞ്ചിന്മേൽ കുർബാനയോടെ നടത്തപ്പെട്ടു. ബഹു. കേരളാ ഹൈക്കോടതിയുടെ പ്രത്യേക അനുമതിയോടെ കൊച്ചി ഭദ്രാസന മെത്രാപ്പോലീത്ത അഭി. ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്തായുടെ പ്രധാന കാർമ്മികത്വത്തിലും വൈദിക ട്രസ്റ്റി ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട്, ഫാ. മേരി ദാസ് സ്റ്റീഫൻ, ഫാ. ജിയോ ജോർജ്, ഫാ. ജോൺ ജോർജ് എന്നിവരുടെ സഹകാർമ്മികത്വത്തിലും നവംബർ 6, 7 തീയതികളിൽ പെരുനാൾ കൊണ്ടാടി; വി. കുർബ്ബാന അനുസ്മരണ ശുശ്രൂഷ, മദ്ധ്യസ്ഥ പ്രാർത്ഥന, സ്നേഹവിരുന്ന് പ്രദക്ഷിണം തുടങ്ങിയ പെരുനാളിന്റെ ഭാഗമായി നടത്തപ്പെട്ടു. ഡോ. ജോർജി ജോസഫ് അനുസ്മരണ പ്രഭാഷണം നിർവ്വഹിച്ചു.

## അപേക്ഷ ക്ഷണിക്കുന്നു

മലങ്കര സഭാകവി ശ്രീ. സി. പി. ചാണ്ടിയുടെ സ്മരണക്കായി മലങ്കര ഓർത്തഡോക്സ് സഭ ഏർപ്പെടുത്തിയ ആചാര്യ അവാർഡിന് അപേക്ഷ ക്ഷണിക്കുന്നു. പതിനഞ്ചു വർഷം തുടർച്ചയായി സേവനമനുഷ്ഠിച്ചിട്ടുള്ളവരും ഇപ്പോൾ സർവ്വീസിൽ ഇരിക്കുന്നവരുമായ ഗവ./എയ്ഡഡ്, യു.പി./ഹൈസ്ക്കൂൾ അദ്ധ്യാപകരെയാണ് അവാർഡിന് പരിഗണിക്കുന്നത്. പതിനായിരം രൂപയും പ്രശസ്തി പത്രവുമടങ്ങുന്ന മൂന്ന് അവാർഡുകൾ യു.പി. അദ്ധ്യാപകർ, ഹൈസ്ക്കൂൾ അദ്ധ്യാപകർ, ഓർത്തഡോക്സ് സഭാംഗങ്ങളായ ഹൈസ്ക്കൂൾ അദ്ധ്യാപകർ എന്നിവർക്ക് നൽകും.

സ്ക്കൂൾ അധികൃതർ, പൊതുജനങ്ങൾ, രക്ഷകർത്താക്കൾ എന്നിവർക്ക് അർഹതയുള്ള അദ്ധ്യാപകരുടെ വിവരം കമ്മറ്റിയെ അറിയിക്കാം. അദ്ധ്യാപകർക്ക് നേരിട്ടും നിശ്ചിത ഫോറത്തിൽ അപേക്ഷ സമർപ്പിക്കാം. ചാണ്ടിസാറിന്റെ ആറാം ചരമദിനമായ 2011 മെയ് 4–ാം തീയതി പത്തനംതിട്ടയിൽ വച്ച് അവാർഡ് സമ്മാനിക്കും. സെക്രട്ടറി, ആചാര്യ അവാർഡ് കമ്മറ്റി, ബേസിൽ അരമന, പത്തനംതിട്ട–689645 എന്ന വിലാസത്തിൽ 2011 ജനുവരി 31–ന് മുമ്പായി അപേക്ഷ ലഭിച്ചിരിക്കണം. ഫോൺ: 0468–2222243 (ബേസിൽ അരമന) 9447593058 (സെക്രട്ടറി)

## അടൂർ കൺവൻഷൻ

അടൂർ, പറക്കോട്, ഏനാത്ത്, കടമ്പനാട് ഗ്രൂപ്പുകളിൽപെട്ട 35–ൽ പരം പള്ളികളുടെ സഹകരണത്തോടെ നടത്തുന്ന അടൂർ ഓർത്തഡോക്സ് കൺവൻഷന്റെ 15–ാമതു യോഗം ഡിസംബർ 8 മുതൽ 12 വരെയുള്ള തീയതികളിൽ പാണംതുണ്ടിൽ ആഡിറ്റോറിയത്തിൽ വച്ചു നടത്തുന്നു.

പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ ബാവാ കൺവൻഷൻ ഉദ്ഘാടനം ചെയ്യും. അടൂർ–കടമ്പനാട് ഭദ്രാസനാധിപൻ അഭി. ഡോ. സഖറിയാസ് മാർ അപ്രേം മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിക്കുന്നു. കൺവൻഷനിൽ മലങ്കര സഭയിലെ പ്രഗത്ഭ വാഗ്മികൾ പങ്കെടുക്കുന്നു.

## ഡോക്ട്രേറ്റ്



കേരള യൂണിവേഴ്സിറ്റിയിൽ നിന്നും ഇലക്ട്രോണിക്സ് എൻജിനീയറിംഗിൽ ഡോക്ടറേറ്റ് നേടിയ കോശി പി. വൈദ്യൻ. തിരുവനന്തപുരം പാളയം സെന്റ് ജോർജ് ഓർത്തഡോക്സ് കത്തീഡ്രൽ ഇടവകാംഗമാണ്. ടി സി. എസിൽ അസോഷ്യേറ്റ് കൺസൾന്റാണ്. പ്രീതി കോശിയാണ് ഭാര്യ. പരേതനായ പ്രൊഫ. ഫിലിപ്പോസ് വൈദ്യന്റെയും ശാന്ത ലിയ പോളിന്റെയും മകനാണ്. തേവലക്കര വൈദ്യൻ കുടുംബാംഗമാണ്.



മാംഗ്ലൂർ യൂണിവേഴ്സിറ്റിയിൽ നിന്നും ബയോ കെമിസ്ട്രിയിൽ ഡോക്ടറേറ്റ് ലഭിച്ച ഡോ. എലിസബത്ത് തോമസ് കായംകുളം കാദീശാ ഓർത്തഡോക്സ് കത്തീഡ്രൽ ഇടവകാംഗവും കായംകുളം വടക്കേവീട്ടിൽ തോമസ് മാത്യുവിന്റെയും സൂസമ്മയുടെയും മകളുമാണ്.



ഹിന്ദി സാഹിത്യത്തിൽ ഡോക്ട്രേറ്റ് (എം.ജി. സർവകലാശാല) നേടിയ റോസി പി. വർഗീസ് പത്തനംതിട്ട കാതോലിക്കേറ്റ് കോളജിൽ ഗസ്റ്റ് ലക്ചറർ. മുള്ളനിക്കാട് പറങ്കാംവിളയിൽ കെ. വി. റോയിമോന്റെ ഭാര്യയും അട്ടച്ചാക്കൽ പാറയടിയിൽ പി. എസ്. ഗീവർഗീസിന്റെയും തങ്കമ്മയുടെയും മകളുമാണ്.

## ഒന്നാം സ്ഥാനം



സൺഡേസ്ക്കൂൾ മലബാർ സോൺ മത്സരത്തിൽ ജൂണിയേഴ്സ് വാക്യ മത്സരം ഒന്നാം സ്ഥാനം കരസ്ഥമാക്കിയ ആൻ ബാബു. ചുങ്കത്തറ സെന്റ് ജോർജ് വലിയ പള്ളി കണ്ണോത്തുകുടിയിൽ സാബു കുറിയാക്കോസിന്റെയും, റീന ബാബുവിന്റെയും മകളും, ഫാ. വി. കുറിയാക്കോസിന്റെ പൗത്രിയുമാണ്.



സോണൽ സഹപാഠ്യ മത്സരത്തിൽ സെൻട്രൽ സോൺ സബ് ജൂണിയർ സംഗീതം ഒന്നാം സ്ഥാനം നേടിയ ബെൻ വർഗീസ് ചെറിയാൻ (നട്ടാശ്ശേരി സെന്റ് തോമസ് സൺഡേസ്ക്കൂൾ). കോട്ടയം സെൻട്രൽ ഭദ്രാസന സൺഡേസ്ക്കൂൾ ഡയറക്ടർ പണിക്കരുവീട്ടിൽ പ്രൊഫ. ചെറിയാൻ തോമസിന്റെയും, കോട്ടയം സി.എം.എസ്. കോളേജ് പ്രൊഫസർ ഡോ. സൂസൻ വർഗീസിന്റെയും പുത്രനാണ്. ബാലജനസംഖ്യം സർഗോത്സവത്തിൽ കോട്ടയം യൂണിയൻ സബ് ജൂണിയർ പ്രതിഭയായിരുന്നു ബെൻ.

## For Favours Received



Mariamma Koshy
Valanjavattam



Susan Philip
Thalavady



Betsy,
Vennikulam

# പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ ബാവായുടെ ഓർമ്മപ്പെരുന്നാൾ

**ദേവലോകം:** മലങ്കര സഭയുടെ മൂന്നാം കാതോലിക്ക പരിശുദ്ധ ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവാ (വലിയ ബാവാ) തിരുമേനിയുടെ 47–ാം ഓർമ്മപ്പെരുന്നാൾ 2011 ജനുവരി 2, 3 തീയതികളിൽ ഭക്തിനിർഭരമായി ദേവലോകം കാതോലിക്കേറ്റ് അരമനയിൽ ആചരിക്കും.

ജനു. 2–ന് കുറിച്ചി വലിയപള്ളിയിൽ പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ ഓർമ്മപ്പെരുന്നാളിന് പ. കാതോലിക്കാ ബാവായുടെ മുഖ്യകാർമ്മികത്വത്തിൽ വി. കുർബ്ബാനയും, അനുസ്മരണ പ്രസംഗവും, ശ്രാദ്ധസദ്യയും, തുടർന്ന് ദേവലോകം കബറിങ്കലേക്കുള്ള പദയാത്രയും, 5.30–ന് കോടിമതയിൽ എത്തിച്ചേർന്ന് എല്ലാ പള്ളികളിൽ നിന്നുമുള്ള തീർത്ഥാടകരുമൊന്നിച്ച് ബാവായുടെ കബറിങ്കൽ എത്തിച്ചേരും. തുടർന്ന് സന്ധ്യാനമസ്ക്കാരം, പ്രസംഗം, പിതാക്കന്മാരുടെ ശ്ലൈഹിക വാഴ്വും.

ജനു. 3–ന് വി. കുർബാനയിൽ പ. ദിദിമോസ് പ്രഥമൻ വലിയ ബാവായും, പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ ബാവായും, മറ്റ് മെത്രാപ്പോലീത്തന്മാരും കാർമ്മികത്വം വഹിക്കും.

## വാർഷിക ക്യാമ്പ്

**തുമ്പമൺ:** തുമ്പമൺ–നിലയ്ക്കൽ ഭദ്രാസനങ്ങളിലെ ബാലിക സമാജം വാർഷിക ക്യാമ്പ് സംയുക്തമായി തുമ്പമൺ സെന്റ് മേരീസ് കോൺവെന്റിൽ വച്ച് ഒക്ടോബർ 1,2,3 തീയതികളിൽ നടന്നു. ഭദ്രാസന മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മാർ ക്ലീമീസ് തിരുമേനി, ഡോ. യൂഹാനോൻ മാർ ദിമത്രയോസ്, ഏബ്രഹാം മാർ സെറാഫിം, ഫാ. റോയി ഫിലിപ്പ്, ഫാ. ടൈറ്റസ് ജോർജ്, ഫാ. സജി തോമസ്, ഫാ. കെ. എം. തോമസ്, ഫാ. സാജൻ ബി. വർഗീസ്, സഖേർ, ഡോ. മ്യൂസ് മേരി ജോർജ്, സിസ്റ്റർ റിബേക്ക, ബി. അരുന്ധതി, ശ്രീ. റ്റിജു തോമസ്, റ്റോം സഖറിയാസ്, കാർട്ടൂണിസ്റ്റ് റ്റോംസ്, ശ്രീ ബിനു കെ. സാം എന്നിവർ നേതൃത്വം നൽകി.

## അഞ്ചൽ കൺവൻഷൻ 2010

തിരുവനന്തപുരം ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിലുള്ള അഞ്ചൽ കൺവൻഷൻ 2010 ഡിസംബർ 26 മുതൽ 31 വരെ അഞ്ചൽ സെന്റ് ജോർജ് സെൻട്രൽ സ്ക്കൂൾ ഗ്രൗണ്ടിൽ, ഗാന ശുശ്രൂഷ, വചന ശുശ്രൂഷ, വി. കുർബ്ബാന, മദ്ധ്യസ്ഥ പ്രാർത്ഥന, ബാലസംഗമം, സൺഡേസ്ക്കൂൾ കലാമത്സരം എന്നിവയോടുകൂടി നടക്കുന്നു. ഫാ. വർഗീസ് കുഞ്ഞ് കുഞ്ഞ്, ഫാ. വർഗീസ് ടി. വർഗീസ്, ഫാ. ജേക്കബ് പണിക്കർ, ശ്രീ. ഷാജി പനവിള ശ്രീ. കുരുവിള എന്നിവർ ഭാരവാഹികളാണ്. കൺവൻഷനിൽ മലങ്കര സഭയിലെ പ്രഗത്ഭ വാഗ്മികൾ പങ്കെടുക്കുന്നു.

## കുണ്ടറ കൺവൻഷൻ

കൊല്ലം ഭദ്രാസനത്തിലെ കുണ്ടറയിലും പരിസരത്തിലുമുള്ള 25–ൽ പരം പള്ളികളുടെ നേതൃത്വത്തിൽ കുണ്ടറ കൺവൻഷൻ 2011 ജനുവരി 1 മുതൽ 6 വരെ കുണ്ടറ സെന്റ് ആൻഡ്രൂസ് സ്ക്കൂൾ ഗ്രൗണ്ടിൽ നടക്കും. ഭദ്രാസനാധിപൻ അഭി. സഖറിയാ മാർ അന്തോനിയോസ് മെത്രാപ്പോലീത്ത കൺവൻഷൻ ഉദ്ഘാടനം ചെയ്യും. ബ്രദർ. അജി വർഗീസ്, ഫാ. ജോയി കെ. ജോയി, ഫാ. നൈനാൻ വി. ജോർജ്, ഫാ. വർഗീസ് വർഗീസ് മീനടം, ഫാ. ഡോ. ജോസ് ജോൺ, ഫാ. ഏലിയാസ് ചെറുകാട്, ഫാ. ഫിലിപ്പ് തരകൻ എന്നിവർ പ്രസംഗിക്കും. ദനഹാ ശുശ്രൂഷയ്ക്ക് അഭിവന്ദ്യ യൂഹാനോൻ മാർ ദീയസ്ക്കോറോസ് കാർമ്മികത്വം വഹിക്കും.

## ഫെലോഷിപ്പ്



യു. കെ. ഗവൺമെന്റിന്റെ ആഭിമുഖ്യത്തിൽ ലണ്ടൻ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഓവർസീസ് ഡവല്പമെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റ ഫെലോഷിപ്പിന് അരുൺ ജേക്കബ് തിരഞ്ഞെടുക്കപ്പെട്ടു. വികസ്വര രാജ്യങ്ങൾക്ക് വികസന വിഷയത്തിൽ ഉപദേശം നൽകുന്ന അന്തർദ്ദേശീയ സ്ഥാപനമാണ് ഒ. ഡി. ഐ. രണ്ടു വർഷം ടാൻസാനിയൻ പ്രസിഡന്റിന്റെ ഓഫീസിൽ പ്ലാനിങ്ങ് കമ്മീഷൻ ഇക്കണോമിക്ക് അഡ്വൈസറായിട്ടാണ് ഫെലോഷിപ്പ്. ഡൽഹി സെന്റ് സ്റ്റീഫൻസ് കോളേജിൽ നിന്ന് ഓണേഴ്സോടെ ഇക്കണോമിക്സ് ബിരുദം കഴിഞ്ഞ്, കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയിൽ ബിൽഗേറ്റ്സ് സ്ക്കോളർഷിപ്പ് ഇക്കണോമിക്സിൽ എം. ഫിൽ പാസായ അരുണിന് നേരത്തേ ഗോൾഡ്മാൻ സാക്സ് ഗ്ലോബൽ യൂത്ത് ലീഡർഷിപ്പ് അവാർഡ് ലഭിച്ചിട്ടുണ്ട്. അഖില കേരള ബാലജനസഖ്യം മുൻ സംസ്ഥാന വൈസ് പ്രസിഡന്റായ അരുൺ ജേക്കബ്, ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി വൈസ് പ്രിൻസിപ്പൽ ഫാ. ഡോ. ജേക്കബ് കുര്യന്റെയും കോട്ടയം ബസേലിയസ് കോളജ് അധ്യാപിക ലീലാ ജേക്കബിന്റെയും പുത്രനാണ്.

വായിക്കുക
വരിക്കാരാകുക
നല്ല വായനയ്ക്ക്
നന്മയുടെ വരികൾ
മലങ്കരസഭ

## വൈദിക ചരമം



**കുന്നംകുളം:** മേലേ പാറയിൽ സെന്റ് ജോർജ് പള്ളി ഇടവകാംഗമായ റവ. ഫാ. മത്തായി പനയ്ക്കൽ (80) 2010 ഒക്ടോബർ 11–നു നിര്യാതനായി. സംസ്ക്കാരം ആർത്താറ്റ് സെന്റ് മേരീസ് കത്തീഡ്രലിൽ പരിശുദ്ധ ബാവായുടെ പ്രധാന കാർമ്മികത്വത്തിൽ നടത്തി.


കൊച്ചി, കുന്നംകുളം ഭദ്രാസനങ്ങളിലെ വിവിധ പള്ളികളിൽ വികാരിയായി പ്രവർത്തിച്ചു.

പെരുമ്പിലാവ് ടി. എം. ഹൈസ്ക്കൂളിൽ പ്രധാന അദ്ധ്യാപകനായിരുന്നു. അദ്ദേഹത്തിനു വളരെ വലിയ ശിഷ്യസമ്പത്തുണ്ടായിരുന്നു. കുന്നംകുളത്ത് എം.ജി.ഒ.സി.എസ്.എം. ആരംഭിക്കുന്നതിന് നേതൃത്വം നൽകി.



**ഓമല്ലൂർ :** മലങ്കര ഓർത്തഡോക്സ് സഭയിലെ സീനിയർ വൈദികനും മല്പാനും സുറിയാനി ഭാഷാ പണ്ഡിതനുമായ ഫാ. എം. സി. ജോർജ് തരകൻ 80 നിര്യാതനായി. സംസ്ക്കാരം ഡിസം. 2–ന് അങ്ങാടിക്കൽ സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയിൽ നടന്നു. ഓമല്ലൂർ പകലോമറ്റം വടക്കേടത്ത് കുടുംബാംഗമാണ്. തിരുവനന്തപുരം, തുമ്പമൺ ഭദ്രാസനങ്ങളിലെ വിവിധ ഇടവകകളിൽ സേവനമനുഷിഠിച്ചു.

## 3RD DEATH ANNIVERSARY
## 13-12-2010



# V. M. VARKEY

**KOCHUKIZHAKKETHIL**
**PRASAD COTTAGE**
**ANGADICAL,**
**CHENGENNUR**

Inserted by:
Sorrowing Family

# അഖില മലങ്കര മർത്തമറിയം സമാജം
# ഒരുക്കുന്ന
# ജറുശലേം യാത്ര



## 80 സമാജാംഗങ്ങൾക്ക് കൂപ്പൺ പിരിവിലൂടെ സബ്സിഡി നൽകുന്നു

അഖില മലങ്കര മർത്തമറിയം സമാജത്തിന്റെ "അഷ്ടദശതി" (80-ാം വാർഷികം) വർഷാചരണത്തിന്റെ ഭാഗമായി പ്രസിഡന്റ് അഭി. ഡോ. സഖറിയ മാർ തെയോഫിലോസ് തിരുമേനിയുടെ നേതൃത്വത്തിൽ യേശുക്രിസ്തുവിന്റെ ജനന-മരണ സംഭവങ്ങൾക്ക് സാക്ഷ്യം വഹിച്ച വിശുദ്ധനാട് സന്ദർശിക്കുവാൻ വിശ്വാസികൾക്ക് അവസരം ഒരുക്കുന്നു.

- അഭി. തിരുമേനിമാർ, വൈദീകർ, കന്യാസ്ത്രീകൾ എന്നിവർ യാത്രയ്ക്ക് ആത്മീയ നേതൃത്വം നൽകുന്നു.
- ബേദ്‌ലഹേം പള്ളിയിൽ വി. കുർബ്ബാന.
- ഉന്നത നിലവാരമുള്ള ഹോട്ടലുകളിൽ താമസസൗകര്യവും, മികച്ച ഭക്ഷണവും.

***2011-ൽ ഫെബ്രു. 24, ഏപ്രിൽ 25, മെയ് 10***



നവാഭിഷിക്ത തിരുമേനിമാർ മർക്കോസിന്റെ മാളികയിൽ

*Contact:-*

**H.G. Dr. Zacharia Mar Theophilos (President) Ph: 9447661438**
**Fr. John Sankarathil, (Samajam Vice President)**
**Accamma Paul (General Secretary)**
**Ph: 9847478894, 0481-2582518, 2571840**
**e-mail: sankarathilachen@gmail.com**
**web: www.biblicaldiscoverytours.com**

